www.malankaralibrary.com

# പാദമുദ്രകൾ

കാലം മായ്ക്കാത്ത ചുവടുവയ്പ്പുകൾ...



**മലങ്കര കാതലിക് യൂത്ത് മൂവ്മെന്റ്**

പത്തനംതിട്ട ഭദ്രാസനം

www.malankaralibrary.com

# മലങ്കര കാത്തലിക് യൂത്ത് മൂവ്മെന്റ്

## പത്തനംതിട്ട ഭദ്രാസനം

## ഭദ്രാസന സമിതി 2022-23

രക്ഷാധികാരി



മോസ്റ്റ് റവ. സാമുവേൽ മാർ ഐറേനിയോസ്

സഹരക്ഷാധികാരി



മോൺ. വർഗ്ഗീസ് മാത്യു കാലായിൽ വടക്കേതിൽ

ഡയറക്ടർ



റവ.ഫാ. ജോബ് പതാലിൽ

അസി. ഡയറക്ടർ



റവ.ഫാ. സ്കോട്ട് സ്ലീബാ പുളിമൂടൻ

സിസ്റ്റർ ആനിമേറ്റർ



സിസ്റ്റർ ജൊവാൻ SIC

പ്രസിഡന്റ്



അജോഷ് എം. തോമസ്

ജനറൽ സെക്രട്ടറി



ബിബിൻ എബ്രഹാം

ട്രഷറാർ



ലിജോ ഫിലിപ്പ്

വൈസ് പ്രസിഡന്റ്



അലീന ജോസഫ്

വൈസ് പ്രസിഡന്റ്



ജിജോ സി. വൈ.

സെക്രട്ടറി



ജിറ്റി കെ. എബ്രഹാം

സെക്രട്ടറി



ലിബിൻ സി. മാത്യു

സഭാതല സിൻഡിക്കേറ്റ്



സുബിൻ തോമസ്

സഭാതല സിൻഡിക്കേറ്റ്



അക്സാ രാജൻ

KCYM സിൻഡിക്കേറ്റ്



ലിനു വി. ഡേവിഡ്

KCYM സിൻഡിക്കേറ്റ്



ജിഷ ജോസ്

എക്സ് ഒഫീഷ്യൽ



ജിഫിൻ സാം

www.malankaralibrary.com

# മലങ്കര കാതലിക് യൂത്ത് മൂവ്മെന്റ്
## പത്തനംതിട്ട ഭദ്രാസനം



# പാദ മുദ്രകൾ

*കാലം മായ്ക്കാത്ത ചുവടുവയ്പ്പുകൾ...*


**2022-2023 ഭദ്രാസന സമിതിയുടെ പ്രവർത്തനങ്ങളുടെ
അവലോകനം ഉൾപ്പെടുത്തി പുറത്തിറക്കിയ പുസ്തകം**

*എം.സി.വൈ.എം പ്രവർത്തനങ്ങൾക്ക് നൽകുന്ന നിർലോഭമായ
പിന്തുണയ്ക്കും പ്രോത്സാഹനത്തിനും സ്നേഹപൂർവ്വം നന്ദി...*


Printed and Published By
Malankara Catholic Youth Movement Pathanamthitta Diocese
2022-2023 Office - Bearers

Upasana Pastoral Centre
Omalloor P. O pathanamthitta Dist, Kerala, 689647
**mcymptadiocese@gmail.com**
**facebook.com/mcymptadiocese instagram.com/mcymptadiocese**
Date of Publishing : 13-01-2024

www.malankaralibrary.com



www.malankaralibrary.com



# ഇടയവചസ്സ്

2022-2023ൽ പത്തനംതിട്ട രൂപതയിലെ എം.സി.വൈ.എം. രൂപത ഭാരവാഹികളെ അഭിനന്ദിച്ചുകൊണ്ടും അവരുടെ പ്രവർത്തനങ്ങളെ കൃതജ്ഞതയോടുകൂടി അവതരിപ്പിച്ചുകൊണ്ടും തയ്യാറാക്കിയ **'പാദമുദ്രകൾ'** എന്ന ലഘു പ്രസിദ്ധീകരണത്തിന് ആശംസകൾ അറിയിക്കുന്നതിൽ എനിക്ക് സന്തോഷമുണ്ട്. സഭയോട് ചേർന്ന് ദൈവഹിതപ്രകാരം വിവിധ പ്രവർത്തനങ്ങൾ ക്രോഡീകരിക്കുന്നതിനും ഫലപ്രദമായി യുവജനസഭയെ ശക്തിപ്പെടുത്തുന്നതിന് നേതൃത്വം നൽകിയ എല്ലാ ഭാരവാഹികളെയും അഭിനന്ദിക്കുന്നു.

യുവജനങ്ങൾ സഭയുടെ ഭാവി മാത്രമല്ല; അവർ സഭയുടെ ഇന്ന് ആണ്. അവർക്ക് സഭയ്ക്കും സമൂഹത്തിനും ഏറെ സംഭാവന ചെയ്യാനുണ്ട്. സഭയിൽ യുവാജനങ്ങളുടെ പങ്ക് വൈവിധ്യപൂർണ്ണവും ചലനാത്മകവുമാണ്. അവർ ആത്മീയവും സാമൂഹികവും സേവനാധിഷ്ഠിതവുമായ വിവിധ രംഗങ്ങളിൽ അനന്യമായ പ്രവർത്തനങ്ങൾ രേഖപെടുത്തുന്നു. വി. ജോൺ പോൾ രണ്ടാമൻ മാർപാപ്പ 1993-ൽ ഡെൻവറിൽ നടന്ന എട്ടാമത്തെ ലോക യുവജനദിന ആഘോഷത്തിൽ യുവാക്കളെ അഭിസംബോധന ചെയ്തുകൊണ്ട് പറഞ്ഞ വാക്കുകൾ ശ്രദ്ധേയമാണ്: നീതിയുടെയും സ്നേഹത്തിന്റെയും ഒരു സംസ്കാരം സൃഷ്ടിക്കുന്നതിനും ജീവന്റെ സുവിശേഷം സമൂഹത്തിന്റെ ഘടനയിലേക്ക് കടന്നുകയറാനും ഹൃദയങ്ങളെ പരിവർത്തനം ചെയ്യാനും സഭയ്ക്ക് നിങ്ങളുടെ ഊർജ്ജവും നിങ്ങളുടെ ഉത്സാഹവും യുവത്വ ആദർശങ്ങളും ആവശ്യമാണ്.

അവസരോചിതമായ പദ്ധതികൾ കണ്ടെത്തുന്നതിനും ആസൂത്രണം ചെയുന്നതിനും രൂപതാഭാരവാഹികൾ പ്രകടമാക്കിയ ധൈര്യവും ആത്മവിശ്വാസവും വിസ്മരിക്കാനാവില്ല. അവരുടെ അധ്വാനവും ആത്മസമർപ്പണവും ഈ അവസരത്തിൽ നന്ദിയോടെ ഓർക്കാം. തുടർന്നുള്ള എം.സി.വൈ.എം പ്രവർത്തനങ്ങൾക്കും അതിന് നേതൃത്വം നൽകുന്ന ഭാരവാഹികൾക്കും ഇത് പ്രചോദനമാകട്ടെ. ഈ പ്രസ്ഥാനത്തിന് നേതൃത്വം നൽകുന്ന ഡയറക്ടർ സ്കറിയ പതാലിൽ അച്ചനെയും പിൻബലം നൽകുന്ന ആനിമേറ്റേഴ്സിനെയും പ്രത്യേകം നന്ദി അറിയിക്കുന്നു. എം.സി.വൈ.എം-ന്റെ സ്വർഗീയ മധ്യസ്ഥനായ വിശുദ്ധ ഫ്രാൻസിസ് അസീസിയുടെ മാധ്യസ്ഥത്തിൽ നിങ്ങളെ സമർപ്പിക്കുന്നു. സർവ്വശക്തനായ ദൈവം സമൃദ്ധമായി നിങ്ങളെ അനുഗ്രഹിക്കട്ടെ!
കർത്താവിൽ നിങ്ങളുടെ വത്സലപിതാവ്,

**ഡോ. സാമുവേൽ മാർ ഐറേനിയോസ്**
പത്തനംതിട്ട രൂപതാദ്ധ്യക്ഷൻ

www.malankaralibrary.com

# ഇനിയൊന്ന് തിരികെ നടക്കണം....



"ഇനിയൊന്ന് തിരികെ നടക്കണം....
വന്ന വഴി ഓർത്തോർത്ത് പോകണം....
മുള്ള് പതിച്ചോരാ വേവിന്റെ ചൂടുള്ള
പെരുവഴിയിലൂടെ തിരിക്കണം
കണ്ടതെല്ലാം ഒന്ന് കാണണം
കണ്ടതിൽ വാസ്തവം എന്തെന്നറിയണം
ആരാണ് നേരെന്നറിയണം.
നേരിന്റെ വിലയറിഞ്ഞൊരുവാക്കുരയ്ക്കണം."

2022-23 പ്രവർത്തന വർഷം പൂർത്തിയാക്കിയ പുതിയ പ്രവർത്തന വർഷത്തിനായി കാത്തിരിക്കുമ്പോൾ എം.സി.വൈ.എം. പ്രസ്ഥാനത്തിന് നേതൃത്വം നൽകിയ യുവജന നേതാക്കന്മാരെ നന്ദിയോടെ ഓർക്കുന്നു. ഈ പ്രവർത്തന വർഷത്തിൽ യുവത്വം ക്രിസ്തുവിൽ ആഘോഷമാക്കുന്നത് കാണുവാൻ കഴിഞ്ഞു. ലഭിച്ച അവസരങ്ങളെ നല്ല രീതിയിൽ പ്രയോജനപ്പെടുത്തുവാൻ ഇവർക്ക് സാധിച്ചു. ചടുലമായ പ്രവർത്തനങ്ങൾ ധീരമായ വാക്കുകൾ സൂക്ഷ്മമായ വിശകലനങ്ങൾ നേര് അറിയാനുള്ള വഴിയറിയാനുള്ള ജീവനെ നേടുവാനുള്ള യാത്ര. തനിക്ക് വേണ്ടി മാത്രമല്ലാതെ അനേകർക്ക് അനുഗ്രഹവും ശുശ്രൂഷകരാകുവാൻ യുവജനങ്ങൾ ശ്രദ്ധിച്ചു എന്നത് ഒത്തിരി സന്തോഷവും ചാരിതാർത്ഥ്യവും നൽകുന്ന ഒന്നാണ്. ഒപ്പമായിരുന്ന എല്ലാ യുവജന നേതാക്കന്മാരെയും നന്ദിയോടെ ഓർക്കുന്നു. എല്ലാ ഭാവുകങ്ങളും ദൈവാനുഗ്രഹവും ആശംസിക്കുന്നു. കാലത്തിന് പുത്തൻ ചുവട് നൽകുവാൻ **'പാദമുദ്രകൾ'** എന്ന ഈ പ്രസിദ്ധീകരണത്തിന് കഴിയട്ടെ എന്ന് ആശംസിക്കുന്നു

സ്നേഹപൂർവ്വം
***ജോബച്ചൻ***
(ഭദ്രാസന ഡയറക്ടർ)

www.malankaralibrary.com

## അദ്ധ്യക്ഷ വചസ്സ്

# പിന്നിട്ട വഴികളിലൂടെ...



**അജോഷ് എം. തോമസ്**
(ഭദ്രാസന പ്രസിഡന്റ്)

"അൽപ കാര്യങ്ങളിൽ വിശ്വസ്തനായിരിക്കുന്നതിനാൽ അനേക കാര്യങ്ങൾ നിന്നെ ഞാൻ ഭരമേൽപ്പിക്കും." (മത്തായി 25:23)

പത്തനംതിട്ട ഭദ്രാസനത്തിലെ യുവജന സഭ അതിന്റെ പ്രവർത്തന പന്ഥാവിൽ മുന്നേറുകയാണ്. കോവിഡാനന്തര കാലഘട്ടം എന്നു പറയുന്നത് തന്നെ വെല്ലുവികളുടെ ഒരു ഘോഷയാത്ര ആണ്. മുൻ ശീലങ്ങളെ ഉപേക്ഷിച്ചു നവീന ശീലങ്ങൾ ജീവിതത്തിൽ പ്രാവർത്തികമാക്കുവാൻ സമൂഹം ശീലിച്ചിരിക്കുന്നു. ആ കാലഘട്ടത്തിലാണ് പത്തനംതിട്ട ഭദ്രാസനത്തിലെ യുവജന ശുശ്രൂഷ നേതൃത്വം ഏറ്റെടുക്കുന്നത്. യുവജങ്ങളെ ഒത്തൊരുമിപ്പിച്ച് കൊണ്ടു പോവുക എന്ന വെല്ലുവിളി തമ്പുരാന്റെ കൃപയാൽ ഏറ്റെടുത്തു ഒരു പരിധിവരെ വിജയിപ്പിക്കുവൻ കഴിഞ്ഞു എന്നത് എന്നും മനസിൽ സൂക്ഷിക്കാൻ പറ്റിയ ഒരു പിടി ഓർമ്മകളാണ്.

### പ്രവർത്തന വീഥിയിലേക്ക് തിരിഞ്ഞുനോട്ടം...

ആദ്യ പരിപാടി കൺസീലിയോ കുമ്പഴ ദേവാലയത്തിൽ വെച്ചു നടത്തപ്പെട്ടു. അതിൽ പത്തനംതിട്ട ഭദ്രാസനത്തിനു വേണ്ടി പൗരോഹിത്യം സ്വീകരിച്ച വൈദികരെ ആദരിക്കുകയും യുവജന സിനഡ് നടത്തപ്പെടുകയും ചെയ്തു. മലയോര മേഖലയെ ബാധിക്കുന്ന ബഫർ സോൺ വിഷയത്തിൽ 1000 ൽ പരം ജനങ്ങളെ അണിനിരത്തി പ്രക്ഷോഭം സംഘടിപ്പിച്ചു. കോന്നി കൃഷിഭവൻ വൃത്തിയാക്കി പരിസ്ഥിതി ദിനാഘോഷം സംഘടിപ്പിച്ചു. ലഹരി വിരുദ്ധ സന്ദേശം നൽകി കുളനടയിൽ നിന്നു പന്തളത്തേക്ക് നടത്തിയ കൂട്ടയോട്ടം പുതിയ ആശയം ആയിരുന്നു.
പുനരൈക്യ വാർഷികം തിരുവല്ലയിൽ വെച്ചു നടത്തപ്പെട്ടപ്പോൾ 130 ൽ പരം യുവജനങ്ങളെ പങ്കെടുപ്പിക്കുവൻ കഴിഞ്ഞു. എലൈൻ, EPIC 2K23 തുടങ്ങിയ യുവജന സംഗമങ്ങളിൽ 500 ൽ പരം യുവജന പങ്കാളിത്തം ഉണ്ടായിരുന്നു. മാർ ഇവാനിയോസ് ക്വിസ്, സമസ്യ എന്നിവ മുൻകാലങ്ങളെ അപേക്ഷിച്ചു വ്യത്യസ്തവും നവീനവുമായ രീതിയിൽ സംഘടിപ്പിക്കുവാൻ കഴിഞ്ഞു. കോവിഡ് മൂലം മാറ്റി വെച്ച തൂലിക, യുവോത്സവം എന്നിവ പൂർവാധികം മനോഹരമായി ആധുനിക സാങ്കേതിക വിദ്യയുടെ സഹായത്താൽ സംഘടിപ്പിക്കുവൻ കഴിഞ്ഞു. മത്സര ഫലങ്ങളും ക്രമീകരണങ്ങളും നന്നായി തന്നെ ചെയ്യുവാൻ കഴിഞ്ഞു.

### ഹെസദ് 2022...

എക്കാലവും ഓർമ്മയിൽ സൂക്ഷിക്കുവാൻ തക്കവിധം നടത്തപ്പെട്ട പരിപാടികളിൽ ഒന്നായിരുന്നു ഹെസദ്. ചുരുങ്ങിയ സമയത്തിൽ 1500 ൽ പരം യുവജനങ്ങളെ ഉൾക്കൊള്ളിക്കുവാൻ വിധം ക്രമീകരണങ്ങൾ ചെയ്യുവാൻ സാധിച്ചു. ആനന്ദപ്പള്ളിയിൽ നടത്തപ്പെട്ട ഹെസദ് 2022 ന് യുവജന സഭ നൽകിയ പിന്തുണ വിസ്മരിക്കാൻ കഴിയാത്തത് ആണ്.

### തീർത്ഥാടന പദയാത്ര 2023...

ദൈവദാസൻ മാർ ഇവാനിയോസ് പിതാവിന്റെ കബറിങ്കലേക്ക് ഉള്ള പദയാത്ര കോവിഡ് മൂലം മാറ്റി വെച്ചിരിക്കുകയായിരുന്നു. വീണ്ടും ആരംഭിക്കുന്നു എന്നു അറിയിപ്പ് ലഭിച്ചപ്പോൾ വലിയൊരു ഭയമായിരുന്നു. എന്നാൽ യാതൊരു പരാതികൾക്കും ഇടവരാതെ ഏറ്റം നന്നായി തന്നെ ക്രമീകരിക്കുവൻ സാധിച്ചു. മുൻ കാലങ്ങളിൽ ഏറ്റവും ശ്രമകരമായ ഒന്നായിരുന്നു ബാഗ് ക്രമീകരണങ്ങൾ. എന്നാൽ ഈ വർഷം പുതിയ ആശയങ്ങൾ ഉൾകൊള്ളിച്ചു ചെയ്തത് മൂലം യാതൊരു പരാതികൾക്കും അത് ഇടവരുത്തിയില്ല.

### ചാരിറ്റി പ്രവർത്തനങ്ങൾ...

ഈ സമിതിയുടെ 2 പ്രവർത്തന വർഷക്കാലവും മിച്ചം പിടിച്ച തുക ജീവകാരുണ്യ പ്രവർത്തനങ്ങളിൽ ഉപയോഗിക്കാൻ കഴിഞ്ഞു. ഒറീസ മിഷൻ, ഭദ്രാസനത്തിലെ വിവിധ കാരുണ്യ ഭവനങ്ങൾ, സഹായം ആവശ്യമായ മറ്റു സഹോദരങ്ങൾ എന്നിവർക്കായി ഏകദേശം ഒരു ലക്ഷം രൂപയിൽ പരം സഹായം നൽകാൻ കഴിഞ്ഞു.

www.malankaralibrary.com

## യുവജന സഭ ഭദ്രാസന പ്രവർത്തനങ്ങളിൽ...

പത്തനംതിട്ട ഭദ്രാസനത്തിന്റെ ഏത് ആവശ്യങ്ങൾക്കും ഓടി എത്താൻ യുവജനങ്ങൾക്ക് കഴിഞ്ഞു എന്നത് അഭിമാനത്തോടെ പറയുവാൻ കഴിയുന്ന ഒന്നാണ്. സാന്തോം ഭവനപദ്ധതിക്കു വേണ്ട കിറ്റ് പായ്ക്ക് ചെയ്യുവാനും ഭദ്രാസന കൺവൻഷന്റെ അവശ്യത്തിലേക്കും തുടങ്ങി എല്ലാ പ്രവർത്തനങ്ങളിലും പത്തനംതിട്ടയിലെ യുവജനങ്ങൾ ഉണ്ടായിരുന്നു.

## യുവജന സഭ നവമാധ്യമങ്ങളിൽ...

ഇന്ന് യുവജനങ്ങളെ സ്വാധീനിക്കുന്ന നവമാധ്യമങ്ങളിൽ ഏറെ പ്രശംസനീയമായ വിധത്തിൽ ഭദ്രാസന സമിതി ഇടപെട്ടിരുന്നു. ഫേസ്ബുക്ക്, ഇൻസ്റ്റാഗ്രാം, വാട്ട്സാപ്പ് തുടങ്ങി എല്ലാ നവമാധ്യമങ്ങളിലും യുവജനസഭ സാന്നിധ്യം അറിയിച്ചു. സാങ്കേതിക വിദ്യയുടെ സഹായത്താൽ അഭിനന്ദനങ്ങൾ, അനുസ്മരണകൾ, വാർത്തകൾ, മത്സര ഫലങ്ങൾ എന്നിവ പ്രസിദ്ധീകരിക്കുവാൻ സാധിച്ചു.

## പത്രമാധ്യമങ്ങളിൽ...

എം.സി.വൈ.എം പത്തനംതിട്ട ഭദ്രാസനത്തിന്റെ പ്രവർത്തന വാർത്തകൾ പ്രസിദ്ധീകരിക്കുന്ന മനോരമ, ദീപിക എന്നീ പത്രങ്ങൾക്ക് നന്ദി. അതുപോലെ എല്ലാ വാർത്തകളും ചിട്ടയായി പ്രസിദ്ധീകരിക്കുന്ന പത്തനംതിട്ട ഭദ്രാസന മാസികൾ സാന്തോം വോയ്സിനോടും സഭാതല പ്രസിദ്ധീകരണം യുവചേതനയോടുമുള്ള നന്ദി അറിയിക്കുന്നു.

## എം.സി.വൈ.എം ഭരണഘടന...

2011 ൽ നിലവിൽ വന്ന ഭരണഘടന കാലോചിതമായ മാറ്റം വരുത്തി പുനപ്രസിദ്ധീകരിക്കുവാൻ കഴിഞ്ഞത് ഈ സമയം അഭിമാനത്തോടെ ഓർക്കുന്നു.

## വൈദീക ജില്ലകൾ...

ഭദ്രാസന സമിതിക്ക് ഒന്നും തന്നെ ഒറ്റയ്ക്ക് ചെയ്യാൻ കഴിയില്ല 5 വൈദീക ജില്ലകളും നൽകിയ നിർലോഭമായ പിന്തുണ നന്ദിയോടെ ഓർക്കുന്നു. 5 വൈദീക ജില്ലയിലെയും ഡയറക്ടർ അച്ചന്മാരെയും ആനിമേറ്റേഴ്സ് സിസ്റ്റേഴ്സിനേയും സമിതി അംഗങ്ങളേയും നന്ദിയോടെ ഓർക്കുന്നു.

## യൂണിറ്റുകൾ...

ഭദ്രാസന സമിതിയുടെ പ്രവർത്തനങ്ങൾക്ക് വേണ്ടി ഓടിയെത്തുന്ന 100 യൂണിറ്റിലെയും യുവജന സുഹൃത്തുക്കൾ ഭദ്രാസന പരിപാടികൾ ഏറ്റെടുത്ത യൂണിറ്റുകൾ എന്നിവരെയും നന്ദിയോടെ ഓർക്കുന്നു.

## നന്ദിയോടെ...


ഒറ്റയ്ക്ക് ഒരാൾക്ക് ഒന്നും ചെയ്യാൻ കഴിയില്ല, അതിനു കൂട്ടായ്മ വേണം. ഭദ്രാസന സമിതി പ്രവർത്തനങ്ങൾക്ക് പ്രാർത്ഥനയിലൂടെയും പ്രവർത്തനതിലൂടെയും പിന്തുണ നൽകിയ അഭിവന്ദ്യ ഐറേനിയോസ് പിതാവിനെ നന്ദിയോടെ ഓർക്കുന്നു. മുൻ വികാരി ജനറൽ ഡോ.ഷാജി മാണികുളം അച്ചനോടും ഇപ്പോഴത്തെ വികാരി ജനറൽ മോൺ വർഗീസ് മാത്യു കാലായിൽ വടക്കേതിൽ അച്ചനോടും ഹൃദയപൂർവം നന്ദി ഓർക്കുന്നു. എല്ലാ കാലവും പിന്തുണ നൽകി കൂടെ ഉണ്ടായിരുന്ന ഡയറക്ടർ ജോബ് അച്ചൻ എത്ര നന്ദി പറഞ്ഞാലും മതിയാകില്ല. ഈ സമിതിക്ക് നൽകിയ കരുതലിനും പിന്തുണക്കും നന്ദി അറിയിക്കുന്നു. അസിസ്റ്റന്റ് ഡയറക്ടർ സ്കോട്ട് അച്ചൻ, മുൻ സിസ്റ്റർ അനിമേറ്റർ സി. ഹൃദ്യ എസ്.ഐ.സി, നിലവിലെ സിസ്റ്റർ അനിമേറ്റർ സി. ജൊവാൻ എസ്.ഐ.സി എന്നിവരെ നന്ദിയോടെ ഓർക്കുന്നു.

ഇടവും വലവും ആയിരുന്നു കരുത്തു നൽകിയ ഭദ്രാസനാ ജനറൽ സെക്രട്ടറി ബിബിൻ ഏബ്രഹാം ട്രഷറർ ലിജോ ഫിലിപ്പ് മറ്റു ഭദ്രാസന സമിതി അംഗങ്ങൾ, വേണ്ട നിർദ്ദേശങ്ങൾ നൽകി സഹായിച്ച മുൻ പ്രസിഡന്റ് ജിഫിൻ സാം എന്നിവരേയും നന്ദിയോടെ ഓർക്കുന്നു.

മനുഷ്യന് അസാധ്യമായത് ദൈവത്തിന് സാധ്യമാണ്. കഴിഞ്ഞ രണ്ടു വർഷക്കാലം ബാലഹീനനായ എന്നെ അതിനു വേണ്ട ഉപകരണമായി തമ്പുരാൻ എന്നെ മാറ്റി. എന്റെ കഴിവോ കൂടെഉള്ളവരുടെ ശക്തിയോ ആയിരുന്നില്ല തമ്പുരാന്റെ നടത്തിപ്പാണ് കഴിഞ്ഞ 2 വർഷക്കാലം കണ്ടത്.

കാലം മാറും വ്യക്തികൾ മാറും എന്നാൽ മാറ്റം ഇല്ലാതെ സഭയും എം.സി.വൈ.എം പ്രസ്ഥാനവും ഇവിടെ കാണും. കാരണം വ്യക്തിയല്ല പ്രസ്ഥാനമാണ് വലുത്. സ്ഥാനങ്ങൾ നൈമിഷികമാണ്. നാളിതുവരെ എനിക്കും എന്റെ സമിതിക്കും പിന്തുണ നൽകിയ എല്ലാവരെയും ഹൃദയത്തിൽ ചേർത്തു വെച്ചു അഭിവാദനം ചെയ്യുന്നു.

www.malankaralibrary.com





**ബിബിൻ എബ്രഹാം**
**അതിരുങ്കൽ**

ജനറൽ സെക്രട്ടറി, പത്തനംതിട്ട ഭദ്രാസനം

# വാർഷിക റിപ്പോർട്ട് 2022

*കർത്താവിനെ പ്രതി തടവുകാരനായിരിക്കുന്ന ഞാൻ നിങ്ങളോട് അപേക്ഷിക്കുന്നു നിങ്ങൾക്ക് ലഭിച്ച വിളിക്ക് യോഗ്യമായി ജീവിക്കുവിൻ (എഫേ -4:1)*

സഹയാത്രികയായ സഭയിൽ ദൈവീക വിളിക്ക് അനുസരിച്ച് ജീവിക്കുകയാണ് ഓരോ യുവാവിന്റെയും, യുവതിയുടെയും കടമ. സൂര്യ ശോഭയോടെ കത്തിപ്പടരുന്ന യൗവനം എന്ന കാലഘട്ടത്തിൽ നസ്രത്തിലെ 33 കാരന്റെ ജീവിത ദർശനങ്ങളെ സമൂഹത്തിൽ പക ർന്ന് നൽകുകയാണ് ഓരോ എം.സി.വൈ.എം. കാരന്റെയും ദൗത്യം. എം.സി.വൈ.എം പത്തനംതിട്ട ഭദ്രാസനത്തിന്റെ 2022 വർഷത്തെ കർമ്മ പരിപാടികൾ വിലയിരുത്തുമ്പോൾ തിരുരക്തം വഴി ഒരു നവ യുഗ പിറവിക്ക് നാന്ദി കുറിച്ച യേശുക്രിസ്തുവിലൂടെ യുവജനങ്ങൾ സാധിതമാക്കേണ്ട സമഗ്ര പരിവർത്തനത്തെയും, പുനരൈക്യത്തിലൂടെ മലങ്കര സുറിയാനി കത്തോലിക്ക സഭയ്ക്ക് അനുഭവവേദ്യമായ ശാന്തി യും സമാധാനവും സഭേതര സമൂഹങ്ങൾക്ക് പകർന്നു നൽകാനുള്ള ദൗത്യത്തെയും, കാതോലികവും ശ്ലൈഹികവും വിശുദ്ധവും ഏക വുമായ സത്യസഭയുടെ കൂട്ടായ്മ അനുഭവത്തെയും പ്രവർത്തന പ ന്ഥാവിൽ എത്തിക്കുവാനുള്ള കർമ്മപരിപാടികൾ ആണ് ആസൂത്രണം ചെയ്തത്. എം.സി.വൈ.എം പത്തനംതിട്ട ഭദ്രാസനത്തിന്റെ 2022 പ്ര വർത്തന വർഷത്തെ വാർഷിക റിപ്പോർട്ട്

## ബൗദ്ധികം

'യുവജനങ്ങളുടെ സമഗ്ര വികസന പരിപാടികളും, പ്ര സ്ഥാനത്തിന്റെ വളർച്ചക്കാവശ്യമായ പൊതുപരിപാടികളും ഉൾ കൊള്ളുന്ന പ്രവർത്തന മേഖല'

എം.സി.വൈ.എം പത്തനംതിട്ട ഭദ്രാസനത്തിന്റെ 2021 വർഷ ത്തെ വാർഷിക സെനറ്റും, 2022 - 23 വർഷത്തെ ഭരണസമിതി തെരഞ്ഞെ ടുപ്പും 26 - 12 - 2021 ഞായറാഴ്ച രാവിലെ 8:00 മണി മുതൽ ഊട്ടുപ്പാറ സെന്റ് മേരീസ് മലങ്കര കത്തോലിക്കാ ദൈവാലയത്തിൽ വച്ച് നട ത്തപ്പെട്ടു. വിശുദ്ധ കുർബാനയോടെ ആരംഭിച്ച സെനറ്റ് സമ്മേളനം പത്തനംതിട്ട ഭദ്രാസനത്തിന്റെ മുഖ്യവികാരി ജനറാൾ മോൺ. ഡോ. ഷാജി മാണികുളം ഉദ്ഘാടനം ചെയ്തു. യുവജനസഭ ഭദ്രാസന പ്ര സിഡന്റ് ജിഫിൻ സാം അദ്ധ്യക്ഷത വഹിച്ച സെനറ്റ് സമ്മേളനത്തിൽ 5 വൈദിക ജില്ലയുടെ ഭാരവാഹികൾ, വൈദിക ജില്ലാ പ്രവർത്തനങ്ങൾ അവതരിപ്പിച്ചു. തുടർന്ന് ഭദ്രാസനത്തിന്റെ ഒരുവർഷത്തെ റിപ്പോർട്ടും കണക്കും അവതരിപ്പിച്ച് പാസാക്കി. തുടർന്ന് ഭദ്രാസന ഡയറക്ടർ റവ. ഫാ. എബ്രഹാം മേപ്പുറത്ത് മുഖ്യ വരണാധികാരിയായി 2022 - 23 വർഷത്തെ തെരഞ്ഞെടുപ്പ് നടത്തി. പ്രസ്തുത സെനറ്റ് സമ്മേളത്തിൽ പുതിയ നേതൃനിരയിലേക്ക്...

| | |
|---|---|
| പ്രസിഡന്റ് | **അജോഷ് എം. തോമസ്**<br>കടമ്മനിട്ട, പത്തനംതിട്ട വൈദിക ജില്ല |
| വൈസ് പ്രസിഡന്റ് | **അലീന ജോസഫ്**<br>തട്ട, പന്തളം വൈദിക ജില്ല<br>**ജിജോ സി.വൈ.**<br>ചിറ്റാർ, സീതത്തോട് വൈദിക ജില്ല |
| ജനറൽ സെക്രട്ടറി | **ബിബിൻ എബ്രഹാം**<br>അതിരുങ്കൽ കോന്നി വൈദിക ജില്ല |
| സെക്രട്ടറി | **ജിറ്റി കെ. എബ്രഹാം**<br>വയ്യാറ്റുപുഴ, സീതത്തോട് വൈദിക ജില്ല.<br>**ആശംസ് മാത്യു**<br>തോന്ന്യാമല, പത്തനംതിട്ട വൈദിക ജില്ല.<br>**ആൽബി കെ ഷോജി**<br>തട്ട, പന്തളം വൈദിക ജില്ല. |
| ട്രഷറർ | **ലിജോ ഫിലിപ്പ്**<br>കിഴവള്ളൂർ, കോന്നി വൈദിക ജില്ല. |
| സഭാതല സിൻഡിക്കേറ്റ് | **സുബിൻ തോമസ്**<br>തണ്ണിത്തോട്, സീതത്തോട് വൈദിക ജില്ല.<br>**സുസ്മി അന്ന തോമസ്**<br>കാർമല, കോന്നി വൈദിക ജില്ല. |
| കെ.സി.വൈ.എം സിൻഡിക്കേറ്റ് | **ലിനു വി. ഡേവിഡ്**<br>കരിമാൻതോട്, സീതത്തോട് വൈദിക ജില്ല.<br>**ജിഷ ജോസ്**<br>പ്രക്കാനം, പത്തനംതിട്ട വൈദിക ജില്ല. |
| കെ.സി.വൈ.എം സെനറ്റ് | **സിറിൽ വർഗ്ഗീസ്**<br>ഊട്ടുപ്പാറ, കോന്നി വൈദിക ജില്ല.<br>**ഷിൻസി മറിയം**<br>കുമ്പഴ, റാന്നി പെരുനാട് വൈദിക ജില്ല. |
| എക്സ് ഒഫീഷോ | **ജിഫിൻ സാം**<br>മൈലപ്ര, റാന്നി പെരുനാട് വൈദിക ജില്ല. |

എന്നിവരെ തിരഞ്ഞെടുത്തു ഭദ്രാസനസെനറ്റ് സമ്മേളനത്തിന് ആതിഥേയതമരുളി മികവാർന്ന ക്രമീകരണങ്ങൾ കൊണ്ട് മികച്ചതാക്കി തീർത്ത ഊട്ടുപ്പാറ യൂണിറ്റിനെയും, സാന്നിധ്യം കൊണ്ട് ധന്യമാക്കിയ വൈദീക ശ്രേഷ്ഠരെയും, വന്ദ്യ സിസ്റ്റേഴ്സിനെയും, യുവജന നേതാ ക്കന്മാരെയും നന്ദിയോടെ ഭദ്രാസന സമിതി ഓർക്കുന്നു.

www.malankaralibrary.com

## സത്യപ്രതിജ്ഞ

(27.12.2021 അരമന)

2022 – 23 എം.സി.വൈ.എം പത്തനംതിട്ട ഭദ്രാസന സമിതി 27-12-2021 തിങ്കളാഴ്ച ഭദ്രാസന അദ്ധ്യക്ഷൻ അഭിവന്ദ്യ. സാമുവേൽ മാർ ഐറേനിയോസ് മെത്രാപ്പോലീത്തായുടെ മുമ്പാകെ സത്യപ്രതിജ്ഞ ചെയ്ത് അധികാരമേറ്റു. അഭിവന്ദ്യ യൂഹാനോൻ മാർ ക്രിസോസ്റ്റം മെത്രാപ്പോലീത്ത, മോൺ. ഡോ. ഷാജി മാണികുളം, റവ. ഫാ. എബ്രഹാം മേപ്പുറത്ത്, റവ. ഫാ. തോമസ് പൗവ്വത്ത് എന്നിവർ സാന്നിധ്യം കൊണ്ട് പ്രസ്തുത ചടങ്ങിനെ ധന്യമാക്കി.

## യുവജന സഭയുടെ ആത്മീയ നേതൃത്വത്തിലേക്ക് ജോബ് അച്ചൻ (റവ. ഫാ. സ്കറിയ പതാലിൽ)

(06.01.2022 അരമന)

എം.സി.വൈ.എം പത്തനംതിട്ട ഭദ്രാസനത്തിന്റെ ഡയറക്ടറായി റവ. ഫാ. സ്കറിയ പതാലിൽ 6-01-2022 ൽ പത്തനംതിട്ട അരമനയിൽ നടന്ന ചടങ്ങിൽ ചുമതലയേറ്റു. എം.സി.വൈ.എം പത്തനംതിട്ട ഭദ്രാസന പ്രസിഡന്റ് അജോഷ് എം തോമസ് അധ്യക്ഷത വഹിച്ച ചടങ്ങ് പത്തനംതിട്ട ഭദ്രാസന അദ്ധ്യക്ഷൻ അഭിവന്ദ്യ. സാമുവേൽ മാർ ഐറേനിയോസ് മെത്രാപ്പോലീത്ത ഉദ്ഘാടനം ചെയ്തു. എം.സി.വൈ.എം ഭദ്രാസന കുടുംബത്തെ കഴിഞ്ഞ രണ്ട് വർഷക്കാലം കരുതലോടെ ഒപ്പമായിരുന്നു നയിച്ച റവ. ഫാ. എബ്രഹാം മേപ്പുറത്തിന് യാത്രമംഗളങ്ങളും പ്രസ്തുത ചടങ്ങിൽ വച്ച് യുവജന നേതാക്കന്മാർ നൽകി. യുവജന സഭയുടെ പുതിയ ഡയറക്ടറുടെ സ്ഥാനമേൽക്കൽ ചടങ്ങിൽ വൈദീക ജില്ലാ ഡയറക്ടർ അച്ചന്മാരും, ഭദ്രാസന – ജില്ലാ യുവജന നേതാക്കന്മാരും പങ്കെടുത്തു.

## എം.സി.വൈ.എം ഓഫീസ് കൂദാശ

(16.01.2022 ഉപാസന)

ഓമല്ലൂർ ഉപാസന പാസ്റ്ററൽ സെന്ററിൽ എം.സി.വൈ.എം ഭദ്രാസന സമിതിയുടെ പ്രവർത്തനങ്ങൾക്ക് അനുവദിച്ചു നൽകിയ ഓഫീസിന്റെ കൂദാശ 16-01- 2022 ൽ നടത്തപ്പെട്ടു. ഭദ്രാസന ഡയറക്ടർ റവ. ഫാ. സ്കറിയ പതാലിൽ കൂദാശ കർമ്മം നിർവഹിച്ചു.

## ഭദ്രാസന സ്ഥാപകദിനാഘോഷം ക്വിസ് മത്സരം

(30.01.2022, ഓൺലൈൻ)

ഭദ്രാസന സ്ഥാപനദിനാഘോഷത്തിന്റെ ഭാഗമായി നടത്തപ്പെട്ട ഭദ്രാസന ചരിത്ര ക്ലാസ് ആസ്പദമാക്കി 30-1-2022 എം.സി.വൈ.എം പത്തനംതിട്ട ഭദ്രാസനത്തിന്റെ നേതൃത്വത്തിൽ ഓൺലൈൻ ക്വിസ് മത്സരം സംഘടിപ്പിച്ചു. ഏകദേശം 70 ഓളം പേർ വിവിധ യൂണിറ്റുകളിൽ നിന്ന് നിന്ന് പങ്കെടുത്ത മത്സരത്തിൽ കാരയ്ക്കാട് യൂണിറ്റ് അംഗം മീതു എൽസ മാത്യു ഒന്നാം സ്ഥാനവും, മെഴുവേലി വെസ്റ്റ് യൂണിറ്റ് അംഗം ദിഖിൽ സാബു വർഗീസ് രണ്ടാം സ്ഥാനവും, ചുങ്കപ്പാറ യൂണിറ്റ് അംഗം ആൻഡ്രിയ മരിയ മാത്യു, ഇലന്തൂർ യൂണിറ്റ് അംഗം അലീന എലിസബത്ത് മാത്യു, എന്നിവർ മൂന്നാം സ്ഥാനവും കരസ്ഥമാക്കി. പ്രസ്തുത ഓൺലൈൻ ക്വിസ് മത്സരത്തിൽ പങ്കെടുത്തവരെയും, ക്രമീകരണങ്ങൾ ചെയ്തവരെയും ഈ അവസരത്തിൽ നന്ദിയോടെ ഓർക്കുന്നു.

## കേരളാ സഭാ നവീകരണം

(25.02.2022 പി.ഒ.സി)

എറണാകുളം പി.ഒ.സി. യിൽ വെച്ച് കെ.സി.ബി.സി സംഘടിപ്പിച്ച കേരള സഭാ നവീകരണം എന്ന പരിപാടിയിൽ പത്തനംതിട്ട ഭദ്രാസനത്തിലെ യുവജനങ്ങളെ പ്രതിനിധീകരിച്ച് എം.സി.വൈ.എം ഭദ്രാസന ജനറൽ സെക്രട്ടറി പങ്കെടുത്തു.

## കൺസിലിയോ - 2022

(8.05.2022 കുമ്പഴ)

എം.സി.വൈ.എം പത്തനംതിട്ട ഭദ്രാസനത്തിന്റെ നേതൃത്വത്തിൽ മെയ് മാസം 8-ാം തീയതി റാന്നി പെരുന്നാട് വൈദീക ജില്ലയുടെ ആതിഥേയത്വത്തിൽ കുമ്പഴ സെന്റ് മേരീസ് മലങ്കര കത്തോലിക്ക ദൈവാലയത്തിൽ വെച്ച് കൺസിലിയോ 2022 യുവജന സിനഡ് നടത്തപ്പെട്ടു. കൺസിലിയോ – 2022 വേദിയിൽ സിനഡൽ സഭയുടെ ജീവിതത്തിലും, ദൗത്യത്തിലുമുള്ള യുവജന സഭയുടെ പങ്ക് എന്ന വിഷയത്തെക്കുറിച്ച് മലങ്കര മേജർ സെമിനാരിയുടെ പ്രൊഫസർ. റവ. ഡോ. ജോളി കരിമ്പിൽ ക്ലാസ്സ് എടുത്തു. എം.സി.വൈ.എം പത്തനംതിട്ട ഭദ്രാസന പ്രസിഡന്റ് അജോഷ് എം തോമസ് അദ്ധ്യക്ഷത വഹിച്ച യുവജന സിനഡ് എം.സി.വൈ.എം പത്തനംതിട്ട ഭദ്രാസന ഡയറക്ടർ റവ. ഫാ. സ്കറിയ പതാലിൽ ഉദ്ഘാടനം ചെയ്തു. പ്രസ്തുത പരിപാടിയിൽ വെച്ച് പത്തനംതിട്ട ഭദ്രാസനത്തിന് വേണ്ടി പുതിയതായി വൈദീക പട്ടം സ്വീകരിച്ച നവവൈദീകരെ യുവജനസഭ ആദരിച്ചു. കഴിഞ്ഞ വർഷം നടത്തപ്പെട്ട മത്സരങ്ങളുടെയും ഈ വർഷം ഈ പരിപാടി വരെയുള്ള കാലയളവിൽ നടത്തപ്പെട്ട മത്സരങ്ങളുടെയും സമ്മാനങ്ങളും യുവജന സിനഡ് വേദിയിൽ വെച്ച് നൽകി. ഭദ്രാസനത്തിലെ വിവിധ ഇടവകകളിൽ നിന്ന് ഏകദേശം 200 ൽ പരം യുവജനങ്ങൾ പ്രസ്തുത പരിപാടിയിൽ പങ്കെടുത്തു. വളരെ മികച്ച രീതിയിൽ യുവജന സിനഡിന് ക്രമീകരണങ്ങൾ ചെയ്ത കുമ്പഴ യൂണിറ്റിനെ ഈ അവസരത്തിൽ നന്ദിയോടെ ഓർക്കുന്നു.

## കെ.സി.വൈ.എം മേഖല വിസിറ്റ്

(12.05.2022 ഓൺലൈൻ)

കെ.സി.വൈ.എം സംസ്ഥാന സമിതി 12-05-2022 ൽ ഓൺലൈൻ ആയി നടത്തിയ കോട്ടയം മേഖല വിസിറ്റിൽ എം.സി.വൈ.എം ഭദ്രാസന പ്രതിനിധികൾ പങ്കെടുത്തു.

## ഇടയനോടൊപ്പം

(15.05.2022, പുത്തൻപീടിക)

എം.സി.വൈ.എം പത്തനംതിട്ട ഭദ്രാസനത്തിന്റെ നേതൃത്വത്തിൽ 15-05-2022 ഞായറാഴ്ച്ച പുത്തൻപീടിക ദൈവാലയത്തിൽ വെച്ച് ഇടയനോടൊപ്പം എന്ന പരിപാടി നടത്തപ്പെട്ടു. എം.സി.വൈ.എം പ്രവർത്തനങ്ങളെക്കുറിച്ച് നേതാക്കന്മാർക്ക് ചർച്ച ചെയ്യുവാനും അഭിവന്ദ്യ പിതാവിന് യുവജന നേതാക്കന്മാരോട് സംസാരിക്കുവാനുമാണ് ഇപ്രകാരം ഒരു പരിപാടി നടത്തിയത്. പത്തനംതിട്ട ഭദ്രാസന അദ്ധ്യക്ഷൻ അഭിവന്ദ്യ സാമുവേൽ മാർ ഐറേനിയോസ് മെത്രാപ്പോലീത്ത പ്രസ്തുത പരിപാടി ഉദ്ഘാടനം ചെയ്തു. എം.സി.വൈ.എം ഭദ്രാസന പ്രസിഡന്റ് അജോഷ് എം തോമസ് അധ്യക്ഷത വഹിച്ച പരിപാടിയിൽ വൈദീക ജില്ലാ ഭാരവാഹികളും ഭദ്രാസന ഭാരവാഹികളും പങ്കെടുത്തു. പത്തനംതിട്ട ഭദ്രാസനത്തിലെ യുവജന നേതാക്കന്മാരുടെ സംവാദത്തിന് മികച്ച ക്രമീകരണങ്ങൾ ചെയ്ത എം.സി.വൈ.എം പുത്തൻപീടിക യൂണിറ്റിനെ ഈ അവസരത്തിൽ നന്ദിയോടെ ഓർക്കുന്നു.

www.malankaralibrary.com

## ഭദ്രാസന വിസിറ്റ്

(11.06.2022 അരമന)

എം.സി.വൈ.എം സഭാതല സമിതിയുടെ നേതൃത്വത്തിൽ 11-06-2022 ൽ എം.സി.വൈ.എം പത്തനംതിട്ട ഭദ്രാസന സമിതിയെ സന്ദർശിച്ച് പ്രവർത്തനങ്ങൾ വിലയിരുത്തി. അഭിവന്ദ്യ സാമുവേൽ മാർ ഐറേനിയോസ് മെത്രാപ്പോലീത്ത, ഭദ്രാസന ഡയറക്ടർ റവ. ഫാ. സ്കറിയ പതാലിൽ എന്നിവരുടെ നേതൃത്വത്തിൽ എം.സി.വൈ.എം സഭാതല സമിതിയെ പത്തനംതിട്ട ഭദ്രാസനത്തിലേക്ക് ഹൃദ്യമായി സ്വാഗതം ചെയ്തു. പ്രസ്തുത സന്ദർശന വേളയിൽ എം.സി.വൈ.എം പത്തനംതിട്ട ഭദ്രാസന സമിതിയുടെ 2022-2023 വർഷത്തെ നാളിതുവരെയുള്ള പ്രവർത്തനങ്ങൾ സഭാതല പ്രസിഡന്റ് ഏയ്ഞ്ചൽ മേരിയുടെ നേതൃത്വത്തിലുള്ള സംഘത്തെ അറിയിക്കുകയും ഭദ്രാസന - സഭാതല സമിതികളുടെ തുടർപ്രവർത്തനങ്ങളും ചർച്ച ചെയ്തു. സഭാതല ഡയറക്ടർ റവ. ഫാ. എബ്രഹാം മേപ്പുറത്ത് പ്രസ്തുത സന്ദർശനം ഉദ്ഘാടനം ചെയ്തു. ഭദ്രാസന പ്രസിഡന്റ് അജോഷ് എം തോമസ് അ അദ്ധ്യക്ഷത വഹിച്ചു. പത്തനംതിട്ട ഭദ്രാസനത്തിലെ യുവജനസഭയുടെ പ്രവർത്തനങ്ങൾ വിലയിരുത്തുവാനും, മാർഗനിർദ്ദേശങ്ങൾ നൽകാനും വളരെ ത്യാഗത്തോടെ കടന്ന് വന്ന സഭാതല സമിതിയെ നന്ദിയോടെ ഓർക്കുന്നു.

## അടിയന്തര സെനറ്റ് സമ്മേളനം

(16.06.2022 ഓൺലൈൻ)

എം.സി.വൈ.എം പത്തനംതിട്ട ഭദ്രാസനത്തിന്റെ ഓൺലൈൻ സെനറ്റ് 16-06-2022 വൈകുന്നേരം 7 മണി മുതൽ നടത്തപ്പെട്ടു. ഭദ്രാസന പ്രസിഡന്റ് അജോഷ് എം. തോമസ് അധ്യക്ഷത വഹിച്ച സെനറ്റ് സമ്മേളനം പരിസ്ഥിതിലോല കരിനിയമങ്ങൾ മലയോര മേഖലയിൽ ബാധിക്കുന്നതിന്റെ പ്രത്യാഘാതങ്ങളെ കുറിച്ച് ചർച്ച ചെയ്തു. പ്രസ്തുത സെനറ്റ് സമ്മേളനത്തിൽ വെച്ച് മലയോര ജനതയ്ക്ക് ഐക്യദാർഢ്യം പ്രഖ്യാപിച്ചുക്കൊണ്ട് എം.സി.വൈ.എം പത്തനംതിട്ട ഭദ്രാസനത്തിന്റെ പരമോന്നത അധികാര സമിതിയായ സെനറ്റ് പ്രമേയം പാസാക്കി. അതുപോലെ പരിസ്ഥിതി കരിനിയമങ്ങൾ പിൻവലിക്കുന്നതുമായി ബന്ധപ്പെട്ട് നടത്തുന്ന സമര പരിപാടികളും ചർച്ച ചെയ്തു. 49 പേർ ഓൺലൈൻ സെനറ്റ് സമ്മേളനത്തിൽ പങ്കെടുത്തു.

## ഡയറക്ടർസ് മീറ്റിംഗ്

(24.06.2022 ഓൺലൈൻ)

എം.സി.വൈ.എം പത്തനംതിട്ട ഭദ്രാസനത്തിന്റെ വൈദീക ജില്ലകളിൽ നേതൃത്വം നൽകുന്ന ഡയറക്ടർ അച്ചന്മാരുടെ മീറ്റിംഗ് ഓൺലൈൻ ആയി 24-06-2022 ൽ കൂടുകയുണ്ടായി. എം.സി.വൈ.എം. ഭദ്രാസന പ്രസിഡന്റും, ഡയറക്ടറും നേതൃത്വം നൽകിയ മീറ്റിംഗിൽ മാർ ഈവാനിയോസ് ദിനാചരണം ചർച്ച ചെയ്തു.

## യൂണിറ്റ് വിസിറ്റ്

എം.സി.വൈ.എം. പത്തനംതിട്ട ഭദ്രാസന സമിതിയുടെ നേതൃത്വത്തിൽ 01-05-2022 ൽ കുമ്പഴ യൂണിറ്റ് ഓഫ്‌ലൈൻ ആയും, 20-06-2022 ൽ പന്തളം വൈദീക ജില്ലയും, കുളനട, പന്തളം യൂണിറ്റുകൾ ഓൺലൈൻ ആയും 31-07-2022 ൽ പത്തനംതിട്ട വൈദീക ജില്ലയിലെ നാരങ്ങാനം യൂണിറ്റ് ഓഫ്‌ലൈൻ ആയും സന്ദർശിച്ച് പ്രവർത്തനങ്ങൾ വിലയിരുത്തി. പ്രസ്തുത സന്ദർശന വേളയിൽ ഭദ്രാസന പരിപാടികൾക്ക് മുകളിൽ പറഞ്ഞ യൂണിറ്റുകൾ ആതിഥേയത്വം അരുളുന്നതിന്റെ ക്രമീകരണങ്ങളെക്കുറിച്ചും ചർച്ച ചെയ്തു.

## പേപ്പർ പ്രസന്റേഷൻ

ലോകപരിസ്ഥിതി ദിനത്തിന്റെ ഭാഗമായി കമ്പ്യൂട്ടറും കൃഷിയും യുവതയുടെ ഭാവിയും എന്ന വിഷയത്തിൽ ഓൺലൈൻ ആയി പേപ്പർ പ്രസന്റേഷൻ മത്സരം സംഘടിപ്പിച്ചു. ജൂൺ 1 മുതൽ 30 വരെ ഉള്ള ദിവസങ്ങളിലായി നടത്തപ്പെട്ട പ്രസന്റേഷൻ മത്സരത്തിൽ പത്തനംതിട്ട വൈദീക ജില്ലയിലെ പ്രക്കാനം യൂണിറ്റിലെ റിയ സജി, സാനു കെ സാമുവേൽ എന്നിവർ യഥാക്രമം 1, 2 സ്ഥാനങ്ങൾ കരസ്ഥമാക്കി. പ്രസ്തുത മത്സരത്തിൽ പങ്കെടുത്ത എല്ലാവർക്കും അഭിനന്ദനങ്ങൾ.

## മാർ ഈവാനിയോസ് ക്വിസ്

(ജൂലൈ 24-ജില്ലാ കേന്ദ്രങ്ങളിൽ)

ദൈവദാസൻ മാർ ഈവാനിയോസ് പിതാവിന്റെ സ്മരണാർത്ഥം എല്ലാ വർഷവും നടത്തി വരാറുള്ള മാർ ഈവാനിയോസ് ക്വിസ് ജൂലൈ 24 ന് വൈദീക ജില്ലാ കേന്ദ്രങ്ങളിൽ വെച്ച് നടത്തപ്പെട്ടു. ഒ.എം.ആർ സാങ്കേതിക വിദ്യയുടെ സഹായത്തോടെ നടത്തിയ ക്വിസ് മത്സരത്തിൽ വൈദീക ജില്ലാ കോർഡിനേറ്റർമാർ നിരീക്ഷകരായി പങ്കെടുത്തു. ക്വിസ് മത്സരത്തിൽ യഥാക്രമം പുത്തൻപീടിക, ഏറത്തുമ്പമൺ, സീതത്തോട് എന്നീ യൂണിറ്റുകൾ 1,2,3 സ്ഥാനങ്ങൾ കരസ്ഥമാക്കി. മാർ ഈവാനിയോസ് ക്വിസ് മത്സരത്തിന് ക്രമീകരണങ്ങൾ ചെയ്തവരെ ഈ അവസരത്തിൽ നന്ദിയോടെ ഓർക്കുന്നു.

## അർദ്ധവാർഷിക സെനറ്റ് സമ്മേളനം

(ഓഗസ്റ്റ് -7, നാരങ്ങാനം)

എം.സി.വൈ.എം പത്തനംതിട്ട ഭദ്രാസനത്തിന്റെ ആറു മാസത്തെ പ്രവർത്തനങ്ങൾ വിലയിരുത്തുന്നതിനായി നാരങ്ങാനം സെന്റ് മേരീസ് മലങ്കര കത്തോലിക്ക ദൈവാലയത്തിൽ വെച്ച് അർദ്ധവാർഷിക സെനറ്റ് സമ്മേളനം നടത്തപ്പെട്ടു. പ്രസ്തുത സെനറ്റ് സമ്മേളനം പത്തനംതിട്ട ഭദ്രാസനത്തിന്റെ മുഖ്യ വികാരി ജനറാൾ മോൺ. വെരി റവ ഫാ ഡോ ഷാജി മാണികുളം ഉദ്ഘാടനം ചെയ്തു, എം.സി.വൈ.എം പത്തനംതിട്ട ഭദ്രാസന പ്രസിഡന്റ് അജോഷ് എം തോമസ് അധ്യക്ഷത വഹിച്ചു. ഭദ്രാസന ഡയറക്ടർ റവ ഫാ സ്കറിയ പാതാലിൽ, സിസ്റ്റർ ആനിമേറ്റർ സിസ്റ്റർ ഹൃദ്യ എസ് ഐ സി, ജനറൽ സെക്രട്ടറി ബിബിൻ എബ്രഹാം, റവ ഫാ ബിനോയ് പുതുപ്പറമ്പിൽ, ജിജോ സി വൈ എന്നിവർ പ്രസംഗിച്ചു. എം.സി.വൈ.എം പത്തനംതിട്ട ഭദ്രാസനത്തിന്റെ സെനറ്റ് സമ്മേളനത്തിൽ 75 ഓളം വൈദീക ജില്ലാ പ്രതിനിധികൾ പങ്കെടുത്തു. ആറു മാസത്തെ എം.സി.വൈ.എം ന്റെ ഭദ്രാസന - വൈദീക ജില്ലാ പ്രവർത്തന റിപ്പോർട്ട് അവതരണവും, സംഘടനാ ചർച്ചയും അർദ്ധവാർഷിക സെനറ്റ് സമ്മേളനത്തിൽ വെച്ച് നടത്തപ്പെട്ടു. ഭദ്രാസന സമിതിയുടെ ആറ് മാസത്തെ പ്രവർത്തന റിപ്പോർട്ട് പത്തനംതിട്ട വൈദീക ജില്ലയിലെ ലിബിൻ സി. മാത്യു പാസാക്കുകയും, കോന്നി വൈദീക ജില്ലയിലെ വിശാഖ് വി എൽ പിൻതാങ്ങുകയും ചെയ്തു. പ്രസ്തുത സെനറ്റ് സമ്മേളനത്തിൽ വെച്ച് ഭദ്രാസന സമിതിയിൽ ഒഴിവുള്ള സ്ഥാനങ്ങളിലേക്ക് തെരഞ്ഞെടുപ്പും നടത്തപ്പെട്ടു. ഭദ്രാസന സെക്രട്ടറി ആയി പത്തനംതിട്ട വൈദീക ജില്ലയിലെ ലിബിൻ സി മാത്യുവും എം.സി.വൈ.എം സഭാതല സിൻഡിക്കേറ്റ് ആയി പത്തനംതിട്ട വൈദീക ജില്ലയിലെ അക്സാ രാജനും തിരഞ്ഞെടുക്കപ്പെട്ടു . പുതിയ ഭാരവാഹികൾക്ക് അഭിനന്ദനങ്ങളും, ഭദ്രാസന അർദ്ധവാർഷിക സെനറ്റ് മികവാർന്ന രീതിയിൽ നടത്താൻ സഹായിച്ച നാരങ്ങാനം യൂണിറ്റിന് നന്ദിയും ഈ അവസരത്തിൽ അറിയിക്കുന്നു.

## ഹെസദ് - പ്രഥമ ആലോചനാ യോഗം

(ഓഗസ്റ്റ് -28,ആനന്ദപ്പള്ളി)

2022 ഓഗസ്റ്റ് മാസം 28-ാം തീയതി ആനന്ദപ്പള്ളി ദൈവാലയത്തിൽ വെച്ച് 2022 വർഷത്തെ ഹെസദ് - സഭാതല യുവജന സംഗമത്തിന് പത്തനംതിട്ട ഭദ്രാസനം ആതിഥേയത്വം അരുളുന്നത് സംബന്ധിച്ച് ഒരു ആലോചന യോഗം നടത്തപ്പെട്ടു. സഭാതല സമിതിയുടെ പ്രസിഡന്റ് ശ്രീമതി ഏയ്ഞ്ചൽ മേരി അധ്യക്ഷത വഹിച്ച മീറ്റിംഗിൽ സഭാതല - ഭദ്രാസന -പന്തളം വൈദീക ജില്ലാ - ആനന്ദപ്പള്ളി യൂണിറ്റ് ഭാരവാഹികൾ പങ്കെടുത്തു. പ്രസ്തുത മീറ്റിംഗിൽ ഹെസദ് -2022 പ്രാരംഭ ചർച്ചകളും, പ്രധാന കമ്മിറ്റികളും രൂപീകരിച്ചു.

www.malankaralibrary.com

## സമസ്യ - 2022

(സെപ്റ്റംബർ - 11, മഡോണ ഇന്റർനാഷണൽ സ്കൂൾ)

എം.സി.വൈ.എം പത്തനംതിട്ട ഭദ്രാസനത്തിന്റെ നേതൃത്വത്തിൽ സമസ്യ -2022 ഗ്രാൻഡ് ഫിനാലെ 11-09-2022 ഞായറാഴ്ച്ച ഉച്ചക്ക് 2 മണി മുതൽ പുത്തൻപീടിക മഡോണ ഇന്റർനാഷണൽ സ്കൂളിൽ വെച്ച് നടത്തപ്പെട്ടു. ഭദ്രാസന ഡയറക്ടർ റവ. ഫാ. സ്കറിയ പതാലിൽ ക്വിസ് മത്സരം ഉദ്ഘാടനം ചെയ്തു. പത്തനംതിട്ട ഭദ്രാസനത്തിലെ അഞ്ച് വൈദീക ജില്ലകളിൽ നിന്ന് 15 ടീമുകൾ പങ്കെടുത്ത ക്വിസ് മത്സരം തിരുവല്ല അതിഭദ്രാസന അംഗം ലൈജു കോശി ക്വിസ് മാസ്റ്റർ ആയി നിയന്ത്രിച്ചു. പ്രസ്തുത മത്സരത്തിൽ നെടുമൺകാവ്, വടശ്ശേരിക്കര, ഏറതുമ്പമൺ യൂണിറ്റുകൾ യഥാക്രമം 1, 2, 3 സ്ഥാനങ്ങൾ കരസ്ഥമാക്കി. സമസ്യയ്ക്ക് ക്രമീകരണങ്ങൾ ചെയ്തവരെ ഈ അവസരത്തിൽ നന്ദിയോടെ ഓർക്കുന്നു.

## പുനരൈക്യ വാർഷിക ദിനാഘോഷവും അന്തർദേശീയ യുവജന കൺവെൻഷനും

(സെപ്റ്റംബർ- 21, തിരുവല്ല)

സെപ്റ്റംബർ 21 ന് തിരുവല്ലയിൽ വച്ച് നടന്ന മലങ്കര സുറിയാനി കത്തോലിക്കാ സഭയുടെ 92-മത് പുനരൈക്യ വാർഷിക ആഘോഷങ്ങളിലും 31 മത് അന്തർദേശീയ യുവജന കൺവൻഷനിലും എം.സി.വൈ.എം പത്തനംതിട്ട ഭദ്രാസനത്തിന്റെ നേതൃത്വത്തിൽ യുവജനങ്ങൾ പങ്കെടുത്തു. ഭദ്രാസന സമിതിയുടെ നേതൃത്വത്തിൽ വൈദീക ജില്ലകൾക്കായി വാഹന സൗകര്യം ക്രമികരിച്ചു നൽകി. ഏകദേശം 130 ഓളം യുവജനങ്ങൾ പത്തനംതിട്ട ഭദ്രാസനത്തെ പ്രതിനിധീകരിച്ചു കൊണ്ട് അന്തർദേശിയ യുവജന കൺവൻഷനിൽ പങ്കെടുത്തു. ഭദ്രാസന ഡയറക്ടർ, പ്രസിഡന്റ് എന്നിവർ ക്രമീകരണങ്ങൾക്ക് നേതൃത്വം നൽകി.

## അന്തർദേശീയ ക്വിസ് മത്സരം

ഒക്ടോബർ- 8, ഓൾ സെയ്ന്റ്സ് സ്കൂൾ അടൂർ

2022 ഒക്ടോബർ എട്ടിന് സഭാതല സമിതിയുടെ നേതൃത്വത്തിൽ നടത്തപ്പെട്ട അന്തർദേശീയ ക്വിസ് മത്സരത്തിന് എം.സി.വൈ.എം പത്തനംതിട്ട ഭദ്രാസനം ആതിഥേയത്വം അരുളി. അന്നേ ദിവസം വൈകുന്നേരം അഞ്ചുമണി മുതൽ അടൂർ ഓൾ സെയ്ന്റ്സ് പബ്ലിക് സ്കൂളിൽ വെച്ച് നടത്തപ്പെട്ട ക്വിസ് മത്സരം പത്തനംതിട്ട ഭദ്രാസനത്തിന്റെ മുഖ്യ വികാരി ജനറാൾ മോൺ. വെരി റവ ഫാ ഡോ. ഷാജി മാണികുളം ഉദ്ഘാടനം ചെയ്തു. മലങ്കര സുറിയാനി കത്തോലിക്ക സഭയുടെ വിവിധ ഭദ്രാസനങ്ങളിൽ നിന്ന് മത്സരാർത്ഥികൾ പങ്കെടുത്ത മത്സരത്തിൽ പത്തനംതിട്ട ഭദ്രാസനത്തെ പ്രതിനിധീകരിച്ച് നെടുമൺകാവ് യൂണിറ്റ് പങ്കെടുത്തു. അന്തർദേശീയ ക്വിസ് മത്സരത്തിന് ക്രമീകരണങ്ങൾ ചെയ്തവരെ വിശിഷ്യാ അടൂർ ഓൾ സെയ്ന്റ്സ് പബ്ലിക് സ്കൂളിനെ നന്ദിയോടെ ഈ അവസരത്തിൽ ഓർക്കുന്നു.

## സപ്ലിമെന്റ്

പത്തനംതിട്ട ഭദ്രാസനം ആതിഥേയത്വം അരുളിയ സഭാതല യുവജന സംഗമത്തിന്റെ ഭാഗമായി എം.സി.വൈ.എം പത്തനംതിട്ട ഭദ്രാസന സമിതി ഒരു സപ്ലിമെന്റ് പുറത്തിറക്കി. സപ്ലിമെന്റിൽ പരസ്യം നൽകി സഹായിച്ചവരെ ഈ അവസരത്തിൽ നന്ദിയോടെ ഓർക്കുന്നു.

## ഐഡി കാർഡ്

ഈ വർഷത്തെ ഐ ഡി കാർഡ് ക്യാമ്പയിനിങ്ങിൽ 488 യുവജനങ്ങൾ അംഗത്വത്തിനായി അപേക്ഷ നൽകി. പ്രസ്തുത ഐ.ഡി കാർഡ് വിതരണത്തിനായി ചാലക ശക്തിയായി നിന്ന അഞ്ച് വൈദീക ജില്ലാ സമിതികളെയും നന്ദിയോടെ ഓർക്കുന്നു.

## സർക്കുലറുകൾ

എം.സി.വൈ.എം പ്രസ്ഥാനത്തിന്റെ സംഘടനാ സംവിധാനത്തിന്റെ ഭാഗമായി റിപ്പോർട്ട് കാലയളവിൽ 10 സർക്കുലറുകൾ കീഴ്ഘടകങ്ങൾക്കുള്ള ഔദ്യോഗിക അറിയിപ്പായി പുറപ്പെടുവിച്ചു.

## ആത്മീയം

'യുവജനങ്ങളെ ക്രൈസ്തവ വിശ്വാസത്തിൽ ഉറപ്പിക്കുന്നതിനും, അനുദിന ജീവിതത്തിൽ പ്രായോഗികമാക്കുന്നതിനും പരിശീലനം നൽകുക.'

## യുവജന സഭ ഭദ്രാസനത്തെ അറിയാൻ - ഭദ്രാസന ദിനാഘോഷം

(25.01.2022 ഓൺലൈൻ)

തീർത്ഥാടന പെരുമയുടെ യശസ്സ് പേറുന്ന പത്തനംതിട്ട ജില്ലയിൽ മലങ്കര സുറിയാനി കത്തോലിക്കാ സഭയുടെ ഭദ്രാസനം നിലവിൽ വന്നിട്ട് 12 വർഷങ്ങൾ പൂർത്തിയാക്കുന്നതിന്റെ ഭാഗമായി എം.സി.വൈ.എം പത്തനംതിട്ട ഭദ്രാസനത്തിന്റെ നേതൃത്വത്തിൽ ഭദ്രാസന ദിനാഘോഷം സംഘടിപ്പിച്ചു. 25-1-2022 ൽ ഓൺലൈനായി നടത്തപ്പെട്ട ഭദ്രാസനദിനാഘോഷത്തിൽ എം.സി.വൈ.എം പത്തനംതിട്ട ഭദ്രാസന പ്രസിഡന്റ് അജോഷ് എം തോമസ് അദ്ധ്യക്ഷതവഹിച്ചു. അഭിവന്ദ്യ. സാമുവേൽ മാർ ഐറേനിയോസ് മെത്രാപ്പോലീത്ത ഭദ്രാസനദിന സന്ദേശവും പ്രസ്തുത ആഘോഷപരിപാടി ഉദ്ഘാടനവും ചെയ്തു. തുടർന്ന് എം.സി.വൈ.എം സഭാതല സമിതി ഡയറക്ടർ റവ. ഫാ. സെബാസ്റ്റ്യൻ കിഴക്കേതിൽ ഭദ്രാസന ചരിത്ര ക്ലാസ് യുവജനങ്ങൾക്കായി നൽകി. ഗൂഗിൾ മീറ്റ്, യുട്യൂബ് എന്നീ ഓൺലൈൻ സാധ്യതകൾ പ്രയോജനപ്പെടുത്തി നടത്തിയ ഭദ്രാസന ദിനാഘോഷത്തിൽ 250 ൽ പരം അംഗങ്ങൾ പങ്കെടുത്തു.

## പ്രാർത്ഥനാദിനം

(2.03.2022 ഓൺലൈൻ)

ലോകം ഭീതിയുടെ നിഴലിൽ കൂടി യുദ്ധമുഖത്തേക്ക് നീങ്ങിയപ്പോൾ യുദ്ധ ഭൂമിയിൽ ശാന്തിയും സമാധാനവും പുലരുന്നതിനായി പരിശുദ്ധ ഫ്രാൻസിസ് മാർപ്പാപ്പയുടെ ആഹ്വാന പ്രകാരം എം.സി.വൈ.എം പത്തനംതിട്ട ഭദ്രാസന സമിതി മാർച്ച് 2 ന് പ്രാർത്ഥനാ ദിനമായി ആചരിച്ചു. പ്രാർത്ഥനാ ദിനത്തിന്റെ ഭാഗമായി വൈദിക ജില്ലാ സമിതികളുമായി ചേർന്ന് ജപമാല പ്രാർത്ഥന പ്രസ്തുത നിയോഗത്തിൽ നടത്തി. ഓൺലൈൻ ആയി നടത്തപ്പെട്ട ജപമാല പ്രാർത്ഥനയിൽ ഭദ്രാസനസെനറ്റ് അംഗങ്ങൾ പ്രാർത്ഥനയോടെ പങ്കെടുത്തു.

## മേൽതോ ദ് സൗമോ [നോമ്പ്കാല യുവജന ധ്യാനം]

(6.03.2022 ഓൺലൈൻ)

എം.സി.വൈ.എം പത്തനംതിട്ട ഭദ്രാസനത്തിന്റെ നേതൃത്വത്തിൽ നോമ്പ് കാലത്ത് യുവജനങ്ങളെ ആത്മീയമായി ഒരുക്കുന്നതിനായി മേൽതോ ദ് സൗമോ എന്ന പേരിൽ ഓൺലൈൻ യുവജന ധ്യാനം നടത്തപ്പെട്ടു. മാർച്ച് മാസം ആറാം തീയതി ഞായറാഴ്ച്ച വൈകുന്നേരം 7 മണി മുതൽ നടത്തപ്പെട്ട യുവജന ധ്യാനത്തിന് പ്രശസ്ത ധ്യാനഗുരു റവ. ഫാ. ഡാനിയേൽ പൂവണ്ണത്തിൽ നേതൃത്വം നൽകി. ഭദ്രാസന ഡയറക്ടർ റവ. ഫാ. സ്കറിയ പതാലിൽ, സിസ്റ്റർ ആനിമേറ്റർ തമീം S.I.C, ഭദ്രാസന പ്രസിഡന്റ് അജോഷ് എം തോമസ്, ഭദ്രാസന ഭാരവാഹികൾ എന്നിവർ പ്രസ്തുത ധ്യാനത്തിന്റെ ക്രമീകരണങ്ങൾക്ക് നേതൃത്വം നൽകി. നോമ്പുകാല യുവജന ധ്യാനത്തിൽ ഓൺലൈൻ ആയി ഏകദേശം 270 ഓളം പേർ പങ്കെടുത്തു.

www.malankaralibrary.com

## കാൽവരി യാത്ര

വലിയ നോമ്പിന്റെ പുണ്യദിനങ്ങളുമായി ബന്ധപ്പെട്ട് ഏപ്രിൽ 1 മുതൽ ദുഃഖവെള്ളി വരെയുള്ള ദിവസങ്ങളിൽ നവ മാധ്യമങ്ങളിൽ കൂടി കുരിശിന്റെ വഴിയുടെ സ്ഥലങ്ങളും, പ്രാർത്ഥനകളും ഉൾപ്പെടുത്തി വീഡിയോ സീരീസ് ഭദ്രാസന സമിതിയുടെ നേതൃത്വത്തിൽ പ്രസിദ്ധീകരിച്ചു.

## വിശുദ്ധിയുടെ തീർത്ഥാടനം

വലിയ നോമ്പിനോട് അനുബന്ധിച്ച് നാൽപതാം വെള്ളി മുതൽ ഈസ്റ്റർ വരെയുള്ള ദിവസങ്ങളിൽ നവ മാധ്യമങ്ങളിൽ കൂടി ധ്യാനചിന്തകൾ പങ്കുവെച്ചു. വലിയ നോമ്പിന്റെ അതിവിശുദ്ധ ദിവസങ്ങളുടെ പ്രാധാന്യം കണക്കിലെടുത്ത് ഓരോദിവസവും പ്രത്യേക ധ്യാന വിഷയം തെരഞ്ഞെടുത്താണ് ഹ്രസ്വ വീഡിയോകൾ ഭദ്രാസന സമിതി പുറത്തിറക്കിയത്. ഭദ്രാസനത്തിലെ വിവിധ വൈദീക ജില്ലകളിലെ പ്രസിഡന്റ്, സെക്രട്ടറിമാർ ആണ് പ്രസ്തുത ധ്യാന ചിന്തകൾ പങ്കുവെച്ചത്.

## ഉയിർപ്പ് ശുശ്രൂഷ വീഡിയോ

മരണത്തിന്മേലും വിജയം വരിച്ചുകൊണ്ട് മിശിഹാ കർത്താവ് ഉയത്തെഴുന്നേറ്റത് അനുസ്മരിക്കുന്ന ഉയർപ്പ് തിരുന്നാൾ ദിനത്തിൽ പത്തനംതിട്ട ഭദ്രാസനത്തിന്റെ വിവിധ ദൈവാലയങ്ങളിൽ നടന്ന ഉയിർപ്പിന്റെ ശുശ്രൂഷകളുടെ ഫോട്ടോസ് ഉൾപ്പെടുത്തി എം.സി.വൈ.എം പത്തനംതിട്ട ഭദ്രാസന സമിതി നവമാധ്യമങ്ങളിൽ കൂടി വീഡിയോ പുറത്തിറക്കി.

## വള്ളിക്കുരിശ് ഛായാ ചിത്ര പ്രയാണം

(6.03.2022 റാന്നി പെരുനാട് - കത്തീഡ്രൽ)

എം.സി.വൈ.എം. പത്തനംതിട്ട ഭദ്രാസനത്തിന്റെ നേതൃത്വത്തിൽ ദൈവദാസൻ മാർ ഈവാനിയോസ് പിതാവിന്റെ ഓർമ്മപ്പെരുന്നാളിന്റെ ഭാഗമായി വള്ളിക്കുരിശ് ഛായാ ചിത്ര പ്രയാണങ്ങൾ നടത്തപ്പെട്ടു. ജൂലൈ 8-ാം തീയതി മാർ ഈവാനിയോസ് പിതാവിന്റെ പാദസ്പർശത്താൽ അനുഗ്രഹീതമായ പെരുന്നാട് ദൈവാലയത്തിൽ അഭിവന്ദ്യ സാമുവേൽ മാർ ഐറേനിയോസ് പിതാവും പത്തനംതിട്ട രൂപതാ വികാരി ജനറാൾ മോൺ. വെരി റവ ഫാ ഷാജി മാണികുളം, എം.സി.വൈ.എം. ഭദ്രാസന ഡയറക്ടർ, വൈദീക ജില്ലാ ഡയറക്ടർ അച്ചന്മാർ എന്നിവർ ചേർന്ന് വിശുദ്ധ കുർബാന അർപ്പിച്ചു. തുടർന്ന് അഭിവന്ദ്യ പിതാവ് അനുസ്മരണ സന്ദേശം നൽകുകയും ചെയ്തു. ധൂപപ്രാർത്ഥനയ്ക്ക് ശേഷം ആശിർവദിച്ച വള്ളിക്കുരിശും ഛായാ ചിത്രവും അഭിവന്ദ്യ സാമുവേൽ മാർ ഐറേനിയോസ് തിരുമേനി വൈദീക ജില്ലാ നേതാക്കന്മാർക്ക് കൈമാറി. വൈദീക ജില്ലാ സമിതികളുടെ നേതൃത്വത്തിൽ പത്തനംതിട്ട ഭദ്രാസനത്തിലെ എല്ലാ ദൈവാലയങ്ങളിൽ ജൂലൈ 9, 10 ദിവസങ്ങളിൽ വള്ളിക്കുരിശ് ഛായ ചിത്ര പ്രയാണങ്ങൾ നടത്തപ്പെട്ടു. പ്രസ്തുത പ്രയാണത്തിന്റെ അവസാന ദിവസം വൈദീക ജില്ലകളുടെ നേതൃത്വത്തിൽ ഉള്ള പ്രയാണങ്ങൾ മൈലപ്ര ദൈവാലയത്തിൽ സംഗമിച്ചു. തുടർന്ന് വാഹന റാലിയായി എല്ലാ പ്രയാണങ്ങളും കൂടി പത്തനംതിട്ട കത്തീഡ്രൽ ദൈവാലയത്തിൽ വിശ്വാസ പങ്കാളിത്തത്തോടെ എത്തിച്ചേർന്നു. അവിടെ അഭിവന്ദ്യ സാമുവേൽ മാർ ഐറേനിയോസ് പിതാവും വൈദീകരും ചേർന്ന് പ്രയാണങ്ങളെ സ്വീകരിച്ചു. തുടർന്ന് ദിവ്യകാരുണ്യ ആരാധനയും, ധൂപ പ്രാർത്ഥനയും നടത്തപ്പെട്ടു. എം.സി.വൈ.എം പത്തനംതിട്ട ഭദ്രാസനത്തിന്റെ നേതൃത്വത്തിൽ നടന്ന വള്ളിക്കുരിശ്-ഛായാ ചിത്ര പ്രയാണങ്ങൾക്ക് എല്ലാവിധ ക്രമീകരണങ്ങളും ചെയ്തവരെ ഈ അവസരത്തിൽ നന്ദിയോട് ഓർക്കുന്നു.

## യുവജന ദിനാഘോഷം

ഒക്ടോബറിലെ ആദ്യ ഞായറാഴ്ച്ച യുവജന ദിനമായി മലങ്കര സുറിയാനി കത്തോലിക്ക സഭ ആചരിക്കുന്നതിന്റെ ഭാഗമായി പത്തനംതിട്ട ഭദ്രാസനത്തിലെ എല്ലാ ഇടവകകളിലും ഒക്ടോബർ 2 ഞായറാഴ്ച്ച യുവജന ദിനാഘോഷം വിപുലമായ പരിപാടികളുമായി നടത്തപ്പെട്ടു. ഹെസദ് - 2022 സഭാതല യുവജന ദിനാഘോഷം നമ്മുടെ ഭദ്രാസനം ആതിഥേയത്വം അരുളുന്നതിനാൽ അന്നേ ദിവസം പത്തനംതിട്ട ഭദ്രാസനത്തിൽ യൂണിറ്റ് തലത്തിൽ പതാക ദിനമായും ആചരിച്ചു. അതോടൊഷം ഭദ്രാസന സമിതി യൂണിറ്റുകൾക്കായി നൽകിയ എം.സി.വൈ.എം. പതാക എല്ലാ ദൈവാലയങ്ങളിലും ഉയർത്തുകയും ഹെസദ് -2022 ന്റെ ലോഗോ ദൈവാലയങ്ങളിൽ യുവജനങ്ങളുടെ നേതൃത്വത്തിൽ പ്രതിഷ്ഠിക്കുകയും ചെയ്തു.യുവജന ദിനത്തിന്റെ ഭാഗമായി ഇടവകളി ൽ യുവജനങ്ങളുടെ നേതൃത്വത്തിൽ കാഴ്ചയർപ്പണം, എം.സി.വൈ.എം. യൂണിറ്റ് മീറ്റിംഗ്, ആത്മീയ പ്രവർത്തനങ്ങൾ, സാമൂഹിക പ്രസക്തി ഉള്ള പരിപാടികൾ, കാരുണ്യ പ്രവർത്തികൾ എന്നിവ സംഘടിപ്പിച്ചു. യൂണിറ്റ്തല യുവജന ദിനാഘോഷത്തിന് നേതൃത്വം നൽകിയവരെ ഈ അവസരത്തിൽ നന്ദിയോടെ ഓർക്കുന്നു.

## സ്നേഹ സമ്മാനമായി ജപമാല

ഹെസദ്-2022 യുവജന സംഗമത്തിൽ പങ്കെടുത്ത എല്ലാവർക്കും പത്തനംതിട്ട ഭദ്രാസനത്തിന്റെ സ്നേഹ സമ്മാനമായി യുവജന സഭ ആശിർവദിച്ച ജപമാല നൽകി.

## അമ്മയോടൊപ്പം

(ഒക്ടോബർ -31, ഓൺലൈൻ)

ജപമാല മാസാചാരണത്തിന്റെ ഭാഗമായി കെ സി വൈ എം സംസ്ഥാന സമിതി നടത്തിയ 'അമ്മയോടൊപ്പം' എന്ന ജപമാല പ്രാർത്ഥനാ യജ്ഞത്തിൽ എം.സി.വൈ.എം. പത്തനംതിട്ട ഭദ്രാസന സമിതിയും പങ്കെടുത്തു. ഒക്ടോബർ 31 തിങ്കളാഴ്ച്ച വൈകുന്നേരം 7 ന് നടത്തപ്പെട്ട ഓൺലൈൻ ജപമാല പ്രാർത്ഥനയിൽ പത്തനംതിട്ട ഭദ്രാസനത്തെ പ്രത്യേക നിയോഗമായി സമർപ്പിച്ചു യുവജന സഭാ നേതാക്കൾ പ്രാർത്ഥിച്ചു.

## സാമൂഹികം

'സമൂഹത്തെ നിജസ്ഥിതിയെക്കുറിച്ച് അപഗ്രഥിച്ച് പഠിക്കുന്നതിനും, സാമൂഹിക തിന്മകൾക്കെതിരെ ധീരമായി പ്രതികരിക്കുന്നതിനും, ക്രൈസ്തവ ദർശനങ്ങളുടെ അടിസ്ഥാനത്തിലേക്കുള്ള ക്രിയാത്മകമായ പ്രവർത്തനങ്ങളിലൂടെ ഒരു പുതിയ സാമൂഹിക നിർമ്മിതിക്കായി പ്രവർത്തിക്കുന്നതിനും യുവജനങ്ങളെ ശക്തരാക്കുന്നു

## കരുതലിന്റെ കരങ്ങളുമായി യുവജന സഭ

എം.സി.വൈ.എം ഭദ്രാസനത്തിന്റെ നേതൃത്വത്തിൽ നടന്ന പത്തനംതിട്ട ഭദ്രാസനസ്ഥാപക ദിനാഘോഷങ്ങളുടെ ഭാഗമായി ളാക്കൂർ കാരുണ്യ ഭവന്റെ പ്രവർത്തനങ്ങൾക്കായി ഭദ്രാസന സെക്രട്ടറിയേറ്റ് അംഗങ്ങൾ സാമ്പത്തിക സഹായം നൽകി.

## ഭദ്രാസനദിന കിറ്റ് പായ്ക്കിങ്

പത്തനംതിട്ട ഭദ്രാസനസ്ഥാപക ദിനത്തോട് അനുബന്ധിച്ച് ഭദ്രാസന അദ്ധ്യക്ഷന്റെ നേതൃത്വത്തിൽ എല്ലാ കുടുംബങ്ങളിലേക്കും നൽകുന്നതിനായി ഭദ്രാസനത്തിൽ നിന്ന് ക്രമീകരിച്ച കിറ്റ് എം.സി.വൈ. എം പ്രസ്ഥാനത്തിന്റെ നേതൃത്വത്തിൽ പായ്ക്ക് ചെയ്ത് ഇടവകകളിൽ വിതരണം ചെയ്തു. പ്രസ്തുത പരിപാടിയിൽ ഔദാര്യപൂർവം പങ്കെടുത്ത എല്ലാ യുവജനങ്ങളെയും നന്ദിയോടെ ഈ അവസരത്തിൽ ഓർക്കുന്നു.

www.malankaralibrary.com

## നോമ്പിന്റെ പുണ്യം യുവജന സഭയിൽ

എം.സി.വൈ.എം പത്തനംതിട്ട ഭദ്രാസനത്തിന്റെ നേതൃത്വത്തിൽ വൈദീക ജില്ലാ - യൂണിറ്റ് സമിതികളെ ഏകോപിപ്പിച്ച് വലിയ നോമ്പിന്റെ പുണ്യ ദിനങ്ങളിൽ നോമ്പിന്റെ പുണ്യം യുവജന സഭയിൽ എന്ന കർമ്മ പരിപാടി നടത്തപ്പെട്ടു. യുവജനങ്ങൾ നോമ്പ് അനുഷ്ഠിക്കുന്നതിന്റെ ഭാഗമായി മിച്ചം പിടിക്കുന്ന തുകകൾ ഉപയോഗിച്ച് അശരണരെ സഹായിക്കുക എന്ന ലക്ഷ്യത്തോടെ നടപ്പിലാക്കിയതാണ് ഇപ്രകാരം ഒരു പരിപാടി. പ്രസ്തുത കർമ്മപരിപാടിയുടെ ഭാഗമായി യൂണിറ്റുകളിൽ നിന്ന് വൈദീക ജില്ലകൾ മുഖേന വന്ന സാധനങ്ങളും തുകയും പത്തനംതിട്ട ഭദ്രാസനത്തിന്റെ കീഴിലുള്ള വിവിധ ആതുരാലയങ്ങളിൽ വിതരണം ചെയ്തു.ഏകദേശം 50000/ രൂപാ വിലമതിക്കുന്ന നിത്യോപയോഗ സാധനസാമഗ്രഹികളും, തുകയും പ്രസ്തുത പരിപാടിയുടെ ഭാഗമായി നൽകുവാൻ ഭദ്രാസന സമിതിയ്ക്ക് സാധിച്ചു. ഈ പരിപാടിയിൽ പൂർണ്ണ മനസോടെ സഹകരിച്ച എല്ലാവരെയും ഈ അവസരത്തിൽ നന്ദിയോടെ ഓർക്കുന്നു.

## മലങ്കരയുടെ യുവത്വം മലയോര ജനതയോടൊപ്പം

(18.06.2022 പത്തനംതിട്ട)

പത്തനംതിട്ടയിൽ ബഹുജന പ്രതിഷേധം കടലിരമ്പി

മലങ്കര സുറിയാനി കത്തോലിക്ക സഭയുടെ പത്തനംതിട്ട ഭദ്രാസനത്തിന്റെ ആഭിമുഖ്യത്തിൽ എം.സി.വൈ.എം ന്റെ നേതൃത്വത്തിൽ മലയോര ജനതയുടെ ജീവിതത്തിനെ വെല്ലുവിളിയായി മാറ്റപ്പെടുന്ന പരിസ്ഥിതിലോല കരിനിയമങ്ങൾ പിൻവലിക്കണം എന്ന് ആവിശ്യപ്പെട്ട് കൊണ്ട് പത്തനംതിട്ട കളക്ടറേറ്റ് കേന്ദ്രീകരിച്ച് ഉപവാസ ധർണ്ണയും, ബഹുജന പ്രക്ഷോഭ റാലിയും നടത്തപ്പെട്ടു.

പത്തനംതിട്ട സെന്റ് പീറ്റേഴ്സ് കത്തിഡ്രലിൽ നിന്ന് ഉപവാസ - ധർണ്ണ വേദിയായ പത്തനംതിട്ട കളക്ടറേറ്റ് ലക്ഷ്യമാക്കി വായ് മൂടി കെട്ടി കൊണ്ട് 100 കണക്കിന് യുവജന പങ്കാളിത്തത്തോടെ മൗന ജാഥയായി പ്രസ്തുത പ്രതിഷേധ പരിപാടികൾ ആരംഭിച്ചു. സമര യൗവനത്തിന്റെ വേദിയായ പത്തനംതിട്ട കളക്ടറേറ്റിൽ മൗന ജാഥ എത്തിച്ചേർന്നപ്പോൾ എം.സി.വൈ.എം സഭാതല സമിതിയുടെ ഡയറക്ടർ റവ. ഫാ. എബ്രഹാം മേപ്പുറത്ത് ഉപവാസ ധർണ്ണ ഉദ്ഘാടനം ചെയ്തു. ബഫർ സോൺ പ്രഖ്യാപനത്തോടെ ആശങ്കയിൽ ആയ ഒരു ജനതയോട് നിങ്ങൾ തനിച്ചല്ല ഞങ്ങൾ ഉണ്ട് കൂടെ എന്ന് ഉറക്കെപ്രഖ്യാപിച്ചു കൊണ്ട് എം.സി.വൈ.എം ഭദ്രാസന പ്രസിഡന്റ് അജോഷ് എം തോമസ്, പത്തനംതിട്ട ഭദ്രാസനത്തിന്റെ പാസ്ട്രൽ കൗൺസിൽ സെക്രട്ടറി സണ്ണി മാത്യു, നിരവധി വൈദീക ശ്രേഷ്ഠർ, സിസ്റ്റേഴ്സ് യുവജന നേതാക്കന്മാർ എന്നിവർ ഉപവാസം അനുഷ്ഠിച്ചു. സമര വേദിയിൽ ആവേശമായി ഉപവാസം അനുഷ്ഠിച്ച സമരാർഥികളെ പത്തനംതിട്ട രൂപതയുടെ ചാൻസിലർ വെരി. റവ. ഫാ. സെബാസ്റ്റ്യൻ ആമ്പശ്ശേരിൽ എം.സി.വൈ.എം ഹാരം അണിയിച്ചുകൊണ്ട് സമരവേദിയിലേക്ക് സ്വീകരിച്ചു. പ്രസ്തുത സമരത്തിന് ആവേശമായി പത്തനംതിട്ട ഭദ്രാസനത്തിന്റെ പ്രഥമ മെത്രാപ്പോലീത്ത അഭിവന്ദ്യ യൂഹാനോൻ മാർ ക്രിസോസ്റ്റം തിരുമനസ്സ് അഭിസംബോധന ചെയ്ത് സംസാരിച്ചു. വൈകുന്നേരം നടന്ന ബഹുജനപ്രക്ഷോഭറാലി സി.ബി.സി.ഐ വൈസ് പ്രസിഡന്റും മാവേലിക്കര രൂപതാ അദ്ധ്യക്ഷനുമായ അഭിവന്ദ്യ. ജോഷ്വ മാർ ഇഗ്നാത്തിയോസ് മെത്രാപ്പോലീത്ത ഉദ്ഘാടനം ചെയ്തു. തുടർന്ന് കെ.സി.ബി.സി യുടെ സെക്രട്ടറി ജനറലും ബത്തേരി രൂപതയുടെ അദ്ധ്യക്ഷനുമായ അഭിവന്ദ്യ. ജോസഫ് മാർ തോമസ് മെത്രാപ്പോലീത്ത മുഖ്യ സന്ദേശം നൽകി സമരവേദിയിൽ പ്രസംഗിച്ചു.

പത്തനംതിട്ട ജില്ലയെ പ്രതിഷേധത്തിന്റെ കടലാക്കി മാറ്റിക്കൊണ്ട് ആയിരക്കണക്കിന് വിശ്വാസികൾ, പരിസ്ഥിതിലോല നിയമങ്ങൾ അറബികടലിൽ എന്ന് ഉറക്കെ മുഷ്ടി ചുരുട്ടി ആകാശത്തേക്ക് എം.സി.വൈ.എം പാതകയും വീശികൊണ്ട് നടത്തപ്പെട്ട ബഹുജന പ്രക്ഷോഭ റാലി പത്തനംതിട്ട സെൻട്രൽ ജംഗ്ഷനിൽ എത്തിചേർന്നപ്പോൾ കാഞ്ഞിരപ്പള്ളി ഭദ്രാസനത്തിന്റെ അദ്ധ്യക്ഷൻ അഭിവന്ദ്യ. ജോസ് പുളിക്കൽ പിതാവ് സമാപന സന്ദേശം നൽകി, തുടർന്ന് ഉപവാസ സമര അവസാനിപ്പിച്ചു എന്ന പ്രഖ്യാപനം നടത്തിക്കൊണ്ട് ജനത്തെ അഭിസംബോധന ചെയ്ത് പത്തനംതിട്ട ഭദ്രാസനത്തിന്റെ അദ്ധ്യക്ഷൻ അഭിവന്ദ്യ. സാമുവേൽ മാർ ഐറേനിയോസ് മെത്രാപ്പോലീത്ത സംസാരിച്ചു. രാവിലെ മുതൽ പത്തനംതിട്ട കളക്ടറേറ്റ് കേന്ദ്രീകരിച്ച് നടത്തപ്പെടുന്ന ഉപവാസ സമര വേദിയിൽ പത്തനംതിട്ട ഭദ്രാസന മുഖ്യവികാരി ജനറാൾ മോൺ റവ. ഡോ. ഷാജി മാണികുളം, എം.സി.വൈ.എം ഭദ്രാസന ഡയറക്ടർ റവ. ഫാ. സ്കറിയ പതാലിൽ, ഭദ്രാസനത്തിലെ വിവിധ വൈദീക ജില്ലകളിലെ ജില്ലാ വികാരി അച്ചന്മാർ, എം.സി.വൈ.എം ജില്ലാ ഡയറക്ടർ അച്ചന്മാർ, എസ്.എം.വൈ.എം പത്തനംതിട്ട- റാന്നി ഫോറോനോ ഡയറക്ടർ തോമസ് അച്ചൻ, മറ്റ് വൈദീക ശ്രേഷ്ഠർ, എം.സി.വൈ.എം ഭദ്രാസന ആനിമേറ്റർ സിസ്റ്റർ ഹൃദ്യ S.I.C, വൈദീക ജില്ലാ സിസ്റ്റർ ആനിമേറ്റർമാർ, ഭദ്രാസനത്തിലെ വിവിധ ഭക്തസംഘടനകളുടെ പ്രതിനിധികൾ, മുൻകാല എം.സി.വൈ.എം നേതാക്കന്മാർ, കെ.സി.വൈ.എം സംസ്ഥാന ട്രഷറർ ലിനു വി ഡേവിഡ്, എം.സി.വൈ.എം സഭാതല സമതിയുടെ ജനറൽ സെക്രട്ടറി സുബിൻ തോമസ്, കിഫാ സംഘടനയുടെ പ്രതിനിധികൾ, വിവിധ വൈദീക ജില്ലകളിലെ ശക്തരായ പ്രസിഡന്റ്മാർ, സെക്രട്ടറിമാർ, വൈദീക ജില്ലാ ഭാരവാഹികൾ, യൂണിറ്റ് തല നേതാക്കന്മാർ, യുവജന - ആത്മായ പ്രതിനിധികൾ, എന്നിവർ അഭിവാദ്യം അർപ്പിച്ചുക്കൊണ്ട് സംസാരിച്ചു.

## കോവിഡ് ശവസംസ്കാരം

എം.സി.വൈ.എം പത്തനംതിട്ട ഭദ്രാസനത്തിന്റെ നേതൃത്വത്തിലുള്ള കോവിഡ് ടാസ്ക് ഫോഴ്സ് റിപ്പോർട്ട് കാലയളവിൽ കോവിഡ് ബാധിച്ച് മരിച്ച 9 പേരുടെ ശവസംസ്കാര ശുശ്രൂഷകൾക്ക് നേതൃത്വം നൽകി. പ്രസ്തുത ടാസ്ക് ഫോഴ്സിൽ ഔദാര്യപൂർവം കോവിഡ് ബാധിച്ച് മരിച്ചവരുടെ ശവസംസ്കാര ശുശ്രൂഷകൾക്ക് നേതൃത്വം നൽകിയ എല്ലാ ടാസ്ക് ഫോഴ്സ് അംഗങ്ങളെയും സമിതി നന്ദിയോടെ ഓർക്കുന്നു. അവരുടെ ശുശ്രൂഷക്ക് ദൈവം 100 മേനി ഫലം നൽകട്ടെ എന്നും പ്രാർത്ഥിക്കുന്നു.

## ജാഗ്രത ഹെൽപ് ഡെസ്ക്

സംസ്ഥാനത്ത് മഴക്കെടുതി രൂക്ഷമായ സാഹചര്യത്തിൽ ദുരിതാശ്വാസ പ്രവർത്തങ്ങൾ പത്തനംതിട്ട ഭദ്രാസനത്തിൽ ഏകോപിപ്പിക്കാൻ എം.സി.വൈ.എം. പത്തനംതിട്ട ഭദ്രാസനത്തിന്റെ നേതൃത്വത്തിൽ വൈദീക ജില്ലാ ഭാരവാഹികളെ ഉൾപ്പെടുത്തി ജാഗ്രത ഹെൽപ് ഡെസ്ക് രൂപീകരിച്ച് പ്രവർത്തനങ്ങൾ നടത്തി.

## കരട് സമർപ്പിച്ചു

സമൂഹത്തിൽ ലഹരി വിരുദ്ധ സന്ദേശം എത്തിക്കുന്നതിന്റെ ഭാഗമായി പത്തനംതിട്ട ഭദ്രാസനത്തിന്റെ സാമൂഹിക സേവന വിഭാഗമായ സോഷ്യൽ സർവീസ് സൊസൈറ്റിക്ക് പ്രസ്തുത വിഷയത്തിൽ കർമ്മ പരിപാടികൾ ആവിഷ്കരിക്കുന്നതിനായി കരട് രേഖ സമർപ്പിച്ചു. ഭദ്രാസന സെക്രട്ടറിയേറ്റ് കൂടിയാണ് പ്രസ്തുത കരട് രേഖ ആവിഷ്കരിച്ചത്.

## ലഹരി വിരുദ്ധ യജ്ഞം തെരുവ് നാടകം

(ഒക്ടോബർ- 29, മൈലപ്ര തിരുഹൃദയ ദൈവാലയം)

എം.സി.വൈ.എം. പത്തനംതിട്ട ഭദ്രാസന സമിതിയുടെ നേതൃത്വത്തിൽ ലഹരി വിരുദ്ധ യജ്ഞത്തിന്റെ ഭാഗമായി തെരുവ് നാടകം നടത്തപ്പെട്ടു. ഒക്ടോബർ 29 ശനിയാഴ്ച മൈലപ്ര ദൈവാലയ അങ്കണത്തിൽ നടന്ന തെരുവ് നാടകം അവതരിപ്പിച്ചത് ഉള്ളന്നൂർ യൂണിറ്റ് ആയിരുന്നു. പ്രസ്തുത തെരുവ് നാടകത്തിൽ കൂടി ലഹരി വിരുദ്ധ സന്ദേശം സമൂഹത്തിൽ എത്തിക്കുക എന്നതായിരുന്നു യുവജന സഭയുടെ ഉദ്ദേശ്യലക്ഷ്യം.വളരെമനോഹരമായി ലഹരി വിരുദ്ധ സന്ദേശം ദൃശ്യാവിഷ്കരിച്ച ഉള്ളന്നൂർ യൂണിറ്റിനെ ഈ അവസരത്തിൽ നന്ദിയോടെ ഓർക്കുന്നു.

www.malankaralibrary.com

## സാംസ്കാരികം

'ഭാരതീയവും, ക്രിസ്തീയവുമായ സാംസ്കാരിക പാരമ്പര്യങ്ങളെ സംരക്ഷിക്കുകയും പരിപോഷിപ്പിക്കുന്നതിനുള്ള വേദികൾ സൃഷ്ടിക്കുകയും, സാംസ്കാരിക സമ്മേളനങ്ങൾ നടത്തുകയും ചെയ്യുക.'

### പരിസ്ഥിതി ദിനാഘോഷം

(ജൂലൈ -5, കൃഷിഭവൻ, കോന്നി)

എം.സി.വൈ.എം പത്തനംതിട്ട ഭദ്രാസനത്തിന്റെ നേതൃത്വത്തിൽ ജൂൺ - 5 ലോക പരിസ്ഥിതി ദിനത്തിന്റെ ഭാഗമായി കോന്നി കൃഷി ഭവനിൽ വെച്ച് പരിസ്ഥിതി ദിനാഘോഷം സംഘടിപ്പിച്ചു. കോന്നി ഗ്രാമപഞ്ചായത്ത് വൈസ് പ്രസിഡന്റ് റോജി എബ്രഹാം പ്രസ്തുത പരിസ്ഥിതി ദിനാഘോഷം ഉദ്ഘാടനം ചെയ്തു. ഭദ്രാസന പ്രസിഡന്റ് അജോഷ് എം തോമസ് അധ്യക്ഷതവഹിച്ചു. വൃക്ഷതൈ നടീലും കൃഷിഭവൻ വൃത്തിയാക്കലും പ്രസ്തുത പരിസ്ഥിതി ദിനചാരണത്തിന്റെ ഭാഗമായി നടത്തപ്പെട്ടു. ഭദ്രാസന വൈദീക ജില്ലാ ഭാരവാഹികൾ പരിപാടിയിൽ പങ്കെടുത്തു. എം.സി.വൈ.എം പത്തനംതിട്ട ഭദ്രാസനത്തിന്റെ പരിസ്ഥിതി ദിനാഘോഷത്തിന് ആതിഥേയത്വം അരുളിയ കോന്നി വൈദീക ജില്ലയെ ഈ അവസരത്തിൽ നന്ദിയോടെ ഓർക്കുന്നു.

### സമാധാന സദസ്സ്

(11.06.2022 പത്തനംതിട്ട കത്തീഡ്രൽ ദൈവാലയം)

പെന്തക്കുസ്ത ദിനത്തിൽ നൈജീരിയായിലെ ക്രിസ്ത്യൻ ദൈവാലയത്തിൽ നടന്ന തീവ്രവാദ ആക്രമണത്തിൽ 50 പേർ കൊല്ലപ്പെട്ട സംഭവം അതീവ ദാരുണവും ഞെട്ടൽ ഉളവാക്കുന്നതുമാണ്. ലോകത്താകമാനം ക്രൈസ്തവർക്ക് നേരെ വർദ്ധിച്ച് വരുന്ന അക്രമണങ്ങളെ അപലപിച്ചുക്കൊണ്ട് സഭാതല സമിതി നടത്തിയ സമാധാന സദസിന് എം.സി.വൈ.എം പത്തനംതിട്ട ഭദ്രാസനം ആതിഥേയത്വം അരുളി. എം.സി.വൈ.എം സഭാതല പ്രസിഡന്റ് ശ്രീമതി ഏയ്ഞ്ചൽ മേരി അധ്യക്ഷത വഹിച്ച സമാധാന സദസ്സ് സഭാതല സമിതി ഡയറക്ടർ റവ. ഫാ. എബ്രഹാം മേപ്പുറത്ത് ഉദ്ഘാടനം ചെയ്തു. പത്തനംതിട്ട കത്തീഡ്രൽ ദൈവാലയത്തിൽ വെച്ച് നടന്ന സമാധാന സദസ്സിൽ സഭാതല - ഭദ്രാസന - ജില്ലാ - യൂണിറ്റ് നേതാക്കന്മാരും വൈദീകരും പങ്കെടുത്തു.

### ലഹരി വിരുദ്ധ ദിനാചരണം

(26.06.2022 കുളനട - പന്തളം)

എം.സി.വൈ.എം പത്തനംതിട്ട ഭദ്രാസനത്തിന്റെയും പത്തനംതിട്ട ഭദ്രാസനത്തിന്റെ മദ്യവിരുദ്ധ സമിതിയായ മുക്തിയുടെയും സംയുക്ത ആഭിമുഖ്യത്തിൽ ലോകലഹരി വിരുദ്ധ ദിനത്തിന്റെ ഭാഗമായി ജൂൺ 26 ന് ലഹരി വിരുദ്ധ ദിനാചരണവും, കൂട്ടയോട്ടവും സംഘടിപ്പിച്ചു. പ്രസ്തുത പരിപാടികൾക്ക് എം.സി.വൈ.എം ഭദ്രാസന പ്രസിഡന്റ് അജോഷ് എം തോമസ് അധ്യക്ഷതവഹിച്ചു. കോന്നി എസ് ഐ സജു എബ്രഹാം ലഹരി വിരുദ്ധ ദിന ബോധവൽകരണ ക്ലാസ്സ് നടത്തി. റവ. ഫാ. സ്കറിയ പതാലിൽ, വെരി. റവ. ഫാ. ദാനിയേൽ കുഴിതടത്തിൽ കോർ എപ്പിസ്കോപ്പ, റവ. ഫാ. തോമസ് നെടുംമാംകുഴി, റവ. ഫാ. ബ്ലസ്സൺ ഒ.ഐ.സി, റവ. ഫാ. മാത്യു പരുമുട്ടിൽ, മുൻ ഡെപ്യൂട്ടി കളക്ടർ രാജൻ വി.ടി എന്നിവർ പ്രസംഗിച്ചു. കുളനട മലങ്കര കത്തോലിക്കാ ദൈവാലയത്തിൽ നിന്ന് പന്തളം മലങ്കര കത്തോലിക്ക ദൈവാലയത്തിലേക്ക് ലഹരി വിരുദ്ധ സന്ദേശവുമായി കൂട്ടയോട്ടം സംഘടിപ്പിച്ചത്. പ്രസ്തുത പരിപാടികൾക്ക് ആതിഥേയത്വം അരുളിയ പന്തളം വൈദീക ജില്ലയെയും, ക്രമീകരണങ്ങൾ മികച്ചതാക്കി തീർത്ത പന്തളം, കുളനട യൂണിറ്റുകളെയും ഈ അവസരത്തിൽ നന്ദിയോടെ ഓർക്കുന്നു.

### സ്വാതന്ത്ര്യദിനാഘോഷം

(ഓഗസ്റ്റ് -15, കാട്ടൂർ)

എം.സി.വൈ.എം. പത്തനംതിട്ട ഭദ്രാസന സമിതിയുടെ നേതൃത്വത്തിൽ രാജ്യത്തിന്റെ 75-ാം സ്വാതന്ത്ര്യദിനം കാട്ടൂർ മലങ്കര കത്തോലിക്ക ദൈവാലയത്തിൽ വെച്ച് സമുചിതമായി ആഘോഷിച്ചു. എം.സി. വൈ.എം. പത്തനംതിട്ട ഭദ്രാസന ഡയറക്ടർ റവ ഫാ സ്കറിയ പതാലിൽ ദേശീയ പതാക ഉയർത്തി ഭദ്രാസന പ്രസിഡന്റ് അജോഷ് എം. തോമസ് അധ്യക്ഷതവഹിച്ചു. ബിബിൻ എബ്രഹാം, ലിജോ ഫിലിപ്പ്, അലീന ജോസഫ്, ബെനതി, ആൽബി ഷോജി, അക്സാ രാജൻ എന്നിവർ പ്രസംഗിച്ചു.

### മാർഗരേഖ

എം.സി.വൈ.എം. 2022-23 വർഷത്തെ ഭദ്രാസന സമിതിയുടെ നേതൃത്വത്തിൽ 2022 വർഷത്തെ തൂലിക യുവോത്സവം എന്നിവ സംബന്ധിച്ചുള്ള മാർഗരേഖ പുറത്തിറക്കി.

### തൂലിക - 2022

(സെപ്റ്റംബർ-3, ജില്ലാ കേന്ദ്രങ്ങളിൽ)

എം.സി.വൈ.എം പത്തനംതിട്ട ഭദ്രാസനത്തിന്റെ നേതൃത്വത്തിൽ യുവജനങ്ങളുടെ രചന വൈഭവത്തെ പരിപോഷിപ്പിക്കുന്നതിനായി തൂലിക -2022 രചനാ മത്സരങ്ങൾ നടത്തപ്പെട്ടു. സെപ്റ്റംബർ 3 ശനിയാഴ്ച വൈദീക ജില്ലാ കേന്ദ്രങ്ങളിൽ വെച്ച് രാവിലെ 9 മണി മുതൽ മത്സരങ്ങൾ നടത്തപ്പെട്ടു. ഭദ്രാസന കോർഡിനേറ്റർമാർ പ്രസ്തുത മത്സരത്തിന് നീരീക്ഷകരായി പങ്കെടുത്തു.ഭദ്രാസന സമിതിയുടെ നേതൃത്വത്തിൽ ആണ് തൂലിക -2022 ന്റെ ക്രമീകരണങ്ങൾ നടത്തപ്പെട്ടത്. ഈ അവസരത്തിൽ ഒപ്പം ആയിരുന്നവരെ നന്ദിയോടെ ഓർക്കുന്നു.

### ഹെസദ് - 2022

മലങ്കര സുറിയാനി കത്തോലിക്ക സഭ
യുവജന സംഗമം സ്വാഗത സംഘം ഓഫീസ് ഉദ്ഘാടനം
(സെപ്റ്റംബർ-25, ആനന്ദപ്പള്ളി)

മലങ്കര സുറിയാനി കത്തോലിക്ക സഭയുടെ യുവജന പ്രസ്ഥാനമായ എം.സി.വൈ.എം.ന്റെ സഭാതല യുവജന ദിനാഘോഷവും, യുവജന സംഗമത്തിന്റെയും സ്വാഗത സംഘം ഓഫീസ് ഉദ്ഘാടനം സെന്റ് മേരീസ് മലങ്കര സുറിയാനി കത്തോലിക്ക ദൈവാലയം ആനന്ദപ്പള്ളിയിൽ വെച്ച് 25-09-2022 ഞായറാഴ്ച്ച നടത്തപ്പെട്ടു.ഹെസദ് - 2022 ആഘോഷങ്ങളുടെ ഏകീകരണത്തിനായി ഉള്ള സ്വാഗത സംഘം ഓഫീസ് സഭാതല സമിതിയുടെ ഡയറക്ടർ റവ ഫാ എബ്രഹാം മേപ്പുറത്ത് ഉദ്ഘാടനം ചെയ്തു. സഭാതല സമിതിയുടെ പ്രസിഡന്റ് ശ്രീമതി ഏഞ്ചൽ മേരി അധ്യക്ഷത വഹിച്ച മീറ്റിംഗിൽ ഏകദേശം 75 ഓളം യുവജന നേതാക്കന്മാർ പങ്കെടുത്തു.

### ഹെസദ് - 2022 വരവറിയിച്ച് വാഹന വിളംബര റാലി

(ഒക്ടോബർ-2, കത്തീഡ്രലിൽ നിന്ന് ആനന്ദപ്പള്ളിയിലേക്ക്)

പത്തനംതിട്ട ഭദ്രാസനം ആതിഥേയത്വം അരുളുന്ന സഭാതല യുവജന ദിനാഘോഷത്തിന്റെ വരവ് അറിയിച്ചു കൊണ്ട് ഒക്ടോബർ 2 ന് എം.സി.വൈ.എം. പതാകയും വഹിച്ചു കൊണ്ട് വാഹന വിളംബര റാലി നടത്തപ്പെട്ടു. പ്രസ്തുത സംഗമത്തിന്റെ ആവേശം വാനോളം ഉയർത്തി എം.സി.വൈ.എം. പത്തനംതിട്ട ഭദ്രാസനത്തിന്റെ നേതൃത്വത്തിൽ നടന്ന വാഹന വിളംബര റാലി പത്തനംതിട്ട ഭദ്രാസനത്തിന്റെ മുഖ്യ വികാരി ജനറാൾ മോൺ. ഡോ. ഷാജി മാണികുളം ഫ്ളാഗോഫ് ചെയ്തു. വിളംബര റാലി ആനന്ദപ്പള്ളി ദൈവാലയത്തിൽ എത്തിയപ്പോൾ പന്തളം വൈദീക ജില്ലാ വികാരി വെരി. റവ ഫാ ഡാനിയേൽ കുഴിത്തടത്തിൽ കോർഎപ്പിസ്കോപ്പ എം.സി.വൈ.എം. പതാക ഉയർത്തി സഭാതല യുവജന സംഗമത്തിന് ഔപചാരികമായ തുടക്കം കുറിച്ചു. പ്രസ്തുത വാഹന വിളംബര റാലിയോട് ചേർന്ന് ഉള്ളന്നൂർ യൂണിറ്റിന്റെ നേതൃ

www.malankaralibrary.com

ത്വത്തിൽ ഫ്ളാഷ് മോബും നടത്തപ്പെട്ടു. ഹെസദിന്റെ വരവറിയിച്ച് നടത്തപ്പെട്ട വാഹന വിളംബര റാലിക്ക് ക്രമീകരണങ്ങൾ ചെയ്തവരെയും, മനോഹരമായ ഫ്ളാഷ് മോബ് അവതരിപ്പിച്ച ഉള്ളന്നൂർ യൂണിറ്റിനെയും നന്ദിയോടെ ഓർക്കുന്നു.

## മ്യൂസിക്കൽ ഫ്യൂഷൻ

(ഒക്ടോബർ- 8, ആനന്ദപ്പള്ളി)

ഹെസദ് -2022 സഭാതല യുവജന ദിനാഘോഷത്തിന്റെ ഭാഗമായി ഒക്ടോബർ 8 ന് രാത്രി 8 മണി മുതൽ ആനന്ദപ്പള്ളി ദേവാലയത്തിൽ വെച്ച് സഭാതല - ഭദ്രാസന - വൈദീക ജില്ല - ആനന്ദപ്പള്ളി യൂണിറ്റ് എന്നിവരുടെ സംയുക്ത ആഭിമുഖ്യത്തിൽ മ്യൂസിക്കൽ ഫ്യൂഷനും, ലൈറ്റ് ഷോയും നടത്തപ്പെട്ടു.

## ഹെസദ് -2022

സഭാതല യുവജന ദിനാഘോഷം
(ഒക്ടോബർ- 9, ആനന്ദപ്പള്ളി)

മലങ്കര സുറിയാനി കത്തോലിക്കാ സഭയുടെ യുവജന പ്രസ്ഥാനമായ മലങ്കര കാത്തലിക് യൂത്ത് മൂവ്മെന്റിന്റെ നേതൃത്വത്തിൽ സഭാതല യുവജന ദിനാഘോഷം ഒക്ടോബർ ഒൻപതാം തീയതി ഞായറാഴ്ച പത്തനംതിട്ട രൂപതയുടെ ആതിഥേയത്വത്തിൽ ആനന്ദപ്പള്ളി ദേവാലയത്തിൽ വച്ച് നടത്തപ്പെട്ടു.

യുവജന ദിനാഘോഷം പത്തനംതിട്ട രൂപതയുടെ അദ്ധ്യക്ഷൻ അഭിവന്ദ്യ സാമുവേൽ മാർ ഐറേനിയോസ് പിതാവ് ഉദ്ഘാടനം ചെയ്തു. വിശുദ്ധ കുർബാനയ്ക്ക് യുവജന കമ്മീഷൻ ചെയർമാൻ അഭിവന്ദ്യ വിൻസെന്റ് മാർ പൗലോസ് പിതാവ് മുഖ്യകാർമികത്വം വഹിക്കുകയും, മറ്റ് വൈദികർ സഹകാർമികർ ആകുകയും ചെയ്തു. അഭിവന്ദ്യ യൂഹാനോൻ മാർ ക്രിസോസ്റ്റം മെത്രാപ്പോലീത്ത,അഭിവന്ദ്യ മാത്യൂസ് മാർ പോളിക്കാർപ്പസ് മെത്രാപ്പോലീത്ത എന്നിവർ അനുഗ്രഹ സന്ദേശം നൽകി.

സഭാതല പ്രസിഡന്റ് എയ്ഞ്ചൽ മേരിയുടെ അധ്യക്ഷതയിൽ കൂടിയ സമ്മേളനത്തിൽ മലങ്കര കത്തോലിക്കാ സഭയിലെ വിവിധ രൂപതകളിൽ നിന്നായി 1500ലധികം യുവജനങ്ങൾ പങ്കെടുത്തു.യുവജന സംഗമത്തിന്റെ ഭാഗമായി യുവജന സെമിനാർ, പ്രൗഢഗംഭീരമായ യുവജന റാലി എന്നിവയും നടത്തപ്പെട്ടു.

അന്തർദേശീയ ക്വിസ് മത്സരത്തിൽ ഒന്നാം സ്ഥാനം നേടിയ മാവേലിക്കര രൂപതയ്ക്കും, രണ്ടാം സ്ഥാനം നേടിയ തിരുവല്ല അതിരൂപതയ്ക്കും, മൂന്നാം സ്ഥാനം നേടിയ പുത്തൂർ രൂപതയ്ക്കും ട്രോഫികൾ കൈമാറി. സഭാതല ഡയറക്ടർ എബ്രഹാം മേപ്പുറത്ത്, പത്തനംതിട്ട രൂപതാ ഡയറക്ടർ ഫാ. സ്കറിയ പതാലിൽ സഭാതല ജനറൽ സെക്രട്ടറി സുബിൻ തോമസ്, ട്രഷറർ ജോബിൻ ഡേവിഡ്, പത്തനംതിട്ട ഭദ്രാസന പ്രസിഡന്റ് അജോഷ് എം. തോമസ്, പ്രശസ്ത സിനിമ സംവിധായകൻ അഭിജിത്ത് ജോസഫ്, സിസ്റ്റർ ദിവ്യ ഡി.എം., ഫാദർ മാത്യു പേഴുംകൂട്ടത്തിൽ,ഭദ്രാസന ജനറൽ സെക്രട്ടറി ബിബിൻ എബ്രഹാം എന്നിവർ സംസാരിച്ചു. എം.സി.വൈ.എം. സഭാതല യുവജന സംഗമം ഒരു വൻവിജയമാക്കാൻ പ്രയത്നിച്ച എല്ലാവരെയും പ്രത്യേകിച്ച് ആനന്ദ പ്പള്ളി ഇടവകയേയും നന്ദിയോടെ ഈ അവസരത്തിൽ യുവജന സഭ ഓർക്കുന്നു.

## യുവോത്സവം - 2022

(ഒക്ടോബർ- 24, മൈലപ്ര മൗണ്ട് ബഥനി പബ്ലിക് സ്കൂൾ)

എം.സി.വൈ.എം പത്തനംതിട്ട ഭദ്രാസനത്തിലെ യുവജനങ്ങളുടെ സർഗാത്മകമായ കഴിവുകളെ പ്രോത്സാഹിപ്പിക്കുന്നതിനായി യുവോത്സവം -2022 ഭദ്രാസനതല കലാമത്സരങ്ങൾ ഒക്ടോബർ 24 തിങ്കളാഴ്ച്ച മൈലപ്ര മൗണ്ട് ബഥനി സ്കൂളിൽ വെച്ച് നടത്തപ്പെട്ടു. പത്തനംതിട്ട ഭദ്രാസനത്തിലെ അഞ്ച് വൈദീക ജില്ലകളിൽ നിന്ന് ഒന്ന്, രണ്ട് സ്ഥാനങ്ങൾ കരസ്ഥമാക്കിയ മത്സരാർത്ഥികളാണ് ഭദ്രാസന തല മത്സരത്തിൽ പങ്കെടുത്തത്. യുവോത്സവം 2022 ന് പത്തനംതിട്ട രൂപതാ അദ്ധ്യക്ഷൻ അഭിവന്ദ്യ സാമുവേൽ മാർ ഐറേനിയോസ് മെത്രാപ്പോലീത്ത ഭദ്രദീപം കൊളുത്തി ഉദ്ഘടാനം ചെയ്തു. ഭദ്രാസന പ്രസിഡന്റ് അജോഷ് എം തോമസ് അധ്യക്ഷത വഹിച്ചു. മൂന്ന് വേദികളിലായി നടന്ന മത്സരത്തിന് ഏകദേശം 300 ഓളം മത്സരാർത്ഥികൾ വിവിധ മത്സര ഇനങ്ങളിൽ പങ്കെടുത്തു. ഈ വർഷത്തെ തൂലിക - 2022 രചനാ മത്സരങ്ങളുടെ ചാമ്പ്യന്മാരായി കോന്നി വൈദീക ജില്ല ഒന്നാം സ്ഥാനവും, പത്തനംതിട്ട വൈദീക ജില്ല രണ്ടാം സ്ഥാനവും കരസ്ഥമാക്കി. യുവോത്സവം - 2022 കലാമത്സരത്തിൽ കോന്നി വൈദീക ജില്ലാ ഒന്നാം സ്ഥാനവും, പന്തളം വൈദീക ജില്ല രണ്ടാം സ്ഥാനവും കരസ്ഥമാക്കി. ഈ വർഷത്തെ ഓവർ ഓൾ ചാമ്പ്യന്മാരായി കോന്നി വൈദീക ജില്ലയും രണ്ടാം സ്ഥാനക്കാരായി പത്തനംതിട്ട വൈദീക ജില്ലയും മൂന്നാം സ്ഥാനക്കാരായി പന്തളം വൈദീക ജില്ലയും തെരഞ്ഞെടുക്കപ്പെട്ടു. കോന്നി വൈദീക ജില്ലയിലെ വകയാർ യൂണിറ്റ് ഏറ്റവും കൂടുതൽ പോയിന്റ് നേടുന്ന യൂണിറ്റായും തിരഞ്ഞെടുക്കപ്പെട്ടു.വൈകുന്നേരം നടന്ന സമാപന സമ്മേളനം പത്തനംതിട്ട രൂപതാ മുഖ്യ വികാരി ജനറാൾ മോൺ. ഡോ ഷാജി മാണികുളം ഉദ്ഘാടനം ചെയ്തു. സമാപന സമ്മേളന വേദിയിൽ വെച്ച് സമ്മാന വിതരണവും നടത്തപ്പെട്ടു. ഭദ്രാസന കലോത്സവം ഒരു വൻ വിജയം ആകുവാൻ പ്രയത്നിച്ച എല്ലാവരെയും വിശിഷ്യാ യുവോത്സവത്തിന് വേദി വിട്ടു നൽകിയ മൈലപ്ര മൗണ്ട് ബഥനി സ്കൂളിനെയും ഈ അവസരത്തിൽ നന്ദിയോടെ ഓർക്കുന്നു.

## ദിനാചരണങ്ങൾ

അത്മീയ - ഭൗതിക അന്താരാഷ്ട്ര -ദേശീയ ദിനാചരണങ്ങൾ അനുസ്മരിച്ചു കൊണ്ട് പോസ്റ്ററുകളും, വോയിസ് ഓവറുകളും ചെയ്ത് സോഷ്യൽ മീഡിയയിൽ പങ്കുവെച്ചു.

## രാഷ്ട്രീയം

**'ജനാധിപത്യത്തിന്റെ ശ്രദ്ധയമായ കർമ്മ മണ്ഡലമായ രാഷ്ട്രീയ തലത്തിൽ പ്രവർത്തിക്കുവാനുള്ള ഉത്തരവാദിത്തം യുവജനങ്ങളിൽ നിക്ഷിപ്തമാണ്. ഈ മണ്ഡലത്തിൽ പ്രവർത്തിക്കുവാൻ യുവജനങ്ങളെ പ്രോത്സാഹിപ്പിച്ച് വളർത്തുകയും ചെയ്യുന്നു'**

## പ്രതിഷേധിച്ചു

നവ മാധ്യമങ്ങളിൽക്കൂടി ക്രിസ്തീയ സന്യാസത്തെ ആവിഷ്കാര സ്വാതന്ത്ര്യത്തിന്റെ പേരിൽ അവഹേളനാപാത്രമായി ചിത്രീകരിച്ചതിനെതിരെ എം.സി.വൈ.എം പത്തനംതിട്ട ഭദ്രാസന സമിതി അപലപിച്ചു. പ്രസ്തുത വിഷയത്തിൽ നവമാധ്യമങ്ങളിൽക്കൂടി യുവജന സഭയുടെ പ്രതിഷേധം അറിയിച്ചു.

## നിവേദനം നൽകി

ഞായറാഴ്ച്ച മാത്രം ലോക്ക്ഡൗൺ ഏർപ്പെടുത്തി ക്രിസ്തീയ ആരാധന സ്വാതന്ത്രത്തിന് വിലക്ക് ഏർപ്പെടുത്തിയ സർക്കാർ നടപടിക്ക് എതിരെ പത്തനംതിട്ട കളക്ടറേറ്റിൽ കെ.സി.വൈ.എം സംസ്ഥാന സമിതിയുടെ നിർദ്ദേശപ്രകാരം നിവേദനം നൽകി.

## അപലപിച്ചു

കേരള പാഠാവലി ഏഴാം ക്ലാസ്സിലെ നവോത്ഥാന ചരിത്രത്തിൽ നിന്ന് നവോത്ഥാന രാജശില്പിയായ വിശുദ്ധ ചാവറ കുര്യാക്കോസ് ഏലിയാസ് അച്ചനെ ഒഴിവാക്കിയ നടപടിയിൽ നവ മാധ്യമങ്ങളിൽ കൂടി യുവജന സഭ അപലപിച്ചു .

## ഐക്യാദാർഢ്യം പ്രഖ്യാപനവും, പ്രതിഷേധ ദിനാചരണവും ഒപ്പ് ശേഖരണവും

വിഴിഞ്ഞം തുറമുഖ നിർമ്മാണവും ആയി ബന്ധപ്പെട്ട് ഒരു ജനതയുടെ ജീവിക്കാനുള്ള അവകാശത്തിന് നേരെ കരി നിഴൽ വീഴ്ത്തുന്ന ഭരണകൂടത്തിന്റെ നീക്കത്തിന് എതിരെ വിഴിഞ്ഞം കേന്ദ്രീകരിച്ച്മത്സ്യത്തൊഴിലാളികൾ നടത്തുന്ന സമരത്തിന് എം.സി.വൈ.എം പത്തനം

www.malankaralibrary.com

തിട്ട ഭദ്രാസനം ഐക്യദാർഢ്യം പ്രഖ്യാപിച്ചു. പ്രസ്തുത സമരത്തിന് പിന്തുണ പ്രഖ്യാപിച്ചു കൊണ്ട് ഓഗസ്റ്റ് 21 ഞായർ പ്രതിഷേധ ദിനമായും ഇടവകകളിൽ നിന്ന് ഒപ്പ് ശേഖരണവും എം.സി.വൈ.എം. പത്തനം തിട്ട ഭദ്രാസനത്തിന്റെ നേതൃത്വത്തിൽ നടത്തപ്പെട്ടു. ഇടവകകളിൽ നിന്ന് ശേഖരിക്കപ്പെട്ട ഒപ്പ് കെ.സി.വൈ.എം സംസ്ഥാന സമിതിക്ക് സർക്കാരിന് നിവേദനം സമർപ്പിക്കാനായി കൈമാറി.

## നന്ദിപൂർവ്വം...

ഭദ്രാസന സമിതി പ്രവർത്തനങ്ങൾ അനുഗ്രഹീതമാക്കാൻ ആത്മാർത്ഥമായി സഹകരിക്കുകയും പ്രോത്സാഹിപ്പിക്കുകയും ചെയ്ത എല്ലാവരെയും നന്ദിയോടെ ഓർക്കുന്നു.

## ബൗദ്ധീകം





## ഓർമ്മച്ചിത്രങ്ങൾ... 2022


www.malankaralibrary.com

# ഓർമ്മച്ചിത്രങ്ങൾ... 2022

# ആത്മീയം



























www.malankaralibrary.com

# ഓർമ്മച്ചിത്രങ്ങൾ... 2022

## സാമൂഹികം






















## രാഷ്ട്രീയം












www.malankaralibrary.com

# ഓർമ്മച്ചിത്രങ്ങൾ... 2022

# സാംസ്കാരികം



























www.malankaralibrary.com

# പ്രവർത്തന വീഥിയിൽ കഴിഞ്ഞ രണ്ട് വർഷക്കാലം ഭദ്രാസന സമിതിക്ക് താങ്ങും തണലുമായി നിന്നവർ....



സീതത്തോട് വൈദിക ജില്ല



പന്തളം വൈദിക ജില്ല



പത്തനംതിട്ട വൈദിക ജില്ല



റാന്നി–പെരുന്നാട് വൈദിക ജില്ല



കോന്നി വൈദിക ജില്ല


www.malankaralibrary.com

# ഓർമ്മച്ചിത്രങ്ങൾ... 2023


## ആത്മീയം





















www.malankaralibrary.com

# ഓർമ്മച്ചിത്രങ്ങൾ... 2023

## ബൗദ്ധീകം



















www.malankaralibrary.com

# ഓർമ്മച്ചിത്രങ്ങൾ... 2023

# സാംസ്കാരികം




































www.malankaralibrary.com

# ഓർമ്മച്ചിത്രങ്ങൾ... 2023

## സാമൂഹികം




















www.malankaralibrary.com

# രാഷ്ട്രീയം










# KCYM പരിപാടികളിൽ
























ഓർമ്മച്ചിത്രങ്ങൾ...
2023

www.malankaralibrary.com

# ഉപരിഘടക പരിപാടികളിലെ നിറസാന്നിധ്യമായി പത്തനംതിട്ടയിലെ യുവജന സഭ





ടാനിയോ 2022


ഗ്ലോബൽ മീറ്റ് 2023


ടാനിയോ 2023


തീർത്ഥാടന പദയാത്ര മീറ്റിംഗ് 2023



മിസ്പ - 2022


തീർത്ഥാടന പദയാത്ര മീറ്റിംഗ് 2023


ഗ്ലോബൽ മീറ്റ് 2023


മിസ്പ - 2022

www.malankaralibrary.com

# വാർഷിക റിപ്പോർട്ട് 2023

*"യുവതി യുവാക്കന്മാരെ നിങ്ങൾ ശക്തരാണ് ദൈവത്തിന്റെ വചനം നിങ്ങളിൽ വസിക്കുന്നു.നിങ്ങൾ ദുഷ്ടനെ ജയിക്കുകയും ചെയ്തിരിക്കുന്നു. ചിന്തയിലും വാക്കിലും പ്രവർത്തിയിലും തീക്ഷ്ണത നിറഞ്ഞ മലങ്കര സുറിയാനി കത്തോലിക്ക സഭയുടെ യുവജന പ്രസ്ഥാനം മലങ്കര കാതലിക് യൂത്ത് മൂവ്മെന്റ്. യുവാവായ ക്രിസ്തുവിലുള്ള വിശ്വാസത്താൽ, ജീവിതത്തിന് നിറം പകരുന്ന ക്രിസ്തുവിന്റെ സ്നേഹത്തിലൂടെ, അവൻ തെളിച്ച പാതയിലൂടെ,അനേകർക്ക് കൈത്താങ്ങാവുന്ന മലങ്കരയുടെ യൗവനം.ക്രൈസ്തവ ആദർശത്തിൽ അധിഷ്ഠിതമായി സഭയിലെ യുവജനങ്ങളുടെ സമഗ്ര വികസനവും, സമൂഹത്തിന്റെ സമ്പൂർണ്ണ വിമോചനവും ലക്ഷ്യം വെച്ച് മുന്നേറുന്ന എം.സി.വൈ.എം പത്തനംതിട്ട ഭദ്രാസനത്തിന്റെ 2023 പ്രവർത്തന വർഷം പൂർത്തിയാകുന്നു . എം.സി.വൈ.എം. പത്തനംതിട്ട ഭദ്രാസനം 2023 കർമ്മ വർഷത്തിൽ യുവജന സഭയുടെ സമഗ്രഹ വളർച്ചക്കായി ആവിഷ്കരിച്ച കർമ്മപരിപാടികൾ ചുവടെ ചേർക്കുന്നു."*

## ബൗദ്ധികം

### വാർഷിക സെനറ്റ് സമ്മേളനം

(14/01/2023 ചിറ്റാർ)

എം.സി.വൈ.എം. പത്തനംതിട്ട ഭദ്രാസനത്തിന്റെ 2022 വർഷത്തെ വാർഷിക സെനറ്റ് സമ്മേളനം ചിറ്റാർ സെന്റ് മേരീസ് മലങ്കര കത്തോലിക്ക ദൈവാലയത്തിൽ വെച്ച് ജനുവരി മാസം 14ാം തീയതി നടത്തപ്പെട്ടു. രാവിലെ 9:30 ന് എം.സി.വൈ.എം. പത്തനംതിട്ട ഭദ്രാസന ആനിമേറ്റർ സിസ്റ്റർ ഹൃദ്യ എസ് ഐ സി പതാക ഉയർത്തി ആരംഭിച്ച സെനറ്റ് സമ്മേളനത്തിന് ഭദ്രാസന പ്രസിഡന്റ് അജോഷ് എം തോമസ് അധ്യക്ഷത വഹിച്ചു. പ്രസ്തുത സെനറ്റ് സമ്മേളനം പത്തനംതിട്ട ഭദ്രാസനത്തിലെ നവ വൈദീകർ ചേർന്ന് ഉദ്ഘടാനം ചെയ്തു. സെനറ്റ് സമ്മേളനത്തിന്റെ ആദ്യ സെക്ഷനിൽ വൈദീക ജില്ലകൾ അർദ്ധ വാർഷിക സെനറ്റ് സമ്മേളനത്തിന് ശേഷമുള്ള പ്രവർത്തനറിപ്പോർട്ട് അവതരിപ്പിക്കുകയും അതിന്മേൽ ചർച്ച നടത്തുകയും ചെയ്തു. സെനറ്റ് സമ്മേളനത്തിന്റെ രണ്ടാം സെഷനിൽ എം.സി.വൈ.എം. മുൻ സഭാതല സമിതി ഡയറക്ടർ റവ ഫാ സെബാസ്റ്റ്യൻ കിഴക്കേതിൽ യുവജന നേതാക്കന്മാർക്കായി ഒരു ഓറിയന്റേഷൻ ക്ലാസ് നയിച്ചു. തുടർന്ന് ഭദ്രാസനത്തിന്റെ റിപ്പോർട്ട് അവതരണവും, വാർഷിക കണക്ക് അവതരണവും അതിന്മേൽ ചർച്ചയും നടത്തപ്പെട്ടു. ഭദ്രാസന റിപ്പോർട്ട് കോന്നി വൈദീക ജില്ലാ പ്രസിഡന്റ് ശ്രീ വിശാഖ് വി എൽ പാസാക്കുകയും, സീതത്തോട് വൈദീക ജില്ലാ സെക്രട്ടറി ശ്രീ ഡാനി എബി പിന്താങ്ങുകയും ചെയ്തു. കോന്നി വൈദീക ജില്ലാ ജോയിന്റ് സെക്രട്ടറി ശ്രീ റോബിൻ വി കോട്ടയം, റാന്നി പെരുന്നാട് വൈദീക ജില്ലാ ട്രഷറർ ശ്രീ ലിന്റോ എന്നിവർ യഥാക്രമം വാർഷിക കണക്ക് പാസാക്കുകയും പിന്താങ്ങുകയും, ചെയ്തു. തുടർന്ന് നടന്ന ചർച്ചയിൽ എം.സി.വൈ.എം. ഭരണഘടന ഭേദഗതി സംബന്ധിച്ചും, വൈദീക ജില്ലകൾ മുൻകൂട്ടി നൽകിയ വിഷയങ്ങൾ സംബന്ധിച്ചും ആരോഗ്യകരമായ ചർച്ചകൾ നടത്തപ്പെട്ടു. കഴിഞ്ഞ ഒരു വർഷക്കാലം യുവജന സഭയുടെ പ്രവർത്തനങ്ങൾക്ക് ഊർജ്ജം നൽകിയ ദിവ്യകാരുണ്യ നാഥന് നന്ദിയായി ദിവ്യകാരുണ്യ ആരാധനയും സെനറ്റ് സമ്മേളനത്തിന്റെ അവസാന സെഷനിൽ നടത്തപ്പെട്ടു. പ്രസ്തുത സെനറ്റ് സമ്മേളനത്തിൽ വെച്ച് പത്തനംതിട്ട ഭദ്രാസനത്തിലെ നവ വൈദീകർക്ക് ഉള്ള ആദരവും യുവജന സഭ നൽകി. ഏകദേശം 50 ഓളം യുവജന നേതാക്കന്മാർ പങ്കെടുത്ത സെനറ്റ് സമ്മേളനം ചിട്ടയായ ക്രമീകരണങ്ങൾ കൊണ്ട് വിജയമാക്കി തീർത്ത ചിറ്റാർ യൂണിറ്റിനെയും, ആതിഥേയത്വം അരുളിയ സീതത്തോട് വൈദീക ജില്ലയെയും ഈ അവസരത്തിൽ എം.സി.വൈ.എം. പത്തനംതിട്ട ഭദ്രാസനം നന്ദിയോടെ ഓർക്കുന്നു.

### അസാധാരണ സെനറ്റ് സമ്മേളനം

(25.02.2023 കിഴവള്ളൂർ)

എം.സി.വൈ.എം. പത്തനംതിട്ട ഭദ്രാസനത്തിന്റെ അസാധാരണ സെനറ്റ് സമ്മേളനം 25 - 02 - 2022 ശനിയാഴ്ച രാവിലെ 9 മണി മുതൽ കിഴവള്ളൂർ സെന്റ് പീറ്റേഴ്സ് മലങ്കര സുറിയാനി കത്തോലിക്ക ദൈവാലയത്തിൽ വെച്ച് നടത്തപ്പെട്ടു. ഭദ്രാസന പ്രസിഡന്റ് അജോഷ് എം. തോമസ് അധ്യക്ഷത വഹിച്ച സെനറ്റ് സമ്മേളനത്തിൽ പത്തനംതിട്ട ഭദ്രാസനത്തിലെ വിവിധ വൈദീക ജില്ലയിലെ ഭാരവാഹികൾ പങ്കെടുത്തു. എം.സി.വൈ.എം. പ്രസ്ഥാനത്തിന്റെ ഭദ്രാസന തല ഭരണഘടന ഭേദഗതി സംബന്ധിച്ച് നടന്ന അസാധാരണ സെനറ്റ് സമ്മേളനത്തിന് ഭദ്രാസന ഡയറക്ടർ റവ ഫാ സ്കറിയ പതാലിൽ,സിസ്റ്റർ ആനിമേറ്റർ ഹൃദ്യ എസ്. ഐ. സി ജനറൽ സെക്രട്ടറി ബിബിൻ എബ്രഹാം, ഭദ്രാസന ഭാരവാഹികൾ എന്നിവർ നേതൃത്വം നൽകി.പ്രസ്തുത സെനറ്റ് സമ്മേളനത്തിന് എല്ലാവിധ ക്രമീകരണങ്ങളും ചെയ്തുതന്ന കിഴവള്ളൂർ യൂണിറ്റിനെയും ആതിഥേയത്വം അരുളിയ കോന്നി വൈദിക ജില്ലയെയും ഈ അവസരത്തിൽ നന്ദിയോടെ ഭദ്രാസന സമിതി ഓർക്കുന്നു.

### വിസിറ്റ 2023

(04.04.2023,ബിഷപ്പ്സ് ഹൗസ്)

രൂപതാതല പ്രവർത്തനങ്ങളെ വിലയിരുത്തുവാനും ആശയങ്ങൾ രൂപീകരിക്കാനും കെ.സി.വൈ.എം സംസ്ഥാന സമിതിയുടെ നേതൃത്വത്തിൽ ഏപ്രിൽ 4 ന് പത്തനംതിട്ട രൂപതാ വിസിറ്റ് നടത്തി പ്രവർത്തനങ്ങൾ വിലയിരുത്തി.എം.സി.വൈ.എം. പത്തനംതിട്ട ഭദ്രാസന സമിതിയുടെ നേതൃത്വത്തിൽ കെ സി വൈ എം സംസ്ഥാന സമിതിയെ ഹൃദ്യമായി പത്തനംതിട്ട രൂപതയിലേക്ക് സ്വീകരിച്ചു.

കെ.സി.വൈ.എം സംസ്ഥാന പ്രസിഡന്റ് ശ്രീ.ഷാരോൺ കെ റെജി അധ്യക്ഷത വഹിച്ച യോഗത്തിൽ കെ.സി.വൈ.എം സംസ്ഥാന ജനറൽ സെക്രട്ടറി ശ്രീ ജോജി ടെന്നിസൺ എല്ലാവർക്കും സ്വാഗതം ആശംസിച്ചു. കെ.സി.വൈ.എം സംസ്ഥാന ഡയറക്ടർ ഫാ.സ്റ്റീഫൻ തോമസ് ആമുഖപ്രഭാഷണം നടത്തി. പത്തനംതിട്ട രൂപത ഡയറക്ടർ ഫാ. സ്കറിയ പതാലിൽ സംസ്ഥാന സമിതിയെ അഭിസംബോധന ചെയ്ത് സംസാരിക്കുകയും നിർദ്ദേശങ്ങൾ നൽകുകയും ചെയ്തു. രൂപത പ്രസിഡന്റ് ശ്രീ. അജോഷ് എം. തോമസ് നാളിതുവരെയുള്ള എം.സി. വൈ.എം. പത്തനംതിട്ട ഭദ്രാസന സമിതിയുടെ പ്രവർത്തനങ്ങൾ അവതരിപ്പിക്കുകയും,സംസ്ഥാന സമിതിയുമായി ആശയങ്ങൾ പങ്കുവെച്ച് സംസാരിക്കുകയും ചെയ്തു. പത്തനംതിട്ട ഭദ്രാസനത്തിലെ യുവജന സഭയുടെ പ്രവർത്തനങ്ങൾ വിലയിരുത്താൻ കടന്ന് വന്ന കേരള കത്തോലിക്ക സഭയുടെ ധർമ്മിക യുവജന പ്രസ്ഥാനത്തിന്റെ എല്ലാ നേതാക്കളെയും ഈ അവസരത്തിൽ നന്ദിയോടെ ഓർക്കുന്നു.

### മാർ ഈവാനിയോസ് തീർത്ഥാടന പദയാത്ര മീറ്റിംഗ്

മലങ്കര സുറിയാനി കത്തോലിക്ക സഭയുടെ പ്രഥമ ആർച്ച് ബിഷപ്പ് ദൈവദാസൻ മാർ ഈവാനിയോസ് പിതാവിന്റെ 70-ാം ഓർമ്മപെരുന്നാളിന്റെ ഭാഗമായി നടത്തപ്പെടുന്ന തീർത്ഥാടന പദയാത്രയുടെ ക്രമീകരണങ്ങൾ ചർച്ച ചെയ്യുന്നതിനായി നടത്തപ്പെട്ട മീറ്റിംഗുകളിൽ ഭദ്രാസന സമിതി പങ്കെടുത്തു. ഏപ്രിൽ -3 ന് തിരുവനന്തപുരം തിരുസന്നിധിയിൽ വെച്ച് യുവജന കമ്മീഷൻ ചെയർമാൻ വിളിച്ച മീറ്റിംഗിലും ഏപ്രിൽ മാസം 29 ന് പത്തനംതിട്ട അരമനയിൽ അഭിവന്ദ്യ കാതോലിക്ക ബാവ തിരുമനസ് വിളിച്ച മീറ്റിംഗിലും ആണ് പങ്കെടുത്തത്. പ്രസ്തുത മീറ്റിംഗിൽ 3 വർഷമായി മുടങ്ങി കിടന്നിരുന്ന തീർത്ഥാടന പദയാത്ര പുനരാരംഭിക്കുന്നത് സംബന്ധിച്ചും, അതിന്റെ ക്രമീകരണങ്ങൾ സംബന്ധിച്ചും ചർച്ച ചെയ്തു. സഭാതല സമിതിയുടെ മേൽനോട്ടത്തിൽ നടന്ന മീറ്റിംഗുകൾ അത് പദയാത്രയുടെ സുഗമമായ നടത്തിപ്പിന് സഹായകരമായിരുന്നു.

### തീർത്ഥാടന പദയാത്ര വിലയിരുത്തൽ മീറ്റിംഗ്

(22.07.2023 മൈലം)

ദൈവദാസൻ മാർ ഈവാനിയോസ് പിതാവിന്റെ കബറിങ്കലേക്ക് നടത്തപ്പെട്ട 43-ാമത് തീർത്ഥാടന പദയാത്ര ഭംഗിയായി ക്രമീകരിക്കുവാൻ നേതൃത്വം നൽകിയതിന്റെ പ്രവർത്തനങ്ങൾ വിലയിരുത്താനായി സഭാതല സമിതിയുടെ നേതൃത്വത്തിൽ നടത്തപ്പെട്ട മീറ്റിംഗിൽ എം.സി.വൈ.എം. പത്തനംതിട്ട ഭദ്രാസന സമിതിയിൽ നിന്ന് പ്രതിനിധികൾ പങ്കെടുത്തു. ജൂലൈ മാസം 22 ശനിയാഴ്ച വൈകുന്നേരം 3 മണിക്ക് കൊട്ടാരക്കര മൈലം ദൈവാലയത്തിൽ നടത്തപ്പെട്ട മീറ്റിം

www.malankaralibrary.com

ഗിൽ തീർത്ഥാടന പദയാത്രയുടെ ഭാഗമായി നടത്തപ്പെട്ട എല്ലാ പ്രവർത്തനങ്ങളും, പോരായ്മകളും, അടുത്ത വർഷത്തെ പദയാത്രയുടെ നല്ല രീതിയിൽ ഉള്ള നടത്തിപ്പും ചർച്ച ചെയ്തു. പ്രസ്തുത അവലോകന മീറ്റിംഗിൽ പത്തനംതിട്ട ഭദ്രാസന സമിതിയോട് ചേർന്ന് റാന്നി പെരുന്നാട് വൈദീക ജില്ലയിലെ ഭാരവാഹികളും പങ്കെടുത്തു.

## അർദ്ധവാർഷിക സെനറ്റ് സമ്മേളനം

(06.08.2023, മുളന്തറ)

എം.സി.വൈ.എം. പത്തനംതിട്ട ഭദ്രാസനത്തിന്റെ അർദ്ധ വാർഷിക സെനറ്റ് സമ്മേളനം മുളന്തറ സെന്റ് മേരീസ് മലങ്കര കത്തോലിക്ക ദൈവാലയത്തിൽ വെച്ച് ഓഗസ്റ്റ് മാസം 6-ാം തീയതി ഉച്ചക്ക് 1:30 മുതൽ നടത്തപ്പെട്ടു. യുവജന സഭയുടെ 2023 പ്രവർത്തന വർഷത്തിലെ ആദ്യ ആറു മാസത്തെ വൈദീക ജില്ലാ - ഭദ്രാസന സമിതികളുടെ പ്രവർത്തനങ്ങൾ വിലയിരുത്താൻ വേണ്ടിയാണ് അർദ്ധ വാർഷിക സെനറ്റ് സമ്മേളനം നടത്തപ്പെട്ടത്. ഭദ്രാസന പ്രസിഡന്റ് അജോഷ് എം തോമസ് അധ്യക്ഷത വഹിച്ച അർദ്ധ വാർഷിക സെനറ്റ് സമ്മേളനം റവ ഫാ തോമസ് പ്രശാന്ത് ഒ.ഐ.സി ഉദ്ഘാടനം ചെയ്തു. റവ ഫാ സ്കറിയ പതാലിൽ, റവ ഫാ സ്കോട്ട് സ്ലീബാ പുളിമൂടൻ, റവ സിസ്റ്റർ ജോവാൻ എസ്. ഐ. സി, ഭദ്രാസന ജനറൽ സെക്രട്ടറി ബിബിൻ എബ്രഹാം, ജിറ്റി കെ എബ്രഹാം എന്നിവർ പ്രസംഗിച്ചു. അർദ്ധ വാർഷിക സെനറ്റ് സമ്മേളനത്തിന്റെ ഭാഗമായി വൈദീക ജില്ലാ പ്രവർത്തന റിപ്പോർട്ട് അവതരണം, ഭദ്രാസന റിപ്പോർട്ട് അവതരണം, സംഘടനാ ചർച്ച, ആദരവ് എന്നിവ നടത്തപ്പെട്ടു.ഭദ്രാസന സെനറ്റ് സമ്മേളനത്തിന് മികവാർന്ന ക്രമീകരണങ്ങൾ ചെയ്ത മുളന്തറ യൂണിറ്റിനെയും, ആതിഥേയത്വം അരുളിയ കോന്നി വൈദീക ജില്ലയെയും ഈ അവസരത്തിൽ നന്ദിയോടെ ഓർക്കുന്നു

## സമസ്യ - 2023

(22.09.2023, മഡോണ ഇന്റർനാഷണൽ സ്കൂൾ പുത്തൻ പീടിക)

അറിവിന്റെ ലോകത്തെ മത്സരമാമാങ്കമായ സമസ്യ -2023 ഗ്രാൻഡ് ഫിനാലെ സെപ്റ്റംബർ മാസം 22-ാം തീയതി പുത്തൻപീടിക മഡോണ ഇന്റർനാഷണൽ സ്കൂളിൽ വെച്ച് നടത്തപ്പെട്ടു.എം.സി. വൈ.എം. പത്തനംതിട്ട ഭദ്രാസന ഡയറക്ടർ റവ ഫാ സ്കറിയ പതാലിൽ ഉദ്ഘാടനം ചെയ്ത ഗ്രാൻഡ് ഫിനാലെ മത്സരത്തിൽ ശ്രീ ഷിബു ചുങ്കത്തിൽ ക്വിസ് മാസ്റ്ററായി മത്സരം നിയന്ത്രിച്ചു. മൂന്ന് റൗണ്ടുകളിലായി നടന്ന വാശിയേറിയ മത്സരത്തിൽ പന്തളം വൈദീക ജില്ലയിലെ ചന്ദനപ്പള്ളി യൂണിറ്റ്, കോന്നി വൈദീക ജില്ലയിലെ വി. കോട്ടയം യൂണിറ്റ്, പന്തളം വൈദീക ജില്ലയിലെ ഉള്ളന്നൂർ യൂണിറ്റ് എന്നിവർ യഥാക്രമം 1,2,3 സ്ഥാനങ്ങൾ കരസ്ഥമാക്കി. ഗ്രാൻഡ് ഫിനാലെ വേദിയിൽ 15 ടീമുകൾ ആണ് മാറ്റുരച്ചത്.സമസ്യ - 2023 വേദി ഒരുക്കുവാൻ മഡോണ ഇന്റർ നാഷണൽ സ്കൂളിന്റെ സംവിധാനങ്ങൾ വിട്ട് നൽകിയ പ്രിൻസ് അച്ചനോടും, മറ്റ് ഉത്തരവാദിത്തപ്പെട്ടവരോടുമുള്ള നന്ദി ഈ അവസരത്തിൽ അറിയിക്കുന്നു.

## ഹെസദ് - 2023

(08.10.2023, കറ്റാനം)

മാവേലിക്കര ഭദ്രാസനത്തിന്റെ ആതിഥേയത്വത്തിൽ കറ്റാനത്ത് വെച്ച് നടത്തപ്പെട്ട സഭാതല യുവജന ദിനാഘോഷത്തിൽ എം.സി. വൈ.എം. പത്തനംതിട്ട ഭദ്രാസനത്തിൽ നിന്ന് നിറസാന്നിധ്യമായി യുവജനങ്ങൾ പങ്കെടുത്തു.ഒക്ടോബർ മാസം 8-ാം തീയതി ഞായറാഴ്ച നടത്തപ്പെട്ട യുവജന ദിനാഘോഷ പരിപാടികളിൽ പത്തനംതിട്ട ഭദ്രാസനത്തിന്റെ നേതൃത്വത്തിൽ വൈദീക ജില്ലകൾക്കായി പ്രേത്യേകം ബസ് ക്രമീകരിച്ച് നൽകിക്കൊണ്ട് ഏകദേശം 150 ഓളം യുവജനങ്ങളെ പങ്കെടുപ്പിച്ചു.

## വാട്സ്ആപ്പ് ചാനൽ

ആധുനിക ലോകത്തെ എല്ലാ മാധ്യമ സംവിധാനങ്ങളും ഉപയോഗിക്കുന്നതിന്റെ ഭാഗമായി എം.സി.വൈ.എം. പത്തനംതിട്ട ഭദ്രാസനത്തിന്റെ നേതൃത്വത്തിൽ എം.സി.വൈ.എം. പത്തനംതിട്ട ഭദ്രാസനം എന്ന പേരിൽ ഒരു വാട്സ്ആപ്പ് ചാനൽ നിർമിച്ച്, ഭദ്രാസന തല യുവജന സഭയുടെ പ്രവർത്തനങ്ങൾ എല്ലാവരിലേക്കും എത്തിച്ചു വരുന്നു. എം.സി.വൈ.എം. വാർത്തകൾ എല്ലാവരിലേക്കും എത്തുന്നതിനായും,യുവജന സഭയുടെ പ്രവർത്തന പന്ഥാവിലെ ലൈവ് അപ്ഡേറ്റ്സ് അറിയുന്നതിനുമായി ഈ വാട്സ്ആപ്പ് ചാനൽ സബ്സ്ക്രൈബ് ചെയ്യാൻ എല്ലാവരോടും ഈ അവസരത്തിൽ ആഹ്വാനം ചെയ്യുന്നു

## യൂണിറ്റ് വിസിറ്റ്

എം.സി.വൈ.എം. പത്തനംതിട്ട ഭദ്രാസന സമിതിയുടെ നേതൃത്വത്തിൽ 2023 വർഷത്തിൽ കോന്നി വൈദീക ജില്ലയിലെ അട്ടച്ചാക്കൽ യൂണിറ്റ് മുളന്തറ യൂണിറ്റ്, സീതത്തോട് വൈദീക ജില്ലയിലെ, ചിറ്റാർ യൂണിറ്റ്, സീതത്തോട് യൂണിറ്റ്, റാന്നി പെരുന്നാട് വൈദീക ജില്ലയിലെ വടശ്ശേരിക്കര യൂണിറ്റ് എന്നിവ സന്ദർശിച്ചു. പ്രസ്തുത സന്ദർശന വേളയിൽ ടി യൂണിറ്റുകൾ ആതിഥേയത്വം അരുളുന്ന കർമ്മപരിപാടികളുടെ ക്രമികരണങ്ങളും, യൂണിറ്റ് പ്രവർത്തനങ്ങളും ചർച്ച ചെയ്തു.

## യുവജന ദിനാഘോഷം

മലങ്കര സുറിയാനി കത്തോലിക്ക സഭ ഒക്ടോബർ മാസത്തിലെ ആദ്യ ഞായറാഴ്ച യുവജന ഞായറായി ആചരിക്കുന്നതിന്റെ ഭാഗമായി പത്തനംതിട്ട ഭദ്രാസനത്തിലെ എല്ലാ യൂണിറ്റുകളിലും യുവജന ഞായർ ആചരിച്ചു. ഒക്ടോബർ മാസത്തിൽ ഭദ്രാസന - സഭാതല പരിപാടികളുടെ ക്രമീകരണം കണക്കിലെടുത്ത് ഒക്ടോബർ 15 ഞായറാഴ്ചയാണ് ഭദ്രാസനത്തിലെ യൂണിറ്റുകളിൽ യുവജന ഞായറാചരണം നടത്തിയത്.പ്രസ്തുത ദിനാചരണത്തിന്റെ ഭാഗമായി യൂണിറ്റുകളിൽ യുവജനങ്ങളുടെ നേതൃത്വത്തിൽ കാഴ്ചയർപ്പണം, പതാക ഉയർത്തൽ, യൂണിറ്റ് മീറ്റിംഗ്, ചാരിറ്റി പ്രവർത്തനങ്ങൾ,സാമൂഹിക -സാംസ്കാരിക - ആത്മീയ - ബൗദ്ധിക പരിപാടികൾ എന്നിവ സംഘടിപ്പിച്ചു. യുവജന ഞായർ സമുചിതമായി ആചരിച്ച എല്ലാ യൂണിറ്റ് നേതാക്കന്മാരെയും ഈ അവസരത്തിൽ നന്ദിയോടെ ഓർക്കുന്നു.

## പുനരൈക്യ വാർഷിക ആഘോഷവും അന്തർദേശീയ യുവജന കൺവെൻഷനും

മൂവാറ്റുപുഴയിൽ വെച്ച് നടത്തപ്പെട്ട 93-ാം മത് പുനരൈക്യ വാർഷിക ആഘോഷങ്ങളിലും, 32-ാമത് അന്തർദേശിയ യുവജന കൺവൻഷനിലും എം.സി.വൈ.എം. പത്തനംതിട്ട ഭദ്രാസനത്തിൽ നിന്ന് പ്രതിനിധികൾ പങ്കെടുത്തു.

## ഡയലോഗ് കമ്മീഷൻ മീറ്റിംഗ്

മലങ്കര സുറിയാനി കത്തോലിക്ക സഭയുടെ എക്യൂമെനിക്കൽ & ഇന്റർ റിലീജിയസ് ഡയലോഗ് കമ്മീഷന്റെ തിരുവല്ലയിൽ വച്ച് നടന്ന സഭാതല മീറ്റിംഗിൽ എം.സി.വൈ.എം. പത്തനംതിട്ട ഭദ്രാസന സമിതിക്ക് വേണ്ടി ശ്രീ അജോഷ്, ശ്രീ സുബിൻ, ശ്രീ ലിബിൻ എന്നിവർ പങ്കെടുത്തു.

## ഐഡി കാർഡ്

ഈ വർഷത്തെ ഐ ഡി കാർഡ് ക്യാമ്പയിനിങ്ങിൽ 317 യുവജനങ്ങൾ അംഗത്വത്തിനായി അപേക്ഷ നൽകി. പ്രസ്തുത ഐ ഡി കാർഡ് വിതരണത്തിനായി ചാലക ശക്തിയായി നിന്ന അഞ്ച് വൈദീക ജില്ലാ സമിതികളെയും നന്ദിയോടെ ഓർക്കുന്നു.അപേക്ഷ നൽകിയ എല്ലാവർക്കും സമയബന്ധിതമായി തന്നെ ഐഡി കാർഡ് നൽകുവാൻ ഭദ്രാസന സമിതിക്ക് കഴിഞ്ഞു.

## സർക്കുലറുകൾ

എം.സി.വൈ.എം. പ്രസ്ഥാനത്തിന്റെ സംഘടനാ സംവിധാനത്തിന്റെ ഭാഗമായി 2023 പ്രവർത്തന വർഷത്തിൽ 8 സർക്കുലറുകൾ കീഴ്ഘടകങ്ങൾക്കുള്ള ഔദ്യോഗിക അറിയിപ്പായി പുറപ്പെടുവിച്ചു.

## എം.സി.വൈ.എം. ഭരണഘടന

എം.സി.വൈ.എം. 2020-21 സമിതിയുടെ കാലത്ത് തുടക്കം കുറിച്ച എം.സി.വൈ.എം. ഭരണഘടനയുടെ പരിഷ്കരണ നടപടികൾ അതിന്റെ അവസാനഘട്ടത്തിൽ എത്തിക്കുവാൻ ഈ സമിതിക്ക് കഴിഞ്ഞു. എം.സി.വൈ.എം. ഭരണഘടനയുംമായി ബന്ധപ്പെട്ട് 2022-23 സമിതിയുടെ കാലത്ത് രണ്ട് വർഷത്തെ കൂടി ആലോചനകളും, അതു

www.malankaralibrary.com

മായി ബന്ധപ്പെട്ട കൂട്ടിച്ചേർക്കലുകളും, ഒഴിവാക്കലുകളും, ടി മേഖലയിൽ പ്രവർത്തി പരിചയം ഉള്ളവരുടെ വിദഗ്ധ അഭിപ്രായശേഖരണവും, ഭദ്രാസന അധ്യക്ഷന്റെ അനുമതിയും വാങ്ങി പ്രിന്റിംഗിന് വേണ്ടിയുള്ള അവസാന ഘട്ട നടപടിയിലേക്ക് ഭരണഘടന പരിഷ്കരണങ്ങളുമായി ബന്ധപ്പെട്ട നടപടികൾ എത്തിക്കുവാൻ കഴിഞ്ഞു. ഈ പ്രവർത്തനങ്ങളിൽ ഒപ്പം ആയിരുന്ന എല്ലാവരെയും ഈ അവസരത്തിൽ നന്ദിയോടെ ഓർക്കുന്നു.

## സെക്രട്ടറിയേറ്റ്, സെനറ്റ്, ജില്ലാ ഭാരവാഹി മീറ്റിംഗുകൾ

യുവജന സഭയുടെ 2023 പ്രവർത്തന വർഷത്തിൽ 13 സെക്രട്ടറിയേറ്റ് മീറ്റിങ്ങുകളും വൈദീക ജില്ലാ ഡയറക്ടർ, ആനിമേറ്റർ, പ്രസിഡന്റ്, സെക്രട്ടറി രൂപതാ ഭാരവാഹികൾ എന്നിവരുടെ രണ്ട് മീറ്റിങ്ങും, സീതത്തോട് വൈദിക ജില്ല ഭാരവാഹികളുടെയും, ഭദ്രാസന ഭാരവാഹികളുടെയും സംയുക്ത ഒരു മീറ്റിംഗും കൂടുകയുണ്ടായി.

# ആത്മീയം

## സ്നേഹം യാഗമായ കാൽവരി യാത്ര അനുസ്മരിച്ചുകൊണ്ട് കുരിശിന്റെ വഴി

(19.03.2023 കുരിശുമല)

വലിയ നോമ്പിനോട് അനുബന്ധിച്ച് എം.സി.വൈ.എം. പത്തനംതിട്ട ഭദ്രാസനത്തിലെ സെനറ്റ് അംഗങ്ങളുടെ നേതൃത്വത്തിൽ പെരുന്നാട് കുരിശുമല ദൈവാലയത്തിൽ മാർച്ച് മാസം 19-ാം തീയതി ഞയറാഴ്ച്ച ഉച്ചകഴിഞ്ഞ് 3 മണിക്ക് കുരിശിന്റെ വഴിയും അനുബന്ധ പ്രാർത്ഥനകളും നടത്തപ്പെട്ടു. എം.സി.വൈ.എം. പത്തനംതിട്ട ഭദ്രാസന ഡയറക്ടർ റവ ഫാ സ്കറിയ പതാലിൽ, റവ ഫാ ഗീവർഗീസ് പാലമൂട്ടിൽ എന്നിവർ കുരിശിന്റെ വഴിക്ക് നേതൃത്വം നൽകി. കപ്പേളയിൽ കരുണ കൊന്തയോടെ തുടങ്ങിയ ശുശ്രൂഷകൾക്ക് എം.സി.വൈ.എം. ഭദ്രാസന സെനറ്റിനോട് ചേർന്ന് അതിരുങ്കൽ യൂണിറ്റ് അംഗങ്ങളും പങ്കെടുത്തു.കുരിശിന്റെ വഴിക്ക് എല്ലാവിധ സഹായസഹകരണങ്ങളും ചെയ്തു തന്ന മാമ്പാറ യൂണിറ്റിനെയും, റാന്നി പെരുന്നാട് വൈദീക ജില്ലയെയും ഈ അവസരത്തിൽ നന്ദിയോടെ ഓർക്കുന്നു.

## കാതലിക് കൺവെൻഷൻ

(മാർച്ച് 22 മുതൽ 26 വരെ കത്തീഡ്രൽ)

വലിയ നോമ്പിനോട് അനുബന്ധിച്ച് പത്തനംതിട്ട ഭദ്രാസനത്തിന്റെ നേതൃത്വത്തിൽ നടത്തപ്പെട്ട കാതലിക് കൺവൻഷനിൽ എം.സി.വൈ.എം. വോളന്റിയർ കമ്മിറ്റിയുടെ പ്രവർത്തനങ്ങൾ ഏറ്റെടുത്തു ചെയ്തു. മാർച്ച് മാസം 22 മുതൽ 26 വരെ പത്തനംതിട്ട സെന്റ് പീറ്റേഴ്സ് കത്തീഡ്രലിൽ പ്രശസ്ത ധ്യാനഗുരു റവ ഫാ ഡാനിയേൽ പൂവണ്ണത്തിലിന്റെ നേതൃത്വത്തിൽ നടത്തപ്പെട്ട കൺവൻഷനിൽ 60 ഓളം അംഗങ്ങൾ വരുന്ന വോളന്റിയേഴ്സ് കമ്മിറ്റിക്കാണ് എം.സി.വൈ.എം. പത്തനംതിട്ട ഭദ്രാസനം നേതൃത്വം നൽകിയത്. കൺവെൻഷന്റെ ചിട്ടയായ ക്രമീകരണത്തിന് പ്രസ്തുത കമ്മിറ്റിയുടെ ഭാഗമായ എല്ലാ യുവജനങ്ങളെയും ഈ അവസരത്തിൽ നന്ദിയോടെ ഓർക്കുന്നു.

## നോമ്പുകാല ചിന്തകൾ

സഭയിൽ പരിശുദ്ധ വലിയ നോമ്പ് ആചരിക്കുന്നതിന്റെ ഭാഗമായി വലിയ നോമ്പിന്റെ അൻപതു ദിവസങ്ങളിലും ദൈവവചനം, ധ്യാനചിന്ത, പ്രാർത്ഥന എന്നിവ ഉൾപ്പെടുത്തി ഡെയിലി പോസ്റ്റർ ചെയ്ത് സോഷ്യൽ മീഡിയായിലൂടെ യുവജന സഭയുടെ നേതൃത്വത്തിൽ പ്രചരിപ്പിച്ചു.

## LENTEN TALK: നോമ്പ്കാല ചിന്തകൾ

വലിയ നോമ്പിലെ ഞായറാഴ്ചകളിലെ ബൈബിൾ ഭാഗങ്ങൾ വിചിന്തനം ചെയ്യുന്ന വീഡിയോ സീരിയസ് എം.സി.വൈ.എം. ന്റെ നേതൃത്വത്തിൽ പുറത്തിറക്കി. പത്തനംതിട്ട ഭദ്രാസനത്തിലെ ഭദ്രാസന -വൈദീക ജില്ലാ ആനിമേറ്റർ സിസ്റ്റർമാർ ആണ് പ്രസ്തുത വീഡിയോ സീരിസിൽ കൂടി നോമ്പുകാല ചിന്തകൾ പങ്കുവെച്ചത്.

## കുരിശിന്റെ വഴിയേ

വലിയ നോമ്പിന്റെ അവസാന 14 ദിവസങ്ങളിൽ കുരിശിന്റെ വഴിയുടെ വോയിസ് ഓവറുകൾ ചെയ്ത് എം.സി.വൈ.എം. പത്തനംതിട്ട ഭദ്രാസനത്തിന്റെ നേതൃത്വത്തിൽ നവ മാധ്യമങ്ങളിൽക്കൂടി പ്രദർശിപ്പിച്ചു.

## SANCTA VIA

(ഏപ്രിൽ 21, 22 മലയാറ്റൂർ)

എം.സി.വൈ.എം. പത്തനംതിട്ട ഭദ്രാസനത്തിന്റെ നേതൃത്വത്തിൽ ഏപ്രിൽ മാസം 21, 22 തീയതികളിൽ ഭദ്രാസനത്തിലെ സെനറ്റ് അംഗങ്ങൾക്കായി മലയാറ്റൂർ തീർത്ഥാടനം സംഘടിപ്പിച്ചു. പ്രസ്തുത തീർത്ഥാടനത്തിന്റെ ഭാഗമായി മലയാറ്റൂർ കുരിശുമല യുവജന നേതാക്കന്മാരുടെ നേതൃത്വത്തിൽ കുരിശിന്റെ വഴി നടത്തി കയറുകയും മറ്റ് തീർത്ഥാടന ദേവാലയങ്ങൾ സന്ദർശിച്ചു പ്രാർത്ഥിക്കുകയും ചെയ്തു. ഏപ്രിൽ 21 ന് വൈകുന്നേരം 8 മണിക്ക് കത്തീഡ്രൽ ദൈവാലയത്തിൽ നിന്ന് പുറപ്പെട്ട തീർത്ഥാടന യാത്രയിൽ മണർകാട്, മലയാറ്റൂർ, വല്ലാർപാടം, ഇടപ്പള്ളി എന്നീ ദൈവാലയങ്ങൾ സന്ദർശിച്ച് ഏപ്രിൽ 22 വൈകുന്നേരം തിരികെ എത്തുകയും ചെയ്തു. തീർത്ഥാടന യാത്രയുടെ ഭാഗമായി ആലുവ ദേശം സെമിനാരിയിൽ ഭദ്രാസന ഡയറക്ടർ റവ ഫാ സ്കറിയ പതാലിൽ,സീതത്തോട് വൈദീക ജില്ലാ ഡയറക്ടർ റവ ഫാ ഫിലിപ്പോസ് ചരിവ്പുരയിടത്തിൽ എന്നിവരുടെ കാർമികത്വത്തിൽ വിശുദ്ധ കുർബാന അർപ്പിക്കുകയും ചെയ്തു.യുവജന നേതാക്കന്മാരുടെ ആത്മീയ ഉണർവിനായി ക്രമീകരിച്ച തീർത്ഥാടന യാത്രയിൽ പങ്കാളികളായ എല്ലാ യുവജന നേതാക്കന്മാരെയും ഈ അവസരത്തിൽ നന്ദിയോടെ ഓർക്കുന്നു.

## പ്രാർത്ഥനാ ദിനം

(മെയ് -7 യൂണിറ്റുകളിൽ)

മണിപ്പൂരിലെ ജനങ്ങൾക്കും ദൈവാലയങ്ങൾക്കും നേരെ തുടരുന്ന അക്രമ സംഭവങ്ങളെ അപലപിച്ചു കൊണ്ട് കലാപ ഭൂമിയിൽ സമാധാനം പുലരുന്നതിനായി എം.സി.വൈ.എം. പത്തനംതിട്ട ഭദ്രാസന സമിതി പ്രാർത്ഥന ദിനം ആചരിച്ചു. മെയ് മാസം 7-ാം തീയതി ഭദ്രാസനത്തിലെ എല്ലാ ദൈവാലയങ്ങളിലും പ്രാർത്ഥനാ ദിനമായി ആചരിക്കുവാൻ എം.സി.വൈ.എം. പത്തനംതിട്ട ഭദ്രാസന സമിതി ആഹ്വാനം ചെയ്തതിന്റെ ഭാഗമായി യൂണിറ്റുകളിൽ പ്രേത്യേക പ്രാർത്ഥനകൾ നടത്തപ്പെട്ടു.പ്രസ്തുത പരിപാടികൾക്ക് അതാത് തലങ്ങളിലെ നേതൃത്വം നൽകിയ യുവജന നേതാക്കന്മാരെ നന്ദിയോടെ ഈ അവസരത്തിൽ ഓർക്കുന്നു.

## ദൈവദാസൻ മാർ ഈവാനിയോസ് തീർത്ഥാടന പദയാത്രയ്ക്ക് നേതൃത്വം നൽകാൻ പ്രാർത്ഥിച്ച് ഒരുങ്ങി യുവജന നേതാക്കന്മാർ

(28.06.2023 പട്ടം കബർ)

എം.സി.വൈ.എം. സഭാതല സമിതിയുടെ മേൽനോട്ടത്തിൽ പത്തനംതിട്ട ഭദ്രാസനത്തിന്റെയും തിരുവനന്തപുരം മേജർ അതിഭദ്രാസനത്തിന്റെയും സംയുക്ത ആഭിമുഖ്യത്തിൽ ദൈവദാസൻ മാർ ഈവാനിയോസ് പിതാവിന്റെ 70-ാം ഓർമ്മപ്പെരുന്നാളിന്റെ ഭാഗമായി നടത്തപ്പെടുന്ന 43-ാം തീർത്ഥാടന പദയാത്രയ്ക്ക് നേതൃത്വം നൽകുന്ന യുവജന നേതാക്കന്മാർക്കായി പട്ടം കബർ ചാപ്പലിൽ ക്രമീകരിച്ച ധ്യാനത്തിലും, അവസാനവട്ട ഒരുക്കങ്ങൾ ചർച്ച ചെയ്യാൻ ഉള്ള മീറ്റിംഗിലും എം.സി.വൈ.എം. പത്തനംതിട്ട ഭദ്രാസന പ്രതിനിധികൾ പങ്കെടുത്തു. ഭദ്രാസന ഡയറക്ടർ റവ ഫാ സ്കറിയ പതാലിൽ, സിസ്റ്റർ ആനിമേറ്റർ സി. ജൊവാൻ എസ് ഐ സി, ഭദ്രാസന പ്രസിഡന്റ് അജോഷ് എം തോമസ് എന്നിവർ പ്രസ്തുത നേതൃ സംഘത്തെ പത്തനംതിട്ട ഭദ്രാസനത്തിന് വേണ്ടി നയിച്ചു. തീർത്ഥാടന പദയാത്രയ്ക്ക് ആത്മീയമായി പ്രാർത്ഥിച്ച് ഒരുങ്ങുന്നതിന് കബർ ചാപ്പലിലെ ധ്യാനം യുവജന നേതാക്കന്മാർക്ക് സഹായകമായി.

www.malankaralibrary.com

## ലിയാത്ത് (നീ എന്റേതാണ്)

(മെയ് 10 - 13 അടൂർ ഓൾ സെയ്ന്റ്സ് സ്കൂൾ)

എം.സി.വൈ.എം. പത്തനംതിട്ട ഭദ്രാസനത്തിന്റെയും സുവിശേഷവത്കരണ കാര്യാലയത്തിന്റെയും സംയുക്ത ആഭിമുഖ്യത്തിൽ ലിയാത്ത് ജീസസ് എൻകൗണ്ടർ ക്യാമ്പ് നടത്തപ്പെട്ടു. മെയ് മാസം 10 മുതൽ 13 വരെ അടൂർ ഓൾ സെയ്ന്റ്സ് സ്കൂളിൽ വച്ച് നടത്തപ്പെട്ട ക്യാമ്പിൽ 200 ൽ പരം യുവജനങ്ങൾ പങ്കെടുത്തു. പ്രസ്തുത ക്യാമ്പ് യുവജനങ്ങളുടെ ആത്മീയ വളർച്ചയ്ക്ക് സഹായകമായി. റവ ഫാ മാത്യു നെരിയാട്ടിൽ, റവ ഫാ സ്കറിയ പതാലിൽ എന്നിവർ പ്രസ്തുത ക്യാമ്പിന്റെ എല്ലാ ക്രമീകരണങ്ങൾക്കും നേതൃത്വം നൽകി.

## ദൈവദാസൻ മാർ ഈവാനിയോസ് മെത്രാപ്പോലീത്തയുടെ കബറിങ്കലേക്കുള്ള 43-ാമത് തീർത്ഥാടന പദയാത്ര (ജൂലൈ 10-15, പെരുന്നാട്ടിൽ നിന്ന് പട്ടത്തേക്ക്)

മലങ്കര സുറിയാനി കത്തോലിക്കാ സഭയുടെ പ്രഥമ ആർച്ച് ബിഷപ്പും, പുനരൈക്യ ശിൽപിയുമായ ദൈവദാസൻ ആർച്ച് ബിഷപ്പ് ഗീവർഗീസ് മാർ ഈവാനിയോസ് പിതാവിന്റെ എഴുപതാം ഓർമ്മ തിരുനാളിനോടനുബന്ധിച്ച് നടത്തപ്പെട്ട 43-ാ മത് തീർത്ഥാടന പദയാത്ര പത്തനംതിട്ട റാന്നി പെരുനാട്ടിൽ നിന്ന് വന്ദ്യ പിതാവിന്റെ കബറിടം സ്ഥിതി ചെയ്യുന്ന പട്ടം സെന്റ് മേരീസ് കത്തീഡ്രലിലേക്ക് നടത്തപ്പെട്ടു. ജൂലൈ 10-ാം തീയതി രാവിലെ 6.30ന് മേജർ ആർച്ച് ബിഷപ്പ് കർദിനാൾ മാർ ബസേലിയോസ് ക്ലീമിസ് കാതോലിക്കാ ബാവാ വിശുദ്ധ കുർബാനക്ക് മുഖ്യ കാർമികത്വം വഹിച്ചു. പത്തനംതിട്ട ഭദ്രാസന അധ്യക്ഷൻ ബിഷപ്പ് സാമുവേൽ മാർ ഐറേനിയോസ്, ഡൽഹി-ഗുഡ്ഗാവ് ഭദ്രാസന അധ്യക്ഷൻ ബിഷപ്പ് തോമസ് മാർ അന്തോണിയോസ് ,പൂത്തൂർ ഭദ്രാസന അധ്യക്ഷൻ ബിഷപ്പ് ഗീവർഗീസ് മാർ മക്കാറിയോസ്, യുവജന കമ്മീഷൻ ചെയർമാൻ ബിഷപ്പ് മാത്യൂസ് മാർ പോളികാർപ്പസ്, കൂരിയാ മെത്രാൻ ബിഷപ്പ് ആന്റണി മാർ സിൽവാനോസ് ,പത്തനംതിട്ട ഭദ്രാസന മുൻ അധ്യക്ഷൻ ബിഷപ്പ് യൂഹാനോൻ മാർ ക്രിസോസ്റ്റം, സഭയിലെ വൈദികരും സഹകാർമികരായിരുന്നു. വിശുദ്ധ കുർബാനയ്ക്ക് ശേഷം കാതോലിക്ക ബാവാ തിരുമനസ്സുകൊണ്ട് പദയാത്രയ്ക്കുള്ള വള്ളിക്കുരിശ് ആശിർവദിക്കുകയും, പദയാത്ര ഔദ്യോഗികമായി ഉദ്ഘാടനം ചെയ്യുകയും ചെയ്തു. വള്ളിക്കുരിശ് പത്തനംതിട്ട ഭദ്രാസന പ്രസിഡന്റ് അജോഷ് എം തോമസും, കാതോലിക്കാ പതാക സഭാതല പ്രസിഡന്റ് എയ്ഞ്ചൽ മേരിയും, എം.സി.വൈ.എം. പതാക പത്തനംതിട്ട ഭദ്രാസന ജനറൽ സെക്രട്ടറി ബിബിൻ എബ്രഹാമും ഏറ്റുവാങ്ങി.

ജൂലൈ 10ന് പെരുന്നാട്ടിൽ നിന്ന് ആരംഭിച്ച പദയാത്ര പത്തനംതിട്ട- അടൂർ - കൊട്ടാരക്കര - ആയൂർ വഴി ജൂലൈ 14-ാം തീയതി വൈകിട്ട് 5.30 ന് തിരുവനന്തപുരം സെന്റ്.മേരീസ് മേജർ ആർക്കി എപ്പാർക്കിയൽ കത്തീഡ്രൽ ദേവാലയത്തിലെ കബറിങ്കൽ എത്തിച്ചേർന്നു. ജൂലൈ പതിനാലാം തീയതി വൈകുന്നേരം പട്ടം കബർ ചാപ്പലിൽ പ്രധാന പദയാത്രക്ക് സ്വീകരണവും തുടർന്ന് മെഴുകുതിരി പ്രദിക്ഷണവും നടത്തപ്പെട്ടു എം.സി.വൈ.എം. സഭാതല സമിതി, തിരുവനന്തപുരം മേജർ അതിരൂപത, പത്തനംതിട്ട രൂപതാ സമിതികൾ പദയാത്രയ്ക്ക് സംയുക്ത നേതൃത്വം നൽകി. കോവിഡ് എന്ന മഹാമാരിക്ക് ശേഷം വീണ്ടും പുനരാരംഭിച്ച തീർത്ഥാടന പദയാത്ര അനുഗ്രഹപ്രദമാക്കുവാൻ സഹായിച്ച എല്ലാവരെയും, വിശിഷ്യാ തീർത്ഥന പദയാത്രയ്ക്ക് ദേവാലയങ്ങളിൽ സ്വീകരണം നൽകിയവരെയും, പദയാത്രയുടെ ക്രമീകരണങ്ങൾക്ക് നേതൃത്വം നൽകിയവരെയും, വൈദീക ജില്ലാ പദയാത്രകൾക്ക് നേതൃത്വം നൽകിയവരെയും, സാമ്പത്തികമായി സഹായിച്ചവരെയും ഈ അവസരത്തിൽ നന്ദിയോടെ ഓർക്കുന്നു.

## പദയാത്ര മഞ്ജരി

ദൈവദാസൻ മാർ ഈവാനിയോസ് പിതാവിന്റെ കബറിങ്കലേക്കുള്ള തീർത്ഥാടന പദയാത്രയിൽ പങ്കാളികളാകുന്ന പദയാത്രികർക്ക് പ്രാർത്ഥിക്കുവാനായി എം.സി.വൈ.എം. പത്തനംതിട്ട ഭദ്രാസന സമിതിയുടെ നേതൃത്വത്തിൽ പദയാത്ര മഞ്ജരി, പ്രാർത്ഥന എന്നിവ അടങ്ങുന്ന ഒരു പ്രാർത്ഥനാ പുസ്തകം പുറത്തിറക്കി. പദയാത്ര മഞ്ജരി പുറത്തിറക്കാൻ വേണ്ടി ഭദ്രാസന സമിതിയെ,അതിന്റെ ചിലവുകൾ ഏറ്റെടുത്തുകൊണ്ട് സഹായിച്ച എം.സി.വൈ.എം. റാന്നി പെരുന്നാട് വൈദീക ജില്ലയെ നന്ദിയോടെ ഈ അവസരത്തിൽ ഓർക്കുന്നു.

## നുഹറോ ദ മലങ്കര

ദൈവദാസൻ മാർ ഈവാനിയോസ് പിതാവിന്റെ കബറിങ്കലേക്കുള്ള 43ാമത് തീർത്ഥാടന പദയാത്രയുടെ ഭാഗമായി എം.സി.വൈ.എം. പത്തനംതിട്ട ഭദ്രാസന സമിതി നുഹറോ ദ മലങ്കര എന്ന ഈവാനിയൻ പദയാത്ര അനുഭവ കുറിപ്പുകൾ പുറത്തിറക്കി. മുൻകാല വർഷങ്ങളിൽ നടന്ന തീർത്ഥാടന പദയാത്രയിൽ നിന്ന് ലഭിച്ച അനുഗ്രഹങ്ങൾ, അനുഭവങ്ങൾ, വിശ്വാസ സാക്ഷ്യം എന്നിവ ഉൾപ്പെടുത്തിയാണ് നുഹറോ ദ മലങ്കരയുടെ ആറാം പതിപ്പ് പുറത്തിറക്കിയത്.സഭയുടെ തലവനും പിതാവുമായ അത്യഭിവന്ദ്യ മോറോൻ മോർ ബസേലിയോസ് കർദിനാൾ ക്ലീമിസ് കാതോലിക്കാ ബാവാ തിരുമേനിയാണ് പുസ്തകത്തിന്റെ പ്രകാശന കർമ്മം നിർവഹിച്ചത്.

## ഡെയിലി പ്രയർ

EPIC 2023 ഭദ്രാസന യുവജന സംഗമത്തിന്റെ ഭാഗമായി ക്രമീകരണങ്ങൾ എല്ലാം വിജയിക്കുന്നതിനായി ഓരോ ദിവസവും പ്രേത്യേകം നിയോഗം വെച്ച് 7 ദിവസത്തെ ഓൺലൈൻ ഡെയിലി പ്രയർ ക്യാമ്പയിൻ സംഘടിപ്പിച്ചു.

## അമ്മയോടൊപ്പം

(22.10.2023, ഓൺലൈൻ )

ജപമാല മാസാചാരണത്തിന്റെ ഭാഗമായി കെ സി വൈ എം സംസ്ഥാന സമിതി നടത്തിയ ഭഅമ്മയോടൊപ്പം 'എന്ന ജപമാല പ്രാർത്ഥനാ യജ്ഞത്തിൽ എം.സി.വൈ.എം. പത്തനംതിട്ട ഭദ്രാസന സമിതിയും പങ്കെടുത്തു. ഒക്ടോബർ 22 ഞായറാഴ്ച വൈകുന്നേരം 8:30 ന് നടത്തപ്പെട്ട ഓൺലൈൻ ജപമാല പ്രാർത്ഥനയിൽ സകല മരിച്ച വിശ്വാസികളെയും ജപമാലമണിയിൽ ചേർത്ത് നിയോഗമായി സമർപ്പിച്ച് യുവജന സഭാ നേതാക്കൾ പ്രാർത്ഥിച്ചു.

## പ്രധാന പദയാത്രയ്ക്കുള്ള വള്ളി കുരിശ് പ്രയാണത്തിന് സ്വീകരണവും തീർത്ഥാടന പദയാത്ര ഒരുക്ക ധ്യാനവും

(09.07.2023, മമ്പാറ)

ദൈവദാസൻ മാർ ഈവാനിയോസ് പിതാവിന്റെ കബറിങ്കലേക്കുള്ള തീർത്ഥാടന പദയാത്രയ്ക്ക് വഹിക്കുവാനുള്ള വള്ളിക്കുരിശ് പ്രയാണത്തിന് ജൂലൈ 9 ന് വൈകുന്നേരം 5 മണിക്ക് പെരുന്നാട് ദൈവാലയത്തിൽ സ്വീകരണം നൽകി. നിലയ്ക്കൽ വനാന്തരങ്ങളിൽ നിന്ന് വെട്ടിയെടുത്ത വള്ളിക്കുരിശും വഹിച്ചു കൊണ്ട് എം.സി.വൈ.എം. സീതത്തോട് വൈദീക ജില്ലയുടെ നേതൃത്വത്തിൽ വൈദീക ജില്ലയിലെ ദൈവാലയങ്ങൾ സന്ദർശിച്ച് ആണ് വള്ളിക്കുരിശു പ്രയാണം പെരുന്നാട് ദൈവാലയത്തിൽ എത്തിയത്. തുടർന്ന് ദൈവാലയത്തിൽ കുരിശിന്റെ വഴിയും പദയാത്ര ഒരുക്ക ധ്യാനവും നടത്തപ്പെട്ടു. റവ ഫാ ആന്റണി കല്ലിൽ ഒ ഐ സി പദയാത്ര ഒരുക്ക ധ്യാനത്തിന് നേതൃത്വം നൽകി. പ്രാർത്ഥനയുടെ അരൂപിയാൽ വള്ളിക്കുരിശു പ്രയാണത്തിന് നേതൃത്വം നൽകിയ സീതത്തോട് വൈദിക ജില്ലാ സമിതിയെ നന്ദിയോടെ ഓർക്കുന്നു.

## സാമൂഹികം

## ഭദ്രാസന സ്ഥാപകദിനത്തിന്റെ ആശംസകളുമായി ഭദ്രാസന സമിതി

(21.01.2023 അരമന)

പത്തനംതിട്ട ഭദ്രാസന സ്ഥാപക ദിനത്തിന്റെ ഭാഗമായി എം.സി.വൈ.എം. പത്തനംതിട്ട ഭദ്രാസന സമിതി ജനുവരി മാസം 21-ാം തീയതി അഭിവന്ദ്യ സാമുവേൽ മാർ ഐറേനിയോസ് മെത്രാപ്പോലീത്തായെ സന്ദർശിച്ച് ആശംസകൾ അറിയിച്ചു.അഭിവന്ദ്യ പിതാവിന്റെ ചാരിറ്റി

www.malankaralibrary.com

പ്രവർത്തനങ്ങൾക്കായി യുവജന സഭയുടെ ഒരു സംഭാവന പ്രസ്തുത സന്ദർശന വേളയിൽ ഭദ്രാസന പ്രസിഡന്റ് അജോഷ് എം തോമസ് മെത്രാപ്പോലീത്ത തിരുമനസിന് കൈമാറി. മലങ്കര സുറിയാനി കത്തോലിക്ക സഭയിൽ വിശ്വാസദീപ്തിയിൽ അതിവേഗം വളരുന്ന നമ്മുടെ ഭദ്രാസനത്തിന്റെ ആത്മീയ - ഭൗതിക പ്രവർത്തനങ്ങളിൽ നമുക്കും പങ്കാളികളാകാം എന്ന് ഈ അവസരത്തിൽ ഏവരെയും ഓർമിപ്പിച്ചുകൊള്ളുന്നു.

## മലയോര ജനതയുടെ ആശങ്ക അറിയിച്ചുകൊണ്ട് പ്രമേയം അവതരിപ്പിച്ചു

തിരുവനന്തപുരം മാർ ഗ്രീഗോറിയോസ് റിന്യൂവൽ സെന്ററിൽ വെച്ച് ജനുവരി മാസം 28,29 തീയതികളിൽ നടന്ന ഗ്ലോബൽ മീറ്റിൽ, പത്തനംതിട്ട ഭദ്രാസനത്തിലെ മലയോര മേഖലയുടെ നിലനിൽപ്പിന് തന്നെ ഭീഷണിയായി തീർന്ന ബഫർ സോൺ വിഷയത്തിൽ എം.സി.വൈ.എം. സഭാതല സമിതിയുടെയും സഭാനേതൃത്വത്തിന്റെയും അടിയന്തര ശ്രദ്ധ ആവശ്യപ്പെട്ടുകൊണ്ട് എം.സി.വൈ.എം. പത്തനംതിട്ട ഭദ്രാസനം പ്രമേയം അവതരിപ്പിച്ചു.ബഫർ സോൺ വിഷയത്തിൽ മലയോര ജനതയുടെ ആശങ്കകളും,ആകുലതകളും അറിയിച്ചു കൊണ്ട് ഭദ്രാസന ജനറൽ സെക്രട്ടറി അവതരിപ്പിച്ച പ്രമേയം ഗ്ലോബൽ മീറ്റിൽ എല്ലാ രൂപതകളുടെയും പിന്തുണയോടെ പാസാക്കുകയും ചെയ്തു.

## ഫീലിയ - 2023

എം.സി.വൈ.എം. പത്തനംതിട്ട ഭദ്രാസനത്തിന്റെ നേതൃത്വത്തിൽ വലിയ നോമ്പിനോട് അനുബന്ധിച്ച് യുവജനങ്ങൾക്കിടയിൽ നടത്തിയ ഫീലിയ -2023 മിഷൻ മേഖലയ്ക്ക് ഒരു കരുതൽ എന്ന പദ്ധതി പത്തനംതിട്ട ഭദ്രാസന അധ്യക്ഷൻ അഭിവന്ദ്യ സാമുവേൽ മാർ ഐറേനിയോസ് മെത്രാപ്പോലീത്ത ഉദ്ഘാടനം ചെയ്തു.മാർച്ച് .ഫീലിയ-2023 വഴി സമാഹരിച്ച തുക മിഷൻ മേഖലയുടെ കൈത്താങ്ങിനായി ആണ് യുവജന സഭ ഉപയോഗിച്ചത്.ഏകദേശം 60000/ രൂപ മിഷൻ മേഖലയുടെ പ്രവർത്തനങ്ങൾക്കായി യുവജന സഭ ഈ വർഷം നൽകി.

## 'കരുതലായ് കെ.സി.വൈ.എം' സംസ്ഥാനതല ഉദ്ഘാടനം

(04.04.2023 അരമന)

2023 പ്രവർത്തന വർഷത്തിലെ കെ.സി.വൈ.എം സംസ്ഥാന സമിതിയുടെ കാരുണ്യത്തിന്റെ കരങ്ങൾ എന്ന ഉപവിഷയത്തെ മുൻനിർത്തി സമൂഹത്തിൽ കാരുണ്യത്തിന്റെ മുഖമായി മാറുവാൻ കരുതലായ് കെ.സി.വൈ.എം എന്ന പേരിൽ നടത്തപ്പെടുന്ന വിവിധ കാരുണ്യ പ്രവർത്തനങ്ങളുടെ ഉദ്ഘാടനം ഏപ്രിൽ 4-ാം തീയതി പത്തനംതിട്ട ഭദ്രാസനത്തിന്റെ ആതിഥേയത്വത്തിൽ പത്തനംതിട്ട ബിഷപ്പ്സ് ഹൗസിൽ വച്ച് പത്തനംതിട്ട രൂപത മെത്രാപ്പോലീത്ത അഭിവന്ദ്യ ഡോ.സാമൂവൽ മാർ ഐറേനിയോസ് നിർവഹിച്ചു. കെ.സി.വൈ.എം സംസ്ഥാന പ്രസിഡന്റ് ശ്രീ ഷാരോൺ കെ റെജി അധ്യക്ഷത വഹിച്ച യോഗത്തിൽ സംസ്ഥാന ഡയറക്ടർ റവ.ഫാ. സ്റ്റീഫൻ തോമസ് ചാലക്കര ആമുഖപ്രഭാഷണം നടത്തി. ചടങ്ങിൽ വച്ച് കെ.സി.വൈ.എം സംസ്ഥാന സമിതി ഒരു വർഷക്കാലം തുടർന്നു പോകുന്ന 'കരുതലായ്' കെ.സി.വൈ.എം 2023' പരിപാടിയുടെ ലോഗോ അഭിവന്ദ്യ ഡോ.സാമുവേൽ മാർ ഐറേനിയോസ് മെത്രാപ്പോലീത്താ പ്രകാശനം ചെയ്തു. കാരുണ്യ പ്രവർത്തനത്തിനായി ഉള്ള ആദ്യ സംഭാവന എം.സി.വൈ.എം. കിഴവള്ളൂർ യൂണിറ്റ് അംഗവും, യുവ സംരംഭകനും ബ്ലൂ സ്കൈ ഇന്റർനാഷണൽ എന്ന വിദ്യാഭ്യാസ സ്ഥാപനത്തിന്റെ മാനേജിംഗ് പാർട്ണറുമായ ശ്രീ ലിബിൻ മാത്യു അഭിവന്ദ്യ പിതാവിന് പ്രസ്തുത പരിപാടിയിൽ വെച്ച് കൈമാറി.

## യുവകർഷകൻ 2023

ലോക പരിസ്ഥിതി ദിനത്തിന്റെ ഭാഗമായി എം.സി.വൈ.എം. പത്തനംതിട്ട ഭദ്രാസനത്തിന്റെ നേതൃത്വത്തിൽ യുവകർഷകൻ - 2023 എന്ന ഒരു മത്സരം സംഘടിപ്പിച്ചു. യുവജനങ്ങളിൽ കാർഷിക വൃത്തി പ്രോത്സാഹിപ്പിക്കുവാൻ വേണ്ടിയാണ് യുവകർഷകൻ - 2023 നടത്തപ്പെട്ടത്. പഠനത്തോടും, ജോലിയോടും ഒപ്പം കൃഷി ചെയ്യുന്ന യുവജനങ്ങളുടെ സ്വന്തം കൃഷിയിടത്തിന്റെയും അതിന്റെ വിവരണവും ചേർത്ത വീഡിയോകൾ മത്സരാർത്ഥികളിൽ നിന്ന് നവമാധ്യമങ്ങളുടെ സഹായത്തോടെയാണ് യുവകർഷകനെ കണ്ടെത്താനുള്ള എൻട്രികൾ ശേഖരിച്ചത്.

## ജാഗ്രത ഹെൽപ് ഡെസ്ക്

സംസ്ഥാനത്ത് മഴക്കെടുതി രൂക്ഷമായ സാഹചര്യത്തിൽ ദുരിതാശ്വാസ പ്രവർത്തങ്ങൾ പത്തനംതിട്ട ഭദ്രാസനത്തിൽ ഏകോപിപ്പിക്കാൻ എം.സി.വൈ.എം. പത്തനംതിട്ട ഭദ്രാസനത്തിന്റെ നേതൃത്വത്തിൽ ജാഗ്രത ഹെൽപ് ഡെസ്ക് രൂപീകരിച്ച് പ്രവർത്തനങ്ങൾ നടത്തി.

## ഓണാഘോഷം

(03.09.2023, ളാക്കൂർ കാരുണ്യഭവൻ )

എം.സി.വൈ.എം. പത്തനംതിട്ട ഭദ്രാസനത്തിന്റെ നേതൃത്വത്തിൽ ഓണത്തിനോട് അനുബന്ധിച്ച് ളാക്കൂർ കാരുണ്യ ഭവൻ സന്ദർശിക്കുകയും അവിടുത്തെ അന്തേവാസികളോടൊപ്പം ഓണം ആഘോഷിക്കുകയും ചെയ്തു. ഓണാഘോഷത്തിന്റെ ഭാഗമായി പ്രസ്തുത സ്ഥാപനത്തിന്റെ പ്രവർത്തനങ്ങൾക്ക് സാമ്പത്തിക സഹായവും യുവജന സഭ നൽകി. എം.സി.വൈ.എം. പത്തനംതിട്ട ഭദ്രാസന ഡയറക്ടർ റവ ഫാ സ്കറിയ പതാലിൽ, സിസ്റ്റർ ആനിമേറ്റർ ജോവാൻ എസ് ഐ സി, ഭദ്രാസന പ്രസിഡന്റ് അജോഷ് എം തോമസ്, ഭദ്രാസന ഭാരവാഹികൾ എന്നിവർ പരിപാടികൾക്ക് നേതൃത്വം നൽകി.

## ദിനാചരണങ്ങൾ

ആത്മീയ - ഭൗതിക അന്താരാഷ്ട്ര -ദേശീയ ദിനാചരണങ്ങൾ അനുസ്മരിച്ചു കൊണ്ട് പോസ്റ്ററുകളും, വോയിസ് ഓവറുകളും ചെയ്ത് സോഷ്യൽ മീഡിയയിൽ പങ്കുവെച്ചു.

# സാംസ്കാരികം

## ലഹരി വിരുദ്ധ സന്ദേശ യാത്രക്ക് സ്വീകരണം നൽകി

(16/01/2023 ബിഷപ്പ് ഹൗസ്)

കെ സി വൈ എം സംസ്ഥാന സമിതിയുടെ നേതൃത്വത്തിൽ നടത്തപ്പെടുന്ന ലഹരി വിരുദ്ധ സന്ദേശ യാത്രക്ക് എം.സി.വൈ.എം. പത്തനംതിട്ട ഭദ്രാസനത്തിന്റെ നേതൃത്വത്തിൽ 16-01-2023 ൽ ഭദ്രാസന അരമനയിൽ സ്വീകരണം നൽകി. പത്തനംതിട്ട രൂപതാദ്ധ്യക്ഷൻ അഭിവന്ദ്യ സാമുവേൽ മാർ ഐറേനിയോസ് പിതാവ് പ്രസ്തുത ലഹരി വിരുദ്ധ സന്ദേശ യാത്രയുടെ ഭാഗമായി, ഭദ്രാസനതല ആന്റി-ഡ്രഗ് സെല്ലിന്റെ ഉദ്ഘാടന കർമ്മം നിർവഹിച്ചു. കെ സി വൈ എം സംസ്ഥാന വൈസ് പ്രസിഡന്റ് ജിബിൻ ഗബ്രിയേൽ അധ്യക്ഷത വഹിച്ചു, ജനറൽ സെക്രട്ടറി ബിച്ചു കുര്യാക്കോസ്,സംസ്ഥാന ഡയറക്ടർ റവ ഫാ സ്റ്റീഫൻ ചാലക്കര, എം.സി.വൈ.എം. സഭാതല ഡയറക്ടർ റവ ഫാ എബ്രഹാം മേപ്പുറത്ത്, കെ സി വൈ എം സംസ്ഥാന ഭാരവാഹികൾ, എം.സി.വൈ.എം. ഭദ്രാസന ജനറൽ സെക്രട്ടറി ബിബിൻ എബ്രഹാം എന്നിവർ പ്രസംഗിച്ചു.

## എലെയ്ൻ 2K23 പ്രവർത്തനവർഷ ഉദ്ഘാടനം

(05.03.2023 അട്ടച്ചാക്കൽ)

എം.സി.വൈ.എം. പത്തനംതിട്ട ഭദ്രാസനത്തിന്റെ 2023 വർഷത്തെ പ്രവർത്തന വർഷ ഉദ്ഘാടനം എലെയ്ൻ 2K23 എന്ന പേരിൽ കോന്നി വൈദീക ജില്ലയുടെ ആതിഥേയത്വത്തിൽ അട്ടച്ചാക്കൽ സെന്റ് പീറ്റേഴ്സ് മലങ്കര സുറിയാനി കത്തോലിക്ക ദൈവാലയത്തിൽ വെച്ച് മാർച്ച് മാസം 5-ാം തീയതി ഞായറാഴ്ച ഉച്ചയ്ക്ക് 1:30 മുതൽ നടത്തപ്പെട്ടു. ഭദ്രാസന ആനിമേറ്റർ സിസ്റ്റർ ഹൃദ്യ എസ്.ഐ.സി പതാക ഉയർത്തി ആരംഭിച്ച, എലെയ്ൻ-2K23 യുടെ ആദ്യ സെക്ഷനിൽ ഈ വർഷത്തെ എം.സി.വൈ.എം. തീം 'യുവജനങ്ങളെ ഉണരൂ തിടുക്കത്തിൽ ഒന്നിച്ചു മുന്നേറാം' എന്ന വിഷയത്തെ ആസ്പദമാക്കി നടന്ന ക്ലാസ്സ്, ബഥനി തിരുവനന്തപുരം നവജീവൻ പ്രൊവിൻസ് സൂപ്പീരിയർ വെരി റവ ഡോ മാത്യു ജേക്കബ് തിരുവാലിൽ O. I. C നയിച്ചു. ഭദ്രാസന പ്രസിഡന്റ് അജോഷ് എം തോമസ് അധ്യക്ഷത

www.malankaralibrary.com

വഹിച്ച പ്രവർത്തന വർഷ ഉദ്ഘാടന സമ്മേളനം പത്തനംതിട്ട രൂപതയുടെ മെത്രാപ്പോലീത്ത അഭിവന്ദ്യ സാമുവേൽ മാർ ഐറേനിയോസ് ഉദ്ഘാ ടനം ചെയ്തു. തിരുവനന്തപുരം മേജർ അതിരൂപതയുടെ എം.സി.വൈ.എം. പ്രസിഡന്റ് കുമാരി രഞ്ജിത ആർ ജെ പ്രവർത്തന വർഷ ഉദ്ഘാടനത്തിൽ മുഖ്യാതിഥിയായി പങ്കെടുത്തു. വൈദീക ജില്ലാ വികാരി വെരി. റവ. ഫാ വർഗീസ് കൈതോൺ അനുഗ്രഹ സന്ദേശം നൽകി. റവ ഫാ എബ്രഹാം മേപ്പുറത്ത്, റവ ഫാ സ്കറിയ പതാലിൽ, റവ ഫാ മാത്യു പേഴുമൂട്ടിൽ, റവ ഫാ ജോർജ് വർഗീസ് പുതുപ്പറമ്പിൽ, റവ സിസ്റ്റർ ഹൃദ്യാ എസ്. ഐ. സി, ശ്രീ.സുബിൻ തോമസ്, കുമാരി ജിറ്റി കെ എബ്രഹാം, കുമാരി ജിഷ ജോസ് എന്നിവർ പ്രവർത്തനവർഷ ഉദ്ഘാടന വേദിയിൽ പ്രസംഗിച്ചു. പത്തനംതിട്ട ഭദ്രാസനത്തിലെ വിവിധ ദൈവാലയങ്ങളിൽ നിന്ന് 200 ൽ പരം യുവജനങ്ങൾ എലെയ്ൻ 2K23 യിൽ പങ്കെടുത്തു.എം.സി.വൈ.എം. പത്തനംതിട്ട ഭദ്രാസനത്തിന്റെ പ്രവർത്തന വർഷ ഉദ്ഘാടനം മികവുറ്റതാക്കി തീർക്കാൻ അഹോരാത്രം പ്രയത്നിച്ച അട്ടച്ചാക്കൽ യൂണിറ്റിനോടും, ആതിഥേയത്വം അരുളിയ കോന്നി വൈദിക ജില്ലയോടുമുള്ള എം.സി.വൈ.എം. പത്തനംതിട്ട ഭദ്രാസനത്തിന്റെ ഹൃദയത്തിൽ നിന്നുള്ള നന്ദി ഈ അവസരത്തിൽ അറിയിക്കുന്നു.

## വനിതാ ദിനാചരണം

(05.03.2023 അട്ടച്ചാക്കൽ)

എം.സി.വൈ.എം. പത്തനംതിട്ട ഭദ്രാസനത്തിന്റെ നേതൃത്വത്തിൽ വനിതാ ദിനത്തിന്റെ ഭാഗമായി പത്തനംതിട്ട ഭദ്രാസനത്തിലെ എം.സി.വൈ.എം. യൂണിറ്റുകളിലെ വനിതാപ്രസിഡന്റുമാരെ ആദരിച്ചു. എം.സി.വൈ.എം. തിരുവനന്തപുരം മേജർ അതിരൂപതയുടെ പ്രസിഡന്റ് കുമാരി രഞ്ജിത ആർ ജെ വനിതാ ദിനാചരണത്തിൽ മുഖ്യ അതിഥിയായി പങ്കെടുത്തു.

## മാർ ഈവാനിയോസ് ക്വിസ്

(18.06.2023 ജില്ലാ കേന്ദ്രങ്ങളിൽ)

ദൈവദാസൻ മാർ ഈവാനിയോസ് പിതാവിന്റെ നാമധേയത്തിൽ പത്തനംതിട്ട ഭദ്രാസനത്തിലെ യൂണിറ്റുകൾക്കായ് മാർ ഈവാനിയോസ് ക്വിസ് മത്സരം സംഘടിപ്പിച്ചു. വൈദീക ജില്ലാ കേന്ദ്രങ്ങളിൽ വെച്ച് ജൂൺ മാസം 18-ാം തീയതി ഞായറാഴ്ച്ച നടത്തപ്പെട്ട മത്സരം ഭദ്രാസന ഭാരവാഹികൾ കോർഡിനേറ്റർമാരായി നിയന്ത്രിച്ചു. ഒ.എം. ആർ സാങ്കേതികവിദ്യയുടെ സഹായത്തോടെ നടത്തപ്പെട്ട മത്സരത്തിൽ 50 ഓളം യൂണിറ്റുകൾ മാറ്റുരച്ചു. കോന്നി വൈദീക ജില്ലയിലെ വികോട്ടയം യൂണിറ്റ്, പന്തളം വൈദീക ജില്ലയിലെ തട്ട യൂണിറ്റ്, പത്തനംതിട്ട വൈദീക ജില്ലയിലെ കാട്ടൂർ യൂണിറ്റ് എന്നിവർ യഥാക്രമം 1,2,3 സ്ഥാനങ്ങൾ കരസ്ഥമാക്കി. വിജയികൾക്കും പങ്കെടുത്തവർക്കും എം.സി.വൈ.എം. പത്തനംതിട്ട ഭദ്രാസന സമിതിയുടെ അഭിനന്ദനങ്ങൾ.

## തൂലിക - 2023

(12.08.2023, ജില്ലാ കേന്ദ്രങ്ങളിൽ)

എം.സി.വൈ.എം. പത്തനംതിട്ട ഭദ്രാസനത്തിന്റെ നേതൃത്വത്തിൽ യുവജനങ്ങളുടെ രചന വൈഭവത്തെ പരിപോഷിപ്പിക്കുന്നതിനായി തൂലിക -2023 രചനാ മത്സരങ്ങൾ നടത്തപ്പെട്ടു. ഓഗസ്റ്റ് 12 ശനിയാഴ്ച വൈദീക ജില്ലാ കേന്ദ്രങ്ങളിൽ വെച്ച് രാവിലെ 9 മണി മുതൽ പ്രസ്തുത മത്സരങ്ങൾ നടത്തപ്പെട്ടു. ഭദ്രാസന കോർഡിനേറ്റർമാർ പ്രസ്തുത മത്സരത്തിന് നീരീക്ഷകരായി പങ്കെടുത്തു.തൂലിക രചന മത്സരത്തിനോട് അനുബന്ധിച്ച് സമസ്യ - 2023 ക്വിസ് മത്സരത്തിന്റെ പ്രാഥമിക റൗണ്ട് മത്സരങ്ങളും നടത്തപ്പെട്ടു.

## ഭദ്രാസന യുവജന സംഗമം : EPIC -2023

(01.10.2023, സീതത്തോട്)

മലങ്കര സുറിയാനി കത്തോലിക്കാ സഭയുടെ യുവജന പ്രസ്ഥാനമായ മലങ്കര കാത്തലിക് യൂത്ത് മൂവ്മെന്റിന്റെ സ്വർഗീയ മധ്യസ്ഥനായ വിശുദ്ധ ഫ്രാൻസിസ് അസീസിയുടെ ഓർമ്മ തിരുനാളിനോട് അനുബന്ധിച്ച് പരിശുദ്ധ മലങ്കര സുറിയാനി കത്തോലിക്കാ സഭ യുവജന ദിനമായി ആഘോഷിക്കുന്നതിന്റെ ഭാഗമായി എം.സി.വൈ.എം. പത്തനംതിട്ട ഭദ്രാസനത്തിന്റെ നേതൃത്വത്തിൽ യുവജന സംഗമം, EPIC 2023 ഒക്ടോബർ 1 ന് നടത്തപ്പെട്ടു. സീതത്തോട് സെൻറ് മേരീസ് മലങ്കര കത്തോലിക്കാ ദേവാലയത്തിൽ വച്ച് നടത്തപ്പെട്ട യുവജന സംഗമത്തിൽ വിശുദ്ധ കുർബാന ക്ലാസ്, പൊതുസമ്മേളനം, ആദരവ് യുവജന റാലി എന്നിവ നടത്തപ്പെട്ടു. എം.സി.വൈ.എം. സഭാതല സമിതിയുടെ മുൻ ഡയറക്ടറും പത്തനംതിട്ട ഭദ്രാസനത്തിന്റെ പ്രൊക്യുറേറ്ററുമായ റവ.ഫാ. എബ്രഹാം മേപ്പുറത്ത് വിശുദ്ധ കുർബാനയ്ക്ക് മുഖ്യകാർമികനായിരുന്നു. വിശുദ്ധ കുർബാനയ്ക്കു ശേഷം യുവജന ദിനത്തോടനുബന്ധിച്ചുള്ള ക്ലാസ്സ് പ്രശസ്ത മോട്ടിവേഷണൽ സ്പീക്കറും ട്രെയിനറുമായ ശ്രീ ജയ്സൺ അറയ്ക്കൽ നയിച്ചു. തുടർന്ന് നടന്ന യുവജനദിന പൊതുസമ്മേളനത്തിൽ എം.സി.വൈ.എം. പത്തനംതിട്ട ഭദ്രാസനത്തിന്റെ പ്രസിഡൻറ് ശ്രീ അജോഷ് എം തോമസ് അധ്യക്ഷതവഹിച്ചു. സീതത്തോട് വൈദിക ജില്ലാ വികാരി വെരി റവ. ഫ. ഗീവർഗീസ് പാലമൂട്ടിൽ യുവജന സംഗമത്തിന്റെ പൊതുസമ്മേളനം ഔപചാരികമായി ഉദ്ഘാടനം ചെയ്തു. മദർ തമീം എസ്. ഐ. സി, റവ ഫാ സ്കറിയ പതാലിൽ ഫാ. റവ ഫാ ഫിലിപ്പോസ് ചരിവ് പുരയിടത്തിൽ, സിസ്റ്റർ ജൊവാൻ എസ്.ഐ. സി , ഫാ സ്കോട്ട് സ്ലീബാ പുളിമൂടൻ സീതത്തോട് വൈദിക ജില്ലാ പ്രസിഡൻറ് നിബിൻ പി. സാമുവേൽ, എം.സി.വൈ.എം. സഭാതല സമിതിയുടെ ജനറൽ സെക്രട്ടറി ശ്രീ സുബിൻ തോമസ്, എം.സി.വൈ.എം പത്തനംതിട്ട ഭദ്രാസന സമിതിയുടെ ജനറൽ സെക്രട്ടറി ശ്രീ ബിബിൻ എബ്രഹാം, കുമാരി അക്സ രാജൻ, കുമാരി ജിഷ ജോസ്, കുമാരി ജിറ്റി കെ എബ്രഹാം എന്നിവർ പ്രസംഗിച്ചു . ഭദ്രാസന യുവജന ദിനാഘോഷത്തിന്റെ ഭാഗമായി വ്യത്യസ്ത മേഖലകളിൽ മികവ് പുലർത്തിയ പത്തനംതിട്ട ഭദ്രാസനത്തിലെ യുവജനങ്ങളെ ആദരിക്കുകയും ചെയ്തു.യുവജന ദിന പൊതു സമ്മേളനത്തിനുശേഷം നടത്തപ്പെട്ട യുവജന റാലിയിൽ ഏകദേശം 500-ഓളം യുവജനങ്ങൾ പങ്കെടുത്തു. പത്തനംതിട്ട ഭദ്രാസനത്തിലെ 100 ഇടവകകളിൽ നിന്നുള്ള യുവജനങ്ങളാണ് ആഘോഷത്തിൽ പങ്കെടുത്തത്. EPIC 2023 ഒരു ചരിത്രം ആക്കുവാൻ എല്ലാ പ്രതിസന്ധികളെയും തരണം ചെയ്ത് കൊണ്ട് യുവജന സംഗമത്തെ സധൈര്യം ഏറ്റെടുത്തു, പ്രവർത്തന വീഥിയിൽ മികവാർന്ന ഒരു ഏട് ആക്കി തീർത്ത സീതത്തോട് വൈദീക ജില്ലാ സമിതിയെയും, പത്തനംതിട്ട ഭദ്രാസനത്തിലെ യുവജന സഭയെ ഹൃദ്യമായി വരവേറ്റ സീതത്തോട് ഇടവകയെയും നന്ദിയോടെ ഓർക്കുന്നു.

## മാർഗരേഖ

എം.സി.വൈ.എം. പത്തനംതിട്ട ഭദ്രാസനത്തിന്റെ തൂലിക രചനാ മത്സരങ്ങൾ, യുവോത്സവം കലാമത്സരങ്ങൾ എന്നിവയുടെ നടത്തിപ്പുമായി ബന്ധപ്പെട്ട് സെനറ്റിൽ അംഗീകരിച്ച മാറ്റങ്ങളോടെ 2023 വർഷത്തെ കലോത്സവ മാർഗരേഖ പുറത്തിറക്കി.

## യുവോത്സവം - 2023

(11.11.2023, മൈലപ്ര മൗണ്ട് ബഥനി സ്കൂൾ)

എം.സി.വൈ.എം. പത്തനംതിട്ട ഭദ്രാസനത്തിലെ യുവജനങ്ങളുടെ സർഗാത്മകമായ കഴിവുകളെ പ്രോത്സാഹിപ്പിക്കുന്നതിനായി യുവോത്സവം -2023 ഭദ്രാസനതല കലാമത്സരങ്ങൾ നവംബർ 11 ശനിയാഴ്ച്ചമൈലപ്രമൗണ്ട്ബഥനിസ്കൂളിൽവെച്ച്നടത്തപ്പെട്ടു. പത്തനംതിട്ട ഭദ്രാസനത്തിലെ അഞ്ച് വൈദീക ജില്ലകളിൽ നിന്ന് ഒന്ന്, രണ്ട് സ്ഥാനങ്ങൾ കരസ്ഥമാക്കിയ മത്സരാർത്ഥികളാണ് ഭദ്രാസനതല മത്സരത്തിൽ പങ്കെടുത്തത്. യുവോത്സവം 2023 ന് പത്തനംതിട്ട രൂപതാ മുഖ്യ വികാരി ജനറാൾ മോൺ. വർഗീസ് കാലായിൽ ഭദ്രദീപം കൊളുത്തി ഉദ്ഘാടനം ചെയ്തു. ഭദ്രാസന പ്രസിഡന്റ് അജോഷ് എം തോമസ് അധ്യക്ഷത വഹിച്ചു. മൂന്ന് വേദികളിലായി നടന്ന മത്സരത്തിന് ഏകദേശം 300 ഓളം മത്സരാർത്ഥികൾ വിവിധ മത്സര ഇനങ്ങളിൽ പങ്കെടുത്തു. ഈ വർഷത്തെ തൂലിക -2023 രചനാ മത്സരങ്ങളുടെ ചാമ്പ്യന്മാരായി കോന്നി വൈദീക ജില്ല ഒന്നാം സ്ഥാനവും, പന്തളം വൈദീക ജില്ല രണ്ടാം സ്ഥാനവും കരസ്ഥമാക്കി. യുവോത്സവം-2023 കലാമത്സരത്തിൽ കോന്നി വൈദീക ജില്ലാ ഒന്നാം സ്ഥാനവും, പന്തളം വൈദീക ജില്ല രണ്ടാം സ്ഥാനവും കരസ്ഥമാക്കി. ഈ വർഷത്തെ ഓവർ ഓൾ ചാമ്പ്യന്മാരായി കോന്നി വൈദീക ജില്ലയും രണ്ടാം സ്ഥാനക്കാരായി പന്തളം വൈദീക

www.malankaralibrary.com

ജില്ലയും മൂന്നാം സ്ഥാനക്കാരായി റാന്നി പെരുന്നാട് വൈദീക ജില്ലയും തെരഞ്ഞെടുക്കപ്പെട്ടു. വൈകുന്നേരം നടന്ന സമാപന സമ്മേളനം പത്തനംതിട്ട രൂപതാ അധ്യക്ഷൻ അഭിവന്ദ്യ സാമുവേൽ മാർ ഐറേനി യോസ് മെത്രാപ്പോലീത്ത ഉദ്ഘാടനം ചെയ്തു. സമാപന സമ്മേളന വേദിയിൽ വെച്ച് സമ്മാന വിതരണവും നടത്തപ്പെട്ടു. ഭദ്രാസന ഡയറക്ടർ റവ ഫാ സ്കറിയ പതാലിൽ, അസിസ്റ്റന്റ് ഡയറക്ടർ റവ ഫാ സ്കോട്ട് സ്ലീബാ പുളിമൂടൻ, സിസ്റ്റർ ആനിമേറ്റർ ജോവാൻ SIC, ഭദ്രാസന ജനറൽ സെക്രട്ടറി ബിബിൻ എബ്രഹാം, ട്രഷറർ ലിജോ ഫിലിപ്പ് മറ്റ് ഭദ്രാസന ഭാരവാഹികൾ എന്നിവർ പരിപാടികൾക്ക് നേതൃത്വം നൽകി. യുവജന സഭയുടെ സർഗ്ഗ വേദിക്ക് മൈലപ്ര മൗണ്ട് ബഥനി സ്കൂളിന്റെ എല്ലാവിധ സംവിധാനങ്ങളെയും വിട്ടുതന്ന ബഥനി സന്യാസ സമൂഹത്തോടും, ആധുനിക സാങ്കേതിക വിദ്യകൾ എല്ലാം ഉപയോഗിച്ചുകൊണ്ട് കലോത്സവത്തിന്റെ പകിട്ട് കൂട്ടുവാൻ അഹോരാത്രം ഭദ്രാസന സമിതിയോടൊപ്പം ആയിരുന്ന വൈദീക ജില്ലാ ഭാരവാഹികളെയും നന്ദിയോടെ ഓർക്കുന്നു.

## ഫെയ്സ് ഓഫ് ദ ഫെയ്സ് ലെസ്സ് ഏറ്റെടുത്ത് യുവജന സഭ

ക്രിസ്തീയ സന്യാസത്തിന്റെ യാഥാർത്ഥ്യങ്ങൾ സംസാരിക്കുന്ന മലയാള ചലച്ചിത്രം 'ഫെയ്സ് ഓഫ് ദ ഫെയ്സ് ലെസ്സ്' പത്തനംതിട്ടയിലെ തിയേറ്ററുകളിൽ പ്രദർശനത്തിന് എത്തിയപ്പോൾ എം.സി. വൈ.എം. പത്തനംതിട്ട ഭദ്രാസനം അകമഴിഞ്ഞ പിന്തുണ നൽകി. ഭദ്രാസന സമിതിയുടെ നേതൃത്വത്തിൽ ചിത്രത്തിന്റെ പ്രൊമോഷനുകളും, യൂണിറ്റുകൾ ഈ ചിത്രം കണ്ടിരിക്കേണ്ട പ്രാധാന്യം മനസ്സിലാക്കി അതിന് വേണ്ടി പ്രത്യേക ആഹ്വാനവും ചെയ്തു. ഭദ്രാസന സമിതിയുടെ നേതൃത്വത്തിൽ യൂണിറ്റുകളെ ഉൾപ്പെടുത്തി ഒരു ദിവസം ടി ചലച്ചിത്രം കാണുവാനുള്ള ക്രമീകരണവും ചെയ്തു.

## സ്മാഷ് - 2023

(09.12.2023, വടശ്ശേരിക്കര)

എം.സി.വൈ.എം. പത്തനംതിട്ട ഭദ്രാസനത്തിന്റെ നേതൃത്വത്തിൽ ആർച്ച് ബിഷപ്പ് മാർ ഗ്രിഗോറിയോസ് പിതാവിന്റെ സ്മരണാർത്ഥം സ്മാഷ് -2023 ഭദ്രാസനതല ബാഡ്മിന്റൺ ടൂർണമെന്റ് ഡിസംബർ മാസം 9-ാം തീയതി ശനിയാഴ്ച രാവിലെ 9 മണി മുതൽ വടശ്ശേരിക്കര ആഷ്ബി ബാഡ്മിന്റൺ ക്ലബ്ബിൽ വെച്ച് നടത്തപ്പെട്ടു. സിംഗിൾസ് യുവാക്കൾ, സിംഗിൾസ് യുവതികൾ, ഡബിൾസ് യുവാക്കൾ എന്നീ ഇനങ്ങളിലാണ് മത്സരം നടത്തപ്പെട്ടത്. യുവാക്കളുടെ സിംഗിൾസിൽ പത്തനംതിട്ട വൈദീക ജില്ലയിലെ ഡെൽവിൻ സി ജോർജ്, ജോഹാൻ എ ജോർജ് എന്നിവർ ഒന്ന്, രണ്ട് സ്ഥാനങ്ങൾ കരസ്ഥമാക്കി. ഈ വർഷം പുതിയതായി ഉൾപ്പെടുത്തിയ വനിതകളുടെ സിംഗിൾസ് മത്സരത്തിൽ കോന്നി വൈദീക ജില്ലയിലെ ഈവ സാറ ഒന്നാം സ്ഥാനവും, പത്തനംതിട്ട വൈദീക ജില്ലയിലെ ജസ്റ്റീനാ മേരി രണ്ടാം സ്ഥാനവും നേടി.പത്തനംതിട്ട വൈദീക ജില്ലയിലെ കത്തീഡ്രൽ യൂണിറ്റ് യുവാക്കളുടെ ഡബിൾസ് മത്സരത്തിൽ ചാമ്പ്യൻമാരാവുകയും, റാന്നി പെരുന്നാട് വൈദീക ജില്ലയിലെ മണ്ണാറക്കുളഞ്ഞി യൂണിറ്റ് റണ്ണേഴ്സ് അപ്പ് ആകുകയും ചെയ്തു.

# രാഷ്ട്രീയം

## നടപടി ആവശ്യപ്പെട്ട് പത്ര പ്രസ്താവന ഇറക്കി

ഭാരതത്തിന്റെ മതേതര സംസ്കാരത്തെ തച്ചുടച്ചു കൊണ്ട്, മതസ്പർദ്ധ വളർത്തുന്ന രീതിയിൽ,ക്രൈസ്തവ ജീവിതത്തിന്റെ ആധാരമായ വിശുദ്ധ ബൈബിൾ കത്തിച്ചുകൊണ്ട്,അതിന്റെ ദൃശ്യങ്ങൾ നവമാധ്യമങ്ങളിൽ കൂടി പങ്കുവെച്ച കാസർകോട് സ്വദേശി മുസ്തഫയുടെ പ്രവൃത്തി മതേതര സംസ്കാരത്തിന് എതിരെ ഉള്ള വെല്ലുവിളി ആണ്. ഈ വിഷയത്തിൽ ഭരണകൂടം ക്രിയാത്മകമായി ഇടപെട്ടുകൊണ്ട്, ഒരു വിഭാഗത്തിന്റെ മതവിശ്വാസത്തെ വ്രണപ്പെടുത്തുന്ന രീതിയിൽ സോഷ്യൽ മീഡിയയിൽ പ്രചരിച്ചുകൊണ്ടിരിക്കുന്ന ദൃശ്യങ്ങൾ ഒഴിവാക്കാനുള്ള നടപടികൾ സ്വീകരിക്കുക എന്ന് എം.സി.വൈ.എം. പത്തനംതിട്ട ഭദ്രാസന സമിതി പത്രപ്രസ്താവന ഇറക്കി ആവശ്യപ്പെട്ടു.

## പ്രതിഷേധ സദസ്

(12.03.2023 സെന്റ് പീറ്റേഴ്സ് കത്തീഡ്രൽ അങ്കണം)

അനുദിനം സമൂഹത്തിൽ ക്രിസ്തീയതയെ അപമാനിക്കുന്ന തരത്തിൽ ഉള്ള നടപടികൾ ഭരണപക്ഷ വിദ്യാർത്ഥി സംഘടനയുടെ ഭാഗത്തു നിന്ന് പോലും ഉണ്ടാകുന്നത് ക്രിസ്തീയ സമൂഹത്തിനോടുള്ള വെല്ലുവിളിയാണ്. വിശുദ്ധ ബൈബിൾ കത്തിച്ച് സോഷ്യൽ മീഡിയായിൽ കൂടി പങ്കുവെച്ചത്, തലശ്ശേരി ബ്രണ്ണൻ കോളേജിൽ കലോത്സവ നഗരിയിൽ വിശുദ്ധ കുരിശിനെ അവഹേളിച്ചു എസ് എഫ് ഐ എന്ന വിദ്യാർത്ഥി സംഘടന ഫ്ളെക്സ് വെച്ചത്, ക്രിസ്തീയ സന്യാസത്തെ അവഹേളിച്ചു കൊണ്ട് കക്കുകളി നാടകം എ. ഐ. വൈ. എഫ് എന്ന രാഷ്ട്രീയ യുവജന സംഘടനയുടെ ഭാഗത്തു നിന്ന് പ്രദർശിപ്പിക്കുന്നത്, ഇപ്രകാരം സമൂഹത്തിൽ ക്രിസ്തീയ വിശ്വാസത്തിനു നേരെ ഉണ്ടാകുന്ന സംഭവവികാസങ്ങളെ ആശങ്കയോടെ ആണ് ക്രിസ്തീയ സമൂഹം നോക്കി കാണുന്നത്. കേരള സംസ്ഥാനത്ത് ക്രിസ്തീയ വിശ്വാസത്തെയും ക്രിസ്തീയ സമൂഹം വിശുദ്ധ വസ്തുക്കളായി അവരുടെ ജീവിതചര്യയുടെ ഭാഗമായി കരുതുന്നവയെ പോലും അവഹേളിക്കുന്ന നടപടികൾ ഉണ്ടായതിനെതിരെ എം.സി.വൈ.എം. പത്തനംതിട്ട ഭദ്രാസനത്തിന്റെ നേതൃത്വത്തിൽ പത്തനംതിട്ട സെന്റ് പീറ്റേഴ്സ് കത്തീഡ്രലിൽ 12-03-2023 ൽ പ്രതിഷേധ കൂട്ടായ്മ സംഘടിപ്പിച്ചു. ഭദ്രാസന പ്രസിഡന്റ് അജോഷ് എം തോമസ് അദ്ധ്യക്ഷത വഹിച്ച പ്രതിഷേധ കൂട്ടായ്മ എം.സി.വൈ.എം. ഭദ്രാസന ഡയറക്ടർ റവ ഫാ സ്കറിയ പതാലിൽ ഉദ്ഘാടനം ചെയ്തു. മദർ തമീം എസ് ഐ സി, സിസ്റ്റർ ഹൃദ്യാ എസ്. ഐ സി,സിസ്റ്റർ ആഗ്നറ്റ് എസ് ഐ സി. ബിബിൻ എബ്രഹാം, എന്നിവർ പ്രതിഷേധ കൂട്ടായ്മയിൽ പ്രസംഗിച്ചു.


## മണിപ്പൂരിൽ നടക്കുന്നത് ജനാധിപത്യ ഇന്ത്യയ്ക്ക് നാണക്കേട്, ഭരണകൂടങ്ങൾ ഇടപെടുക!

(22.07.2023, മൈലം)

ഇന്ത്യ മഹാരാജ്യത്ത് മണിപ്പൂർ എന്ന സംസ്ഥാനത്ത് കഴിഞ്ഞ കുറേ നാളുകളായി നടക്കുന്ന വർഗീയ- വംശീയ അക്രമങ്ങളെയും, സ്ത്രീകൾക്കെതിരെയുള്ള ക്രൂരകൃത്യങ്ങളെയും അപലപിച്ചുകൊണ്ട് എം.സി.വൈ.എം. പത്തനംതിട്ട ഭദ്രാസനത്തിന്റെയും തിരുവനന്തപുരം മേജർ അതിഭദ്രാസനത്തിന്റെയും സംയുക്ത ആഭിമുഖ്യത്തിൽ പ്രതിഷേധം സംഘടിപ്പിച്ചു. പ്രസ്തുത വിഷയങ്ങളിൽ ഭരണകൂടങ്ങൾ ശക്തമായ നടപടികൾ സ്വീകരിക്കണമെന്ന് ആവശ്യപ്പെട്ടു കൊണ്ടാണ് എം.സി.വൈ.എം., രണ്ടു ഭദ്രാസനങ്ങളുടെ സംയുക്ത ആഭിമുഖ്യത്തിൽ 22-07-2023 ൽ മൈലം മലങ്കര കത്തോലിക്ക ദൈവാലയ അങ്കണത്തിൽ ദേശീയപാതയോട് ചേർന്ന് പ്രതിഷേധം സംഘടിപ്പിച്ചത്. കെ സി വൈ എം സംസ്ഥാന പ്രസിഡന്റ് ശ്രീ. ഷാരോൺ കെ റെജി പ്രസ്തുത പ്രതിഷേധ കൂട്ടായ്മ ഉദ്ഘാടനം ചെയ്തു. എം.സി.വൈ. എം. സഭാതല ഡയറക്ടർ റവ ഫാ പ്രദീഷ് ജോർജ്, തിരുവനന്തപുരം മേജർ അതിരൂപത പ്രസിഡന്റ് കുമാരി രഞ്ജിത ആർ ജെ, പത്തനംതിട്ട ഭദ്രാസന പ്രസിഡന്റ് ശ്രീ.അജോഷ് എം തോമസ് എന്നിവർ പ്രസംഗിച്ചു. എം.സി.വൈ.എം. സഭാതല പ്രസിഡന്റ് ശ്രീമതി.എയ്ഞ്ചൽ മേരി, മേജർ അതിഭദ്രാസന ഡയറക്ടർ ഫാ ജോസഫ് തോട്ടത്തിൽ അസിസ്റ്റന്റ് ഡയറക്ടർ അലോഷ്യസ് തെക്കേടത്ത്, പത്തനംതിട്ട ഭദ്രാസന എം.സി.വൈ.എം. ഡയറക്ടർ ഫാ സ്കറിയ പതാലിൽ, കൊട്ടാരക്കര വൈദീക ജില്ലാ ഡയറക്ടർ ഫാ സിറിൽ, ഭദ്രാസന ആനിമേറ്റേഴ്സ് ആയ സിസ്റ്റർ ദിവ്യ, സിസ്റ്റർ ജോവാൻ,സഭാതല സമിതി ജനറൽ സെക്രട്ടറി ശ്രീ.സുബിൻ തോമസ് തിരുവനന്തപുരം മേജർ അതിഭദ്രാസന ജനറൽ സെക്രട്ടറി ശ്രീ.ബിനോ സഭാതല - ഭദ്രാസന -വൈദിക ജില്ലാ ഭാരവാഹികൾ, മൈലം ഇടവകയിലെ യുവജന പ്രവർത്തകർ, ഇടവക വിശ്വാസികൾ എന്നിവർ പ്രസ്തുത പ്രതിഷേധ കൂട്ടായ്മയിൽ അണിനിരന്നു. കെ സി വൈ എം സംസ്ഥാന സമിതി കേരളത്തിലെ രൂപതകളോട് ആഹ്വാനം ചെയ്ത We Miss The Soul Of Our India Save Manipur എന്ന പ്രതിഷേധ കൂട്ടായ്മ ക്യാമ്പയിന്റെ ഭാഗമായാണ് ഇപ്രകാരം ഒരു പ്രതിഷേധം സംഘടിപ്പിച്ചത്.

www.malankaralibrary.com

# പ്രവർത്തന വീഥി ഒറ്റനോട്ടത്തിൽ...



*സ്വർഗ്ഗം അനുഗ്രഹിച്ചു നൽകിയ രണ്ടു വർഷക്കാലം....*

*അതിജീവനത്തിന്റെ പാതയിലൂടെ അതിവേഗം സഞ്ചരിച്ച 24 മാസങ്ങൾ...*

*പ്രവർത്തന വീഥിയിൽ നിറഞ്ഞു നിന്ന... ചടുലമായ സംഘടനാ സംവിധാനത്തിന്റെ 104 ആഴ്ചകൾ....*

*യുവജന സഭ ക്രിസ്തുവിൽ ആഘോഷമാക്കിയ 730 ദിവസങ്ങൾ.........*

*ചങ്കിൽ എം.സി.വൈ.എം എന്ന ശരണമന്ത്രം ഉരുവിട്ട 17520 മണിക്കൂറുകൾ.....*

*എം.സി.വൈ.എം പത്തനംതിട്ട ഭദ്രാസനം അതിന്റെ കർമ്മ വീഥിയിൽ യുവജന സഭയുടെ വളർച്ചക്കായി ഓഫ് ലൈൻ ഓൺലൈൻ പ്ലാറ്റ്ഫോമുകളിൽ കൂടി....*

*ബൗദ്ധിക തലത്തിൽ സംഘടനാ സംവിധാനത്തിന്റെ ശക്തി വിളിച്ചോതിയ 18 ഓളം പരിപാടികൾ.....*

*ആത്മീയ തലത്തിൽ, ക്രിസ്തു നാഥനെ അനുഭവവേദ്യമാക്കിയ 18 ഓളം പരിപാടികൾ.....*

*സാമൂഹിക തലത്തിൽ സമൂഹത്തിന്റെ സ്പന്ദനം മനസിലാക്കിയ 14 ഓളം പരിപാടികൾ......*

*സാംസ്കാരിക തലത്തിൽ ഭാരതീയ സംസ്കാരത്തിന്റെ ഭാഗമായ 19 ഓളം പരിപാടികൾ....*

*രാഷ്ട്രീയ തലത്തിൽ ജനാധിപത്യത്തിന്റെ സൗന്ദര്യം വിളിച്ചോതിയ 8 ഓളം പരിപാടികൾ......*

*പ്രസ്ഥാനത്തിന്റെ എല്ലാ തലങ്ങളെയും ശക്തമാക്കാനുള്ള പ്രവർത്തന ചട്ടകൂടിന്റെ അടിത്തറ ഊട്ടി ഉറപ്പിച്ച 29 ഓളം മീറ്റിംഗുകൾ...*

*പ്രസ്ഥാനത്തിന്റെ ശക്തിയെ വിളിച്ചോതിയ 805 ഓളം അംഗത്വ വിതരണങ്ങൾ....*

*യുവജന സഭയുടെ ഹൃദ്യങ്ങളിലേക്ക് ഇറങ്ങി ചെന്ന 10 ഓളം യൂണിറ്റ് വിസിറ്റുകൾ.....*

*ഔദ്യോഗികമായ അറിയിപ്പുകളും ഓർമ്മപ്പെടുത്തലുകളും തിരുത്തലുകളും നൽകിയ 18 ഓളം സർക്കുലറുകൾ.....*

*അക്ഷര ലോകത്ത് വെളിച്ചം നൽകിയ 7 ഓളം പ്രസിദ്ധീകരണങ്ങൾ......*

*ശബ്ദമില്ലാത്തവന്റെ ശബ്ദമായി മാറിയ 2 ഓളം പത്രസമ്മേളനങ്ങൾ......*

*പത്തനംതിട്ട ഭദ്രാസനത്തിലെ യുവജന സഭയുടെ ശക്തിയെ വിളിച്ചോതിയ എം സി വൈ എം സഭാതല സമിതിയുടെ 12 ഓളം പരിപാടികളിലെയും, 6 ഓളം കെ സി വൈ എം പരിപാടികളിലെയും സാന്നിധ്യം.....*

*ആധുനിക യുഗത്തിന്റെ എല്ലാ സാങ്കേതികവിദ്യകളെയും ക്രിയാത്മകമായി കൈകാര്യം ചെയ്ത നിമിഷങ്ങൾ....*

*ദിവസങ്ങളുടെ പ്രാധാന്യം ഓർമ്മപ്പെടുത്തിയ 70ഓളം പോസ്റ്ററുകൾ.....*

*കാതിന് ഇമ്പകരവും കണ്ണിന് മനോഹാരിതയും നൽകിയ 30 ഓളം വോയിസ് ഓവറുകൾ*



www.malankaralibrary.com

# എം.സി.വൈ.എം എന്താണ്? എന്തിനാണ്?



**റവ. ഫാ. സ്കോട്ട് സ്ലീബാ പുളിമൂടൻ**
(ഭദ്രാസന അസ്സി. ഡയറക്ടർ)

കാൽവരി മലയുടെ മുകളിലേക്ക് മരകുരിശും വഹിച്ചു കൊണ്ട് 33 വയസുള്ള യഹൂദനായ ഒരു ചെറുപ്പക്കാരൻ നടന്നു കയറുമ്പോൾ ചുറ്റും നിന്നൊരു വലിയ ജനക്കൂട്ടം ആർത്തുവിളിച്ചു അവനെ ക്രൂശിക്കുക. അവനെ ക്രൂശിച്ചപ്പോഴും കല്ലറയിൽ അടക്കം ചെയ്തപ്പോഴും എല്ലാം അവസാനിച്ചു എന്ന് കരുതിയെങ്കിൽ തെറ്റി അവൻ ശക്തനായി ഉത്ഥിതനായി ഇന്നും ജീവിക്കുന്നു. ഇന്നും ജീവിക്കുന്ന യേശുവിന്റെ കാലടികൾ പിന്തുടരുന്ന മലങ്കര കത്തോലിക്ക സഭയുടെ യുവജന പ്രസ്ഥാനമാണ് എം.സി. വൈ.എം. രണ്ടാം ക്രിസ്തുവെന്ന് ലോകം വിശേഷിപ്പിക്കുന്ന അസീസ്സിയിലെ ഫ്രാൻസിസിന്റെ ജീവിത ശൈലിയേ പിന്തുടർന്നു കൊണ്ട് ഇരുളടഞ്ഞ കാലഘട്ടത്തിൽ പ്രത്യാശയുടെ കൈത്തിരി നാളമായി മാറുവാൻ ഒരു യുവതയെ പ്രാപ്തമാക്കുന്ന കാലത്തിന്റെ ധാർമ്മിക പ്രസ്ഥാനമാണ് എം.സി.വൈ.എം .മലങ്കര കത്തോലിക്ക സഭയുടെ ഔദ്യോഗിക യുവജന പ്രസ്ഥാനമാണ് എം.സി. വൈ.എം. മറ്റേതു യുവജന പ്രസ്ഥാനത്തിന് നൽകുന്നതിലും വലിയ പിന്തുണയും പ്രാധാന്യം നൽകേണ്ടത് എം.സി.വൈ.എം പ്രസ്ഥാനത്തിനാണ്

## എന്താണ് എം.സി.വൈ.എം ?

കർത്താവിന്റെ രക്ഷകരദൗത്യം അനുദിനം പരിശുദ്ധ സഭയിലൂടെ തുടരുന്നു. ലോക സുവിശേഷ വൽകരണം എന്നുള്ള വലിയ ദൗത്യം പേറുമ്പോൾ തിരുസഭ തന്റെ മകളെ സുവിശേഷ വൽക്കരണത്തിനായി പ്രാപ്തമാക്കുന്നു. യുവത്വം ക്രൈസ്തവ വിശ്വാസത്തിന്റെ ആഴങ്ങളിലേക്ക് യുവത്വത്തെ ആകർഷിക്കുന്നു. വിശ്വാസത്തിലൂടെയും പ്രാർത്ഥനയിലൂടെയും മാതൃകാപരമായ ജീവിതം നയിച്ച് ഒരു യുവതയെ ആത്മീയമായി വളർത്തുന്നു. ആരാധന പാരമ്പര്യത്തിൽ അടിയുറച്ച ജീവിത ശൈലിയുള്ള ഒരു യുവതയെ വാർത്തെടുക്കുന്നു. അനുദിനം വളരുന്ന ശാസ്ത്ര സാങ്കേതിക വിഷയങ്ങളിൽ അറിവു നേടുന്നതിനൊപ്പം മലങ്കര യുവത നന്മയെ ഉൾക്കൊണ്ട് വിശ്വാസ ജീവിതത്തിനും ക്രൈസ്തവ ജീവിതത്തിനും ഉതുകുന്ന വിധത്തിൽ ശാസ്ത്ര സാങ്കേതിക നന്മകളെ യുവതയുടെ ജീവിതത്തിന്റെ ഭാഗമാക്കുവാൻ പ്രാപ്തമാകുന്നു.

നവയുഗത്തിൽ നാം ജീവിക്കുന്ന സമൂഹത്തിന്റെ നന്മ തിന്മകൾ തിരിച്ചറിഞ്ഞ് നേരിന്റെ പക്ഷം നിന്ന് തിന്മയെ ചെറുത്ത് തോൽപ്പിക്കുന്നതിനും നേരിന്റെ വക്താക്കളാക്കുന്നത്തിനും നീതിയുടെ പ്രവാചകരായി നമ്മുടെ പുതിയ ലോകം കെട്ടിപ്പെടുത്തുവാൻ സഹായിക്കുന്നു. ഭാരതീയ സാംസ്കാരവും ക്രിസ്തീയ ജീവിത ശൈലിയും ഒന്നാക്കുന്നിടത്ത് അന്തമായ അനുകരണത്തിനപ്പുറം വ്യത്യസ്തമായ ജിവിത ശൈലി രൂപപ്പെടുത്തുന്നു. യുവതയെ രാഷ്ട്രീയ മേഖലയിൽ നിന്ന് അകറ്റുവാൻ ചില ബാഹ്യ ശക്തികളുടെ സമ്മർദം ശക്തമാക്കുമ്പോൾ ക്രൈസ്തവ മൂല്യാധിഷ്ഠിതമായ രാഷ്ട്രീയ നേതൃത്വത്തെ രൂപപ്പെടുത്തുന്നതിനും ജീർണമായ രാഷ്ട്രിയ മേഖലയെ നവീകരിക്കുവാൻ പ്രാപ്തമാക്കുന്നു

## എന്തിനാണ് എം.സി.വൈ.എം ?

ഒരു യുവതയുടെ സമഗ്രമായ മാറ്റത്തിനും പുതിയൊരു ജീവിത ശൈലി രൂപപ്പെടുത്തുന്നതിനും സഹായിക്കുന്നു. ആത്മികവും, ബൗദ്ധികവും, സാമൂഹികവും, സാംസ്കാരികവും,രാഷ്ട്രീയമായും ഒരു പുതിയൊരു ജീവിത ശൈലി രൂപപ്പെടുത്തുന്നു. എന്തിനു വേണ്ടി....? എഴുപതുകളുടെ തുടക്കത്തിൽ സഭയുടെ നേരെയുണ്ടായ വെല്ലുവിളികളെ ചെറുത്തു തോൽപ്പിക്കുവാൻ ഒരു സമര യൗവനത്തെ രൂപപ്പെടുത്തി സഭയുടെ കാവലാളായി മാറുവാൻ പ്രാപ്തമാകുന്നു. വിശ്വാസ വിപരീതങ്ങളും ക്രിസ്തീയ ജീവിതത്തിന്റെ വെല്ലുവിളികൾ ഉയരുമ്പോൾ മാറിനിൽകുവാനല്ല പിന്നെയോ ചെറുത്തു തോൽപ്പിക്കേണ്ടതിനും ഏതു വിധേനയും നേരിടുവാൻ തയാറാക്കുന്നു. എം.സി.വൈ.എം പ്രസ്ഥാനം അന്നും ഇന്നും ജീസസ് യൂത്ത് പോലെയോ മറ്റേതെങ്കിലും ആത്മീയ പ്രസ്ഥാനം പോലെയോ അല്ല. 24 മണിക്കൂറും പ്രാർത്ഥനയുടെ പ്രസ്ഥാനമല്ല. പിന്നെയോ പ്രാർത്ഥനയും പ്രവർത്തിയും ഒന്നിച്ചു കൊണ്ടുപോകുന്ന പ്രസ്ഥാനമാണ് . പ്രതികരിക്കേണ്ടവയോട് പ്രതികരിക്കുന്ന പ്രസ്ഥാനമാണ് .
അല്ലാതെ... ചുണകെട്ട യുവത്വത്തിന്റെ മൗനം വെടിയുവാനും നേരിന്റെ ശബ്ദമായി മാറാനും പ്രാപ്തമാക്കുന്നു. എന്തിനോടും സന്ധിചേരുന്ന പ്രസ്ഥനമായി മാറുവാനുള്ളതല്ല മാറ്റേണ്ടവയേ മാറ്റുവാനും തിരുത്തേണ്ടവയെ തിരുത്തുവാനുമുള്ള സംഘടിത ശക്തിയായി മറേണ്ടതാണ് എം.സി.വൈ.എം പ്രസ്ഥാനം. അല്ലാതെ സുരക്ഷിതത്വം നോക്കി എന്തിനോടും സമരസപ്പെടുന്ന യുവത്വമല്ലിത്.
***നാടിന്റെ നന്മയ്ക്കായി സഭയുടെ വക്താക്കളായി തിരുത്തൽ ശക്തിയായി മാറുവാൻ നമ്മുക്ക് കൈകൾ കോർക്കാം.....***

www.malankaralibrary.com

# ഹൃദയതാളം



**എം.സി.വൈ.എം എന്ന നാലക്ഷരം എന്റെ പ്രാണനിൽ കോറിയിട്ട വാക്കുകളാണ്. എന്റെ മാത്രമല്ല മലങ്കരയുടെ ഓരോ യുവജനങ്ങളുടെയും മനസ്സിലെ താളമാണത്. ഒരു ഹിന്ദോളം പോലെ അതങ്ങനെ ഒഴുകിക്കൊണ്ടിക്കുന്നു. ആ ഒഴുക്കിനനുസരിച്ച് ഞാനും നീങ്ങുന്നു....**

തണ്ണിത്തോട് എന്ന മലയോര ദൈവാലയത്തിലെ യുവജന പ്രവർത്തങ്ങൾ കണ്ടു വളർന്ന ഒരാളാണ് ഞാൻ, അവിടെ നിന്ന് അവിചാരിതമായി എപ്പോഴോ ഒരു 15 വയസ്സുകാരന്റെ കയ്യിലേക്ക് വെച്ച് തന്ന യൂണിറ്റ് പ്രസിഡന്റ് സ്ഥാനം, 35 വയസ്സോളം വരുന്ന യുവജനങ്ങളെ നയിക്കാൻ തെല്ലൊരു ആശങ്കയോടെ ആണെങ്കിലും ഒരു 15 വയസ്സുകാരനെ ഏൽപ്പിക്കുമ്പോൾ ഏൽപ്പിച്ച ഉത്തരവാദിത്വം ഭംഗിയോടെ പൂർത്തീകരിക്കാൻ സാധിച്ചു എന്നതിൽ ഇന്നും അഭിമാനം. തണ്ണിത്തോട് നിന്നൊരു സഭാതല പ്രസിഡന്റ് അന്തർദേശീയ യുവജന കൺവൻഷൻ വേദിയിലിരിക്കുമ്പോൾ ആവേശത്തോടെ ആ വേദിയുടെ ഏറ്റവും പുറകിലിരുന്ന് ഞാൻ കൈയ്യടിച്ചു. പിന്നീട് കാലം ആ വേദിയുടെ മുൻപിലേക്ക് എന്നെയും എത്തിച്ചു.....

കോന്നി വൈദിക ജില്ലയുടെ ഓളങ്ങളിൽ നീന്തി തുടങ്ങിയതാണ് പ്രസ്ഥാനത്തിൽ എന്റെ ഈ യാത്ര,അവിടുത്തെ ചൂടും, ചൂരുമറിഞ്ഞു വളർന്ന് നേതൃസ്ഥാനത്തേക്ക് എത്തുമ്പോൾ കൂടെ നിന്ന് കൈ പിടിച്ചു നടത്തിയ ഒരുപാട് നേതാക്കന്മാരുണ്ട്, സൗഹൃദങ്ങൾ ഉണ്ട്.... കോന്നി എനിക്ക് നൽകിയ സ്നേഹത്തിന് അതിർവരമ്പുകൾ ഇല്ല..

അവിടെനിന്ന് സീതത്തോട് എന്ന പുതിയ മേച്ചിൽ പുറത്തിലേക്ക്, പുതിയ വൈദിക ജില്ലയുടെ ഭാവഭേതങ്ങൾ ഏതുമില്ലാതെ ഒരു അടിസ്ഥാന ശിലപാകുക എന്നതായിരുന്നു എന്നിലെ പ്രഥമ പ്രസിഡന്റ് സ്ഥാനത്തിന്റെ ലക്ഷ്യം.എല്ലാം ഒന്നിൽ നിന്ന് തുടങ്ങണം,ഒന്നൊന്നായി ഓരോ പടിയായി ഈ വൈദിക ജില്ലയെ രൂപതയിലും,സഭയുടെ മുഴുവൻ തലങ്ങളിലും സീതത്തോട് എന്ന പേര് എത്തിക്കുവാൻ സാധിച്ചു എന്നതിൽ ഇന്നും അഭിമാനിക്കുന്നു. നിസ്തുതലമായ പിന്തുണയോടെ ഒപ്പംനിൽക്കുന്നു.

സീതത്തോട് നൽകിയ നേതൃപാഠവങ്ങളുമായി പത്തനംതിട്ട രൂപതയുടെ ജനറൽ സെക്രട്ടറി സ്ഥാനത്തേക്ക് എത്തിപ്പെടുമ്പോഴും പ്രസ്ഥാനത്തിന്റെ വളർച്ചയല്ലാതെ മറ്റൊന്നും ആഗ്രഹിച്ചിരുന്നില്ല. കോവിഡ്-19 എന്ന മഹാമാരി ആ സമയത്ത് നമ്മുടെ മുൻപിലേക്ക് എത്തിപ്പെട്ടപ്പോൾ, വീടിന്റെ നാല് ചുമരുകൾക്കുള്ളിൽ അകപ്പെട്ടു പോയി യുവത്വത്തിന്റെ താളം എവിടെയോ നഷ്ടപ്പെട്ടു പോകാമായിരുന്നിട്ടും അവയെ കൈവിട്ടു കളയാതെ തിരിച്ചുയർത്തുവാൻ സാധിച്ചു എന്നതിൽ അഭിമാനിക്കുന്നു,പ്രിയപ്പെട്ടവരുടെ മുഖമൊന്നു കാണുവാൻ കഴിയാതെ, അടുത്തേക്ക് വരാൻ പലരും പേടിച്ച ആ നിമിഷത്തിൽ, ധൈര്യപൂർവ്വം ഒരുപാട് പേരുടെ മൃതദേഹങ്ങൾ എടുത്തുയർത്തി അവർക്ക് അരികിലേക്ക് കൊണ്ടുവരാൻ, അവർക്കായി ആറടി മണ്ണിന്റെ കുഴിവെട്ടുവാൻ യുവജനതയെ ഒന്നിച്ച് മുൻപേ നടത്തുവാൻ,അവരോടൊപ്പം മുന്നിട്ടു ഇറങ്ങുവാൻ സാധിച്ചു എന്നത് ജീവിതയാത്രയിൽ ഒരിക്കലും മറക്കില്ല..

ആ സമയത്ത് പഠനത്തിന് സാമ്പത്തികമായി ബുദ്ധിമുട്ട് അനുഭവിച്ച നമ്മുടെ പ്രിയപ്പെട്ടവർക്ക് കൈത്താങ്ങ് ആകുവാൻ സാധിച്ചു,ഓൺലൈൻ പഠനത്തിന് ബുദ്ധിമുട്ടിയിരുന്ന നിരവധി യുവജനങ്ങളെ കൈപിടിച്ച് മുൻപിലേക്ക് കൊണ്ടുവന്നു, മിഷനിലെ പ്രിയപ്പെട്ടവരെ ചേർത്തുനിർത്തി, യുവ സംരംഭകരെ സമൂഹത്തിനു മുൻപിലേക്ക് എത്തിച്ചു, യുവകർഷകരെ ഈ ലോകത്തിന് പരിചയപ്പെടുത്തി അങ്ങനെ മനസ്സും, ഹൃദയവും നിറച്ച് ഒരു ജനറൽ സെക്രട്ടറി സ്ഥാനം കൂടി പൂർത്തിയാക്കി... പത്തനംതിട്ട ഭദ്രാസനം ഏറെ കരുതലോടെ ചേർത്ത് നിർത്തി എന്നെ വളർത്തുന്നു....

പിന്നീടാണ് സഭാതല ജനറൽ സെക്രട്ടറി സ്ഥാനത്തേക്ക് തെരഞ്ഞെടുക്കുന്നത്, ആഗോള മലങ്കര സുറിയാനി കത്തോലിക്കാ സഭയുടെ യുവജനങ്ങളെ ഒന്നിച്ച് കൊണ്ടുപോവുക എന്ന ദൗത്യം. പല ഭാഷകൾ, പല നേതാക്കന്മാർ, പല ശൈലികൾ എന്നിവയൊക്കെ ആശങ്കകൾക്കിട നൽകിയെങ്കിലും അവയൊക്കെ മാറ്റി നിർത്തികൊണ്ട് എം.സി.വൈ.എം എന്ന ഒരൊറ്റ വികാരത്തെ ചേർത്ത് പിടിച്ച് പ്രവർത്തിച്ചു.

പദയാത്രയും, ഹെസദും അന്തർദേശീയ യുവജന സമ്മേളനങ്ങളും, പ്രതിഷേധങ്ങളും മറ്റു പരിപാടികൾക്കും ഒക്കെ നേതൃത്വം നൽകുവാനായി സാധിച്ചു, വിവിധ രൂപതകൾ,അഭിവന്ദ്യ പിതാക്കന്മാർ, വിവിധ നേതാക്കന്മാർ,സാമൂഹിക രാഷ്ട്രീയ രംഗത്തെ ഒട്ടനവധി പേരുമായി സംസാരിക്കുവാനും, സൗഹൃദം പങ്കുവയ്ക്കുവാനും സാധിച്ചു...

***യജമാനൻ പറഞ്ഞു, കൊള്ളാം നല്ലവനും വിശ്വസ്തനുമായ ഭൃത്യാ അൽപ്പകാര്യങ്ങളിൽ വിശ്വസ്തനായിരുന്നതിനാൽ അനേക കാര്യങ്ങൾ നിന്നെ ഞാൻ ഭരമേൽപ്പിക്കും യജമാനന്റെ സന്തോഷത്തിലേക്ക് നീ പ്രവേശിക്കുക (മത്തായി 25 : 23-24)***

ഏൽപ്പിച്ച ഉത്തരവാദിത്വങ്ങൾ സഭയുടെയും,സംഘടനയുടെയും നന്മക്ക് വേണ്ടി മാത്രമാണ് പ്രവർത്തിച്ചത് ഇനിയും അങ്ങനെ തന്നെയാണ്.... പറയാൻ ഒരുപാടുണ്ടെങ്കിലും വാക്കുകൾക്ക് പരിമിതി ഉള്ളതിനാൽ ചുരുക്കുന്നു...... കാലം എത്ര കഴിഞ്ഞാലും ഈ ഹൃദയമിടിപ്പ് നിലയ്ക്കും വരെയും അതിൽ എം.സി.വൈ.എം എന്ന് എപ്പോഴും മിടിച്ചു കൊണ്ടേയിരിക്കും.... നിത്യ യുവത്വം.

ജയ് എം.സി.വൈ.എം

ഒത്തിരി സ്നേഹത്തോടെ....

**സുബിൻ തോമസ്**

സഭാതല ജനറൽ സെക്രട്ടറി

www.malankaralibrary.com

# യുവ ജനങ്ങൾ ധീര പ്രേഷിതർ



**സിസ്റ്റർ ജൊവാൻ എസ്. ഐ. സി**

(സിസ്റ്റർ ആനിമേറ്റർ)

***യേശു ജ്ഞാനത്തിലും പ്രായത്തിലും ദൈവത്തിന്റെയും മനുഷ്യരുടെയും പ്രീതിയിലും വളർന്നു വന്നു.. ' (ലൂക്കാ 2.52)***

യുവത്വത്തിൽ ആയിരിക്കുന്നത് ഒരു വിളിയാണ്. ക്രിസ്തുവിനെ അനുഗമിക്കാൻ ക്രിസ്തുവിന്റെ രക്ഷാകര പ്രവർത്തനങ്ങളിൽ പങ്കുകാരാക്കാൻ, ക്രിസ്തുവിന്റെ രക്ഷാകര ദൗത്യം തുടരുവാൻ പ്രത്യേകമായി വിളിക്കപ്പെട്ടിരിക്കുന്നു. പ്രേഷിത വിളി വളരെയധികം വെല്ലു വിളികൾ നേരിടുന്നു. അതിന് സമർപ്പണ മനോഭാവവും ഉറച്ച തീരുമാനങ്ങളും അതിലുപരി, ക്രിസ്തുവിനോടുള്ള അടങ്ങാത്ത സ്നേഹവും ഉണ്ടായിരിക്കണം.

യുവജനങ്ങളെ ഈ പ്രേഷിത വിളിയിൽ നിന്നകറ്റുന്ന മാധ്യമങ്ങളുടെ അതിപ്രസരം, തുടങ്ങിയ അനേകകാര്യങ്ങൾ ഈ ലോകത്തിൽ ഉണ്ട്. അത്തരം പ്രലോഭനങ്ങളെ അതിജീവിക്കാനും, പ്രേഷിത വിളിയിൽ ഉറച്ചു നിൽക്കാനും വളരെ മന ശക്തിയും സമർപ്പണവു അനിവാര്യമാണ്. അതുകൊണ്ടാണ് ഊർജസ്വലരായ യുവജനങ്ങളെ കർത്താവ് പ്രത്യേകമായി വിളിക്കുന്നത്. യുവ ജനങ്ങൾ വിളിക്കപ്പെട്ടിരിക്കുന്നത് സമകാലീന ലോകത്തിലെ ധീരമായ പ്രേഷിതരായി തീരാനാണ്.

ഈ പ്രേഷിത വിളിയ്ക്ക് ക്രിസ്തുവിന്റെ സൗഹൃദം വളര അനിവാര്യമാണ്. എങ്കിൽ മാത്രമേ സ്വർഗ്ഗീയ വിരുന്നിൽ പങ്കുകാരാകാൻ സാധിക്കുകയുള്ളു. ക്രിസ്തുവുമായുള്ള സൗഹൃദം നമ്മുടെ എല്ലാ ബന്ധങ്ങളെയും വിശുദ്ധീകരിക്കുന്നതായിരിക്കണം. പാപത്തിന്റെ ബന്ധനമില്ലാത്ത സൗഹൃദമാണത്. നമ്മുടെ ജിവിതത്തിലെ സൗഹൃദങ്ങളെ പരിശോധിക്കാനുള്ള അളവുകോലാണ് പ്രേഷിത ധീരനായ ക്രിസ്തുവുമായുള്ള സൗഹൃദം .

യുവജനങ്ങൾ ധീര പ്രേഷിതരായിരിക്കുന്നതു വഴിയായി സഭയിൽ,സമൂഹത്തിൽ, വളരെയധികം നന്മകൾ ചെയുവാനും സുവിശേഷം മറ്റുള്ളവർക്ക് പകർന്നു കൊടുക്കുവാനും സാധിക്കും. അതിന് ഈ സൗഹൃദയ വലയം വളരെ അധികം സഹായിക്കും. നമ്മുടെ സോഷ്യൽ മീഡിയ നമുക്ക് ഇതിനായി ഉപയോഗപ്പെടുത്താൻ സാധിക്കും. അനുദിനവും നമ്മുക്ക് ലഭിക്കുന്ന ക്രിസ്തീയ മൂല്യങ്ങൾ സോഷ്യൽ മീഡിയയിലൂടെയും നേരിട്ടും മറ്റുള്ളവർക് പകർന്ന് നൽകാൻ നമുക്ക് സാധിക്കണം. നമ്മുടെ ജീവിത മാതൃക തന്നെ ഒരു വലിയ പ്രേഷിത പ്രവർത്തനം ആണ്. യുവജനങ്ങൾക്ക് അവരുടെ പ്രായത്തിലുള്ളവരെ മനസിലക്കുവാനും തെറ്റിലേക്കാണ് നിങ്ങുന്നതെങ്കിൽ അവരെ പെട്ടന്നു തന്നെ തിരികെ കൊണ്ട് വരുവാനും സാധിക്കും. യേശു ക്രിസ്തു യുവജനങ്ങളെ പ്രത്യേകമായി വിളിക്കുന്നത് വി. ഗ്രന്ഥത്തിൽ പലയിടത്തും നമുക്ക് കാണുവാൻ സാധിക്കും. യേശു ക്രിസ്തു തന്റെ മകളെ തന്റെ ശിഷ്യരാക്കികൊണ്ട് ആ പ്രേഷിത ദൗത്യം തുടരുവാൻ യുവജനങ്ങളെ ഏല്പിച്ചിരിക്കുകയാണ്. ആ ക്രിസ്തുവിന്റെ സൗഹൃദ വലയത്തിനുള്ളിൽ നിന്നുകൊണ്ട് ക്രിസ്തുവിന്റെ സുവിശേഷവും ആകുവാനും മറ്റുള്ളവർക് പകർന്നു കൊടുക്കുവാനും യുവജനങ്ങളെ പ്രത്യേകം വിളിച്ചു വേർതിരിച്ചിരിക്കുന്നു.

***ക്രിസ്തു സ്വയം വിസ്മയിച്ചു കൊണ്ട് പറഞ്ഞു : 'സ്വർഗ്ഗത്തിന്റെയും ഭൂമിയുടെയും നാഥനായ പിതാവേ, നീ ഇകാര്യങ്ങൾ ബുദ്ധിമാൻമാരിലും വിവേകികളിൽ നിന്നും മറച്ച് ശിശുകൾക്ക് വെളിപ്പെടുത്തിയതിനാൽ ഞാൻ നിന്നെ സ്തുതിക്കുന്നു.' (മത്തായി 11.25 )***

ചെറിയവരോട് സത്യം വെളിപ്പെടുത്താൻ ദൈവം സംപ്രീതനാണ്. നമ്മുടെ നിഷ്കളങ്കതയിൽ മാത്രമേ അവിടുത്തെ സത്യം നമ്മുക്ക് വെളിപ്പെടുത്തുകയുള്ളൂ. ശിശുക്കളെ പോലെ നിഷ്കളങ്കരായ മനസുള്ളവർക്കാണ് ദൈവരാജ്യത്തിന്റെ സത്യമറിയാനുള്ള വിളി ലഭിച്ചത്.ശിശുക്കളെ പോലെ നമ്മുടെ മനസ്സ് കളങ്കമില്ലാതെ കാത്തു സൂക്ഷിക്കണം.

***യേശു പ്രഖ്യാപിച്ചു; സമയം പൂർത്തിയായി, ദൈവരാജ്യം സമീപിച്ചിരിക്കുന്നു. അനുതപിച്ച് സുവിശേഷത്തിൽ വിശ്വസിക്കുവിൻ മർക്കോസ് 1:15***

യേശു ഇത് പ്രഖ്യാപിക്കുക മാത്രമല്ല,ഭൂമിയിൽ ദൈവരാജ്യം സ്ഥാപിക്കാനായി തന്റെ ജീവിതം ത്യാഗം ചെയ്തു.ദൈവരാജ്യത്തിന്റെ മൂല്യങ്ങൾക്ക് എതിരെ ഉള്ള എല്ലാ പ്രതിസന്ധികളുടെയും മദ്ധ്യേ ദൈവരാജ്യം ഈ ഭൂമിയിൽ കൊണ്ടു വരാനായി യുവജനങ്ങൾ പരിശ്രമിക്കണം.പ്രാർത്ഥനയിലൂടെ ദൈവരാജ്യത്തിന്റെ സുവിശേഷം നേടിയെടുക്കാനും,നേടിയെടുത്ത സുവിശേഷം ക്രിസ്തുവിനെ അറിയതവർക്കും, ക്രിസ്തുവിൽ നിന്ന് അകന്നു പോയവർക്കും പകർന്ന് കൊടുക്കുന്ന, ധീര പ്രേഷിതരാവാൻ യുവജനങ്ങൾക്ക് സാധിക്കട്ടെ. ഇന്നത്തെ ചുറ്റുപാടുകളിൽ എല്ലാ പ്രതിസന്ധികളെയും പ്രതിരോധിക്കുന്ന ക്രൈസ്തവ മൂല്യങ്ങൾ ഉയർത്തിപ്പിടിക്കാം. അങ്ങനെ ധീരതയോടെ യുവജനസഭ മുന്നേറട്ടെ!.

www.malankaralibrary.com

# എം.സി.വൈ.എം പ്രവർത്തനത്തിൽ യുവതികളുടെ പങ്ക്...



*ദൈവം ആദിയിൽ മനുഷ്യനെ പുരുഷനും സ്ത്രീയുമായി സൃഷ്ടിച്ചു. ആദ്യ സൃഷ്ടി എന്ന മഹിമയിൽ ഈ കാലമത്രയും ഒരു വിശേഷ അധികാരം പുരുഷന്മേൽ ഉണ്ടായിരുന്നു. എന്നാൽ ക്രിസ്തുവിൽ സ്ത്രീയും പുരുഷനും തുല്യരാണ്. ആ തുല്യത സഭയുടെ പ്രവർത്തനങ്ങളിൽ ഉടനീളം വലിയ മാറ്റങ്ങൾ സൃഷ്ടിക്കും. മലങ്കര കത്തോലിക്കാ സഭയെ സംബന്ധിച്ചിടത്തോളം യുവതി യുവാക്കളേവരും നേതൃത്വനിരയിലേക്ക് കടന്നുവരുന്നത് എം.സി.വൈ.എം എന്ന സംഘടനയിലൂടെയാണ്. ഇവിടെ ആൺ പെൺ വ്യത്യാസങ്ങളോ മാറ്റിനിർത്തലുകളോ ഇല്ല. പകരം സഭയോടും സഭാ പിതാക്കന്മാരോടും ചേർത്ത് നിർത്തി സഭയ്ക്കും സമൂഹത്തിനും നന്മയുള്ള നാളെകളെ സമ്മാനിക്കുകയാണ് ഇതിലൂടെ ചെയ്യുന്നത്.*

*മലങ്കര കത്തോലിക്കാ സഭയുടെ പാരമ്പര്യം അത് കാത്തുസൂക്ഷിക്കുന്ന പരിശുദ്ധത എല്ലാം മാർ ഇവാനിയോസ് എന്ന ദീർഘദർശിയുടെ സഭാദർശനങ്ങളാണ്. പുരുഷന്മാർക്ക് ഒപ്പമോ അതിലുപരിയോ ആയി ആത്മാക്കളെ നേടുന്നതിനും പുണ്യ പ്രവർത്തികളിൽ സ്വയാർപ്പണം ചെയ്യുന്നതിനും സ്ത്രീക്കുള്ള കഴിവും സന്നദ്ധതയും മനസ്സിലാക്കിയ ആ വിശ്വാസ സ്നേഹി സ്ത്രീകളുടെ വിദ്യാഭ്യാസ പുരോഗതിയിൽ അതീവ ശ്രദ്ധ പുലർത്തി. അവിടുന്ന് ഈ കാലം വരെയും ഈ നിലപാടുകളിലോ പ്രവർത്തനങ്ങളിലോ സഭ മാറ്റം വരുത്തിയിട്ടില്ല എന്നുള്ളതാണ് ഏറെ പ്രശംസനീയം.*

*കേരള സഭാ ചരിത്രത്തിൽ എം.സി.വൈ.എം എന്ന യുവജന സംഘടനയോളം പ്രവർത്തന നിരതരായിരിക്കുന്ന വേറൊരു പ്രസ്ഥാനം ഇല്ലെന്ന് തന്നെ പറയാം. മുണ്ടൻ മലയിൽ ഇറങ്ങി വന്ന മഹാ താപസവര്യൻ കാണിച്ച് തന്ന മാർഗ്ഗം തലമുറകളിലൂടെ ജീവരക്തം പേറുന്ന സിരകളിലൂടെ മറ്റുള്ളവർക്ക് പങ്കുവെക്കുകയാണ് ഇവിടെ. ഒരുമിച്ച് ഒന്നായി നടന്നു നീങ്ങുന്ന യുവജന സഭ എന്നതാണ് നമ്മുടെ പ്രത്യേകത. ഇവിടെ വലിപ്പചെറുപ്പങ്ങളില്ല, വർഗ്ഗ വർണ്ണ വ്യത്യാസങ്ങൾ ഇല്ല.ഉൾക്കാഴ്ചകളിലെ ആത്മീയതയും മനസ്സ് നിറയുന്ന നന്മയും സമൂഹത്തോടും സഭയോടുള്ള പ്രതിബദ്ധതയും മാത്രമേ യുവജനങ്ങൾക്ക് ആവശ്യമായിട്ടുള്ളൂ.*

*മലങ്കര കത്തോലിക്കാ സഭയിലെ യുവജനങ്ങളെ ചേർത്ത് നിർത്തി അവരുടെ കഴിവുകളെ പരിപോഷിപ്പിച്ച് നേതൃത്വം നിരയിലേക്ക് എത്തിക്കുക എന്നതാണ് എം.സി.വൈ.എം.ന്റെ ലക്ഷ്യം. സംഘടനയുടെ വിവിധ മേഖലകളിൽ യുവതി യുവാക്കന്മാർ പ്രവർത്തിക്കുന്നുണ്ട്. പന്ത്രണ്ടാം പിയൂസ് മാർപാപ്പയുടെ കാലത്ത് സഭാ സ്ത്രീകളെപ്പറ്റി നടത്തിയ പഠനങ്ങൾ സ്ത്രീകൾക്ക് പ്രത്യേക പരിഗണന നൽകുന്നതായിരുന്നു. സഭയിൽ യുവതികളുടെയും സ്ത്രീകളുടെയും സ്ഥാനത്തെ കുറിച്ചും സ്ത്രീ പുരുഷ സമത്വത്തെ കുറിച്ചും അദ്ദേഹം നൽകിയ കാഴ്ചപ്പാടുകളിലൂടെയാണ് യുവജനസഭ മുന്നോട്ടുപോകുന്നത്. അതിനാൽ തന്നെ സഭാതലത്തിലും രൂപത തലത്തിലും പ്രവർത്തന മേഖലകളിൽ യുവതികൾ കർമ്മനിരതരാണ്.*

**ജിഷാ ജോസ്**
(കെ.സി.വൈ.എം സംസ്ഥാന സിൻഡിക്കേറ്റ്)

www.malankaralibrary.com



# ഇത്രയോളം ഞങ്ങളെ നടത്തിയ സ്നേഹത്തിനും, കരുതലിനും, കാരുണ്യവാനായ ദൈവത്തിന് സ്തുതി.!

MCYM ഭദ്രാസന സമിതിയുടെ ഒരു പ്രവർത്തന കാലയളവ് കൂടി പര്യവസാനിച്ചിരിക്കുന്നു. കൊഴിഞ്ഞ് വീണ രണ്ട് വർഷങ്ങൾ കേവലം ഒരു യുവജന പ്രസ്ഥാനം എന്ന നിലയ്ക്കപ്പുറം സഭയുടെ നെടുംതൂണായി മാറ്റപ്പെടുവാൻ നമ്മുക്ക് സാധിച്ചിട്ടുണ്ട് എന്നതിനെ നിറഞ്ഞ മനസോടെ ഓർക്കുന്നു. മർഗദീപങ്ങളായി മുന്നേ നടന്നവരെ, ചേർത്ത് നിർത്തിയവരെ, വീഴ്ചകളിൽ താങ്ങയവരെ സ്നേഹപൂർവ്വം ഈ അവസരത്തിൽ ഓർക്കുന്നു. ഞങ്ങൾക്ക് മുന്നേ ഈ പ്രസ്ഥാനത്തെ ഹൃദയത്തിലേറ്റിയവർ, ഈ പ്രസ്ഥാനത്തിന് ഊടും പാവും നൽകിയവർ, അവർ പകർന്ന് നൽകിയ പോരാട്ടവീര്യത്തെ, പ്രവർത്തന പാരമ്പര്യത്തെ സിരകളിൽ ഊർജമായി സ്വീകരിച്ചാണ് ഞങ്ങൾ ഈ പ്രസ്ഥാനത്തെ കഴിഞ്ഞ രണ്ട് വർഷക്കാലം പത്തനംതിട്ട ഭദ്രാസനത്തിൽ നയിച്ചത്.

MCYM എന്ന യുവജന പ്രസ്ഥാനത്തെ അനുദിനം മുന്നോട്ട് നയിക്കുന്ന അൾത്താരയിൽ ഞങ്ങൾക്കായി മനമുരുകി പ്രാർത്ഥിക്കുന്ന ഞങ്ങളുടെ നല്ല ഇടയൻ സാമുവേൽ മാർ ഐറോനിയോസ് പിതാവിനും, കരുത്തും കാവലുമായി കൂടെയുണ്ടായിരുന്ന മാർ ക്രിസോസ്റ്റം പിതാവിനും ഹൃദയത്തിൽ നിന്നും നന്ദി. ഒപ്പം ഈ കാലയളവിൽ മാർഗ്ഗദർശികളായി കൂടെയുണ്ടായിരുന്ന വികാരി ജനറാൾ വന്ദ്യ വർഗീസ് കാലായിൽ അച്ചൻ, മുൻ വികാരി ജനറാൾ വന്ദ്യ ഷാജി മാണിക്കുളം അച്ചൻ, യുവജന സഭയെ എന്നും ഹൃദയത്തിലേറ്റിയ യുവജനങ്ങൾക്ക് ഏറെ പ്രിയപ്പെട്ട പ്രൊക്യുറേറ്റർ ജിൻസച്ചൻ, പത്തനംതിട്ട ഭദ്രാസനത്തിലെ വൈദിക ശ്രേഷ്ഠർ, സന്യസ്തർ ഏവർക്കും നന്ദി

ഒരു കുഞ്ഞിനെ എന്നപോലെ ഈ പ്രസ്ഥാനത്തെ വളർത്തി നെഞ്ചോട് ചേർത്ത് നിർത്തി, യുവജനങ്ങളുടെ സ്പന്ദനം മനസിലാക്കി ആടാനും, പാടാനും, പ്രാർത്ഥിക്കാനും, പ്രതിഷേധിക്കാനും, മാർഗ്ഗ നിർദ്ദേശങ്ങളുമായി ഞങ്ങൾക്ക് ഒപ്പം നടന്ന ഭദ്രാസന ഡയറക്ടർ ജോബച്ചൻ, പ്രവർത്തന വീഥിയിൽ കൂടുതൽ ആവേശം പകർന്ന് നൽകിയ അസിസ്റ്റന്റ് ഡയറക്ടർ റവ സ്കോട്ട് സ്ലീബാ പുളിമൂടൻ ഞങ്ങൾക്ക് വാൽസല്യവും പിന്തുണയുമായി കൂടെ നിന്ന ആദ്യ ഒരു വർഷകാലത്തെ ആനിമേറ്റർ സിസ്റ്റർ ഹൃദ്യ എസ്.ഐ.സി. അതിന് ശേഷം സമിതിയുടെ ഭാഗമായ സിസ്റ്റർ ജോവാൻ എസ്.ഐ.സി. വലിയ ഒരു മഹാമാരിയിൽ നിന്ന് സമൂഹം അതിജീവനത്തിന്റെ പാതയിലായിരുന്ന കാലഘട്ടത്തിൽ പ്രസ്ഥാനത്തിന്റെ അധ്യക്ഷപദത്തെ സധൈര്യം ഏറ്റെടുത്ത്, അടിപതറാത്ത പ്രവർത്തന പാടവം കൊണ്ടും, നേതൃസ്ഥാനത്തുള്ള അനുഭവ സമ്പത്തുകൊണ്ടും ഈ പ്രസ്ഥാനത്തെ മുന്നോട്ടു നയിച്ച്, ചരിത്രത്തിന്റെ ഭാഗമാകേണ്ട അനേകം മുഹൂർത്തങ്ങൾക്കും തുടക്കങ്ങൾക്കും നേതൃത്വം നൽകിയ യുവജന നേതാവ്, ഈ സമിതിയുടെ പ്രസിഡന്റ് അജോഷ് എം തോമസ്, സംഘടനാ സംവിധാനത്തെ കൃത്യമായ ചലിപ്പിച്ച് യുവജനങ്ങൾക്ക് ആവേശവുമായി പ്രവർത്തന വീഥിയിൽ ഉറച്ച നിലപാടുകളുമായി നിലകൊണ്ട ജനറൽ സെക്രട്ടറി ബിബിൻ എബ്രഹാം, പ്രസ്ഥാനത്തിന്റെ പ്രവർത്തനങ്ങളെ ലക്ഷ്യപ്രാപ്തിയിൽ എത്തിക്കുവാൻ അഹോരാത്രം എം.സി.വൈ.എം. എന്ന ഒറ്റ വികാരമായി നിലകൊണ്ട സമിതി അംഗങ്ങൾ, പത്തനംതിട്ട ഭദ്രാസനത്തിലെ യുവജന സഭയ്ക്ക് കരുത്തായി, ചേർന്നുനിൽക്കാനും ചേർത്തുനിർത്താനും പ്രവർത്തന വീഥിയിൽ കൂടെയുണ്ടായിരുന്ന 5 വൈദിക ജില്ലകളിലെ ഡയറക്ടർ അച്ചന്മാർ, സിസ്റ്റർ ആനിമേറ്റേഴ്സ്, പ്രസിഡന്റ്, സെക്രട്ടറിമാർ മറ്റ് ഭാരവാഹികൾ ഈ പ്രസ്ഥാനത്തിന്റെ മുഖമായി ഞങ്ങളുടെ ശക്തിയായി, ഈ പ്രസ്ഥാനത്തിന്റെ കരുത്ത് കാട്ടുവാൻ പിന്നിൽ അണിനിരന്ന മലങ്കരയുടെ യൗവന സ്പന്ദനങ്ങൾ എല്ലാവരെയും നന്ദിയോടെ ഈ അക്ഷരത്താളിലൂടെ ഹൃദയത്തിൽ കോറിയിടുന്നു. മറക്കില്ല ഒരു നാളും ഈ കരുതലിനെ, സ്നേഹത്തിനെ, കൂട്ടായ്മ അനുഭവത്തെ.

MCYM പ്രസ്ഥാനത്തിന് സഭാചരിത്രത്തിൽ എത്ര ഉന്നതമായ സ്ഥാനമാണുള്ളത് എന്നതിന്റെ നേർസാക്ഷികളാണ് നമ്മൾ. മലങ്കര കത്തോലിക്കാ സഭയുടെ യുവജന പ്രസ്ഥാനം ഹൃദയങ്ങളിലാണ് വളരുന്നത്. അനുദിന ജീവിത ഇടങ്ങളിൽ ദൈവിക സാന്നിധ്യം തേടേണ്ടത് ദൈവാലയത്തിൽ തന്നെയായിരിക്കണം. ആ ദൈവാലയത്തോടെ ചേർന്നു നിൽക്കുവാൻ ശുശ്രൂഷിക്കുവാൻ പ്രവർത്തിക്കുവാനുള്ള വിളിയാണ് എം.സി.വൈ.എം എന്ന പ്രസ്ഥാനത്തിലൂടെ നമുക്ക് ലഭിക്കുന്നത്.

സിരകളിൽ വീര്യം നുരയുന്നു യുവജനശക്തി തരംഗമായി ഈ മൂവർണ്ണകൊടികീഴിൽ നമുക്ക് ചേർന്ന് നിൽക്കാം.... അനേകരെ ചേർത്ത് നിർത്തി നാം അറിഞ്ഞ നാം അനുഭവിച്ച ക്രിസ്തുവിനെ പകർന്നു നൽകാം. ജയ് MCYM

ലിജോ ഫിലിപ്പ്
(ഭദ്രാസന ട്രഷറാർ)

www.malankaralibrary.com



www.malankaralibrary.com

Achens
SINCE 1987

SINCE 1987

ACHENS
EVENTS & CATERERS

94475 63730, 90744 80211 88482 54483

MYLAPRA, PATHANAMTHITTA

achensfoods@gmail.com

The best quality premium caterers

We make you a proud owners of an exclusive properties



ACHENS
PROPERTIES
MYLAPRA, PATHANAMTHITTA

94475 63730, 90744 80211, 88482 54483

നിങ്ങൾക്ക് വസ്തുക്കൾ വാങ്ങുവാനും വിൽക്കുവാനും ഏറ്റവും നല്ല ഒരിടം

REAL PRINT
മുത്തൂറ്റ് മിനി തീയറ്ററിന് പുറകുവശം, പത്തനംതിട്ട
98 4783 0713 | 89 2116 5040

BANNERS | ACRYLIC SIGNBOARDS | BACKLIGHT BOARDS | LASER PRINTING
OFFSET PRINTING | MEMENTOS | ID CARDS | MUG PRINTING


മലങ്കര കാത്തലിക് യൂത്ത് മൂവ്മെന്റ്
പത്തനംതിട്ട ഭദ്രാസനം
EPIC
ഭദ്രാസന
യുവജന
സംഗമം
നന്ദി
മലങ്കര കാതലിക്
യൂത്ത് മൂവ്മെന്റ്
പത്തനംതിട്ട ഭദ്രാസസന സമിതി
2022–23
www.malankaralibrary.com